കുഞ്ചൻ നമ്പ്യാർ

# കല്യാണ സൌഗന്ധികം

(ശീതങ്കൻ തുള്ളൽ)

TEXT
WITH NOTES
&
QUESTION BANK MODEL

QUESTIONS AND ANSWERS

Digitized By Kerala Sahitya Akademi

# കല്യാണസൗഗന്ധികം

## (ശീതങ്കൻ തുള്ളൽ)

WITH
INTRODUCTION, NOTES
&
QUESTION BANK MODEL
QUESTIONS AND ANSWERS

By
വി. കെ. എഴുത്തച്ഛൻ, എം. എ.,
എൻ. എസ്സ്. എസ്സ്. കോളേജ്,
ഒററപ്പാലം_3

PRICE : Rs. 3-00

AJITH BOOK CENTRE
P. O.KANNIYAMPURAM :: OTTAPALAM-679104

Digitized By Kerala Sahitya Akademi

# ഉള്ളടക്കം


| | | |
|---|---|---|
| അവതാരിക | .... | 1—35 |
| കല്യാണസൗഗന്ധികം (തുള്ളൽ) | ... | 36—87 |
| പദാൎത്ഥസൂചി—ചോദ്യങ്ങൾ | .... | 88—118 |


Digitized By Kerala Sahitya Akademi

# അവതാരിക

## കുഞ്ചൻനമ്പ്യാർ

മലയാളികരം അഭിമാനപൂർവ്വം സ്മരിക്കുന്ന മഹാകവിക ളിൽ അദ്വിതീയനാണു് രസികാഗ്രണിയായ കുഞ്ചൻനമ്പ്യാർ സ്വന്തം ജന്മഭൂമിയായ കേരളത്തിൻെറ പ്രകൃതിസൗന്ദര്യത്തേയും അവിടത്തെ സമൂഹത്തിൽ നടമാടിയിരുന്ന വിവിധങ്ങളായ ധർമ്മ ഭ്രംശങ്ങളേയും സുന്ദരമായും ശക്തമായും സ്വകവിതകളിൽ ആവി ഷ്കരിക്കുകയും വിമർശിക്കുകയും ചെയ്ത മറെറാരു കവിയെ കുഞ്ച നു മുമ്പു കേരളം കണ്ടിട്ടില്ല. തുള്ളലെന്ന ദൃശ്യകലയ്ക്കു രൂപം ന ല്കിയ അദ്ദേഹം സാഹിത്യഭംഗി തുളുമ്പുന്ന നിരവധി തു ള്ളൽകൃതികളുടെ കർത്താവുകൂടിയാണു്.

ലക്കിടി തീവണ്ടിയാപ്പീസിന്നടുത്തുള്ള കിള്ളിക്കുറിശ്ശിമംഗ ലം എന്ന പ്രദേശത്തെ കലക്കത്തു് എന്ന വീട്ടിൽ കൊല്ലവർഷം 880-ാംമാണ്ടിടയ്ക്കു് (A. D. 1705) നമ്പ്യാർ ഭൂജാതനായി. അ ദ്ദേഹത്തിൻെറ അച്ഛൻ കിടങ്ങൂർക്കാരനായ ഒരു നമ്പൂതിരിയാ യിരുന്നുവെന്നും അതല്ല, കിടങ്ങൂർകാരൻതന്നെയായ ഒരു നമ്പ്യാ രായിരുന്നുവെന്നും രണ്ടഭിപ്രായം നിലവിലുണ്ടു്. കിടങ്ങൂരുമായു ള്ള ബന്ധം ഏതുതരത്തിലുള്ളതായിരുന്നാലും, അതാണു് അമ്പല പ്പുഴയും തിരുവനന്തപുരവുമായി തൻെറ ജീവിതത്തെ ബന്ധിപ്പി ക്കുവാൻ നമ്പ്യാർക്കു പ്രയോജനപ്പെട്ടിരിക്കുക എന്നു് അനുമാനി ക്കാവുന്നതാണു്.

നമ്പ്യാരുടെ യഥാർത്ഥനാമധേയം എന്തായിരുന്നുവെന്നു ആ ർക്കും അറിഞ്ഞുകൂടാ—കുഞ്ചൻ എന്നതു് ഓമനപ്പേരായിരുന്നുവെ

Digitized By Kerala Sahitya Akademi

ന്നു് അഭിപ്രായപ്പെടുന്നവരുണ്ടു്. ആററൂർ മുതലായവർ കൃഷ്ണൻ എന്നായിരുന്നു നമ്പ്യാരുടെ പേരെന്നു പറയുന്നു. കിള്ളിക്കുറിശ്ശി ക്ഷേത്രത്തിലെ ബലിക്കൽപ്പുര പുതുക്കിപ്പണി ചെയ്യിച്ചതു നമ്പ്യാരാണെന്നും അവിടെ രേഖപ്പെടുത്തിയിട്ടുള്ള തത്സംബന്ധിയായ ശ്ലോകത്തിൽനിന്നു് അദ്ദേഹത്തിൻെറ പേർ 'രാമ'നെന്നാണെന്നും പുതിയൊരഭിപ്രായം ഉയൎന്നുവന്നിട്ടുണ്ടു്.

"ശ്രീബലിപ്രസ്തരശ്ശംഭോ
ശ്രീശുകാലയവാസിനഃ
രാമേണപാണിവാദേന
കാരിതോ ഭൂതയേ ധ്രുവം."

മൂന്നാംവരിയിലെ രാമപാണിവാദൻ (രാമൻനമ്പ്യാർ) കുഞ്ചനാണെന്നു പറയപ്പെടുന്നു.

നമ്പ്യാരുടെ കൃതികളെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന ശ്രീകൃഷ്ണചരിതം മണിപ്രവാളം, രുഗ്മാംഗദചരിതം കിളിപ്പാട്ടു്, പഞ്ചതന്ത്രംകിളിപ്പാട്ടു് നളചരിതംകിളിപ്പാട്ടു് എന്നീ കൃതികളുടെ താളിയോലപ്പകർപ്പുകളിൽ അവ രാമപാണിവാദനാൽ രചിക്കപ്പെട്ടവയാണെന്നുള്ളതിനു ചില സൂചനകളുണ്ടെന്നു ഗവേഷകന്മാർ അഭിപ്രായപ്പെടുന്നു. ഈ വസ്തുതകൾ മുൻനിൎത്തി നോക്കുമ്പോൾ നമ്പ്യാരുടെ ശരിയായ പേരു് രാമൻ എന്നായിരുന്നുവെന്നു് ന്യായമായും അനുമാനിക്കാം.

നമ്പ്യാരുടെ ബാല്യവിദ്യാഭ്യാസം സ്വഗൃഹത്തിൽവെച്ചുതന്നെയാണു് നടന്നതെന്നും, ആദ്യഗുരു സ്വമാതുലനായ രാഘവൻനമ്പ്യാരായിരുന്നുവെന്നും തുടൎന്നുള്ള ഉപരിപഠനം തൃക്കാരമൺഇല്ലത്തെ നാരായണഭട്ടതിരിയുടെ അടുത്തുനിന്നായിരുന്നുവെന്നും മഹാകവി ഉള്ളൂർ പ്രസ്താവിച്ചിരിക്കുന്നു. അച്ഛനോടൊന്നിച്ചു് അമ്പലപ്പുഴെ എത്തിച്ചേൎന്ന നമ്പ്യാർക്കു നന്ദിക്കാട്ടു് ഉണ്ണിരവികുറുപ്പു്, ദ്രോണമ്പള്ളി നായ്ക്കർ, തെക്കേടത്തു ഭട്ടതിരി എന്നീ ഗുരുവരന്മാരുടെ കീഴിൽ വിദ്യാഭ്യാസം ചെയ്യാനുള്ള സന്ദർഭവും സൗഭാഗ്യവും

Digitized By Kerala Sahitya Akademi

സിദ്ധിച്ചു. തന്റെ പല കൃതികളിലും നമ്പ്യാർ ഇവരെ ഭക്ത്യാദരപൂർവ്വം സ്മരിക്കുന്നുണ്ടു്. തെക്കേടത്തുഭട്ടതിരിയുമായുള്ള പരിചയംമുഖേനയാണു് നമ്പ്യാർക്കു ചെമ്പകശ്ശേരിക്കൊട്ടാരത്തിൽ പ്രവേശനം സിദ്ധിച്ചതെന്നുകൂടി കരുതപ്പെടുന്നു.

കേരളത്തിലെ പല നാടുവാഴികളേയും പ്രഭുക്കന്മാരേയും ആശ്രയിച്ചു നമ്പ്യാർ ജീവിച്ചിരുന്നതായി കരുതാം. തന്റെ കവിത്വത്തിനു വളരുവാൻ പറ്റിയ അനുകൂലസാഹചര്യങ്ങൾ അവിടങ്ങളിലൊന്നും അദ്ദേഹത്തിനു് അനുഭവപ്പെട്ടിരിക്കാൻ ഇടയില്ല. അതുകൊണ്ടാവാം അവരെയെല്ലാം വിട്ടു് അദ്ദേഹമൊടുവിൽ അമ്പലപ്പുഴയും തിരുവനന്തപുരവും എത്തിച്ചേർന്നതു്. ഇങ്ങനെ ദേശസഞ്ചാരംകൊണ്ടു് സമ്പന്നമായിത്തീർന്ന ജീവിതാനുഭവജ്ഞാനം ഗ്രന്ഥവിജ്ഞാനവുമായി കൂട്ടിയിണക്കി പുതിയൊരു കാവ്യശൈലി വാർത്തെടുക്കാൻ നമ്പ്യാർക്കു ശക്തി നല്കിയിരിക്കണം. തുള്ളലുകളിൽ വർണ്ണിച്ചിട്ടുള്ള കൊട്ടാരങ്ങളിലെയും പ്രഭുകുടുംബങ്ങളിലെയും ജീവിതവും, സേവനപ്പരിഷകളുടെ ഉപജാപകവൃത്തിയും, നമ്പ്യാരുടെ അനുഭവങ്ങളായിത്തന്നെ കരുതുന്നതിൽ അപാകതയില്ല.

അമ്പലപ്പുഴജീവിതം എല്ലാതരത്തിലും നമ്പ്യാർക്കു് അനുകൂലവും, സുഖപ്രദവുമായിരുന്നു. തെക്കേടത്തുഭട്ടതിരി, മാത്തൂർപണിക്കർ മുതലായ പല പ്രമുഖന്മാരും നമ്പ്യാരുടെ ഗുണകാംക്ഷികളായിരുന്നു. ചെമ്പകശ്ശേരിരാജാവു് നമ്പ്യാരുടെ കവിതാവാസനയെ സ്നേഹവാത്സല്യങ്ങളോടെ പ്രോത്സാഹിപ്പിച്ചുപോന്നു. ഈ അനുകൂലസാഹചര്യത്തിലാണു് നമ്പ്യാർ തുള്ളലെന്ന പുതിയ ദൃശ്യകലാരൂപത്തിനു ജന്മം നല്കിയതു്. കല്യാണസൗഗന്ധികം തുടങ്ങി പല തുള്ളൽകൃതികളും നമ്പ്യാർ ഇവിടെവെച്ചാണു് വിരചിച്ചതു്.

കൊല്ലവർഷം 929-ൽ മാർത്താണ്ഡവർമ്മമഹാരാജാവു് ചെമ്പകശ്ശേരിരാജ്യം കീഴടക്കി തിരുവിതാംകൂറിനോടു ചേർത്തപ്പോൾ നമ്പ്യാർ തിരുവനന്തപുരത്തേക്കു താമസമാക്കി. അദ്ദേഹം മാർത്താ

Digitized By Kerala Sahitya Akademi

ണ്ഡവർമ്മമഹാരാജാവിനേയും രാമവർമ്മമഹാരാജാവിനേയും ആശ്രയിച്ച പത്തുവർഷത്തിലധികം തിരുവനന്തപുരത്തു താമസിച്ചു. ഈ രണ്ടു മഹാരാജാക്കന്മാരിൽനിന്നും അളവററ പ്രോത്സാഹനവും സ്ഥാനമാനങ്ങളും സമ്മാനങ്ങളും നമ്പ്യാക്ക ലഭിച്ചിട്ടുണ്ട്. ഇക്കാലത്തും ധാരാളം തുള്ളൽകൃതികൾ അദ്ദേഹം നിർമ്മിച്ചു.

കൊല്ലവർഷം 940നോടടുത്ത കാലത്തു നമ്പ്യാർ തിരുവനന്തപുരത്തോടു യാത്രപറഞ്ഞു് അമ്പലപ്പുഴയ്ക്കുതന്നെ മടങ്ങിവന്നു. അവിടെ സ്ഥിരതാമസമാക്കി. പിന്നീടദ്ദേഹം അധികകാലം ജീവിച്ചിരുന്നില്ല എന്നു പറയപ്പെടുന്നു. പേപ്പട്ടിവിഷംബാധിച്ചു ചികിത്സയിലായിരുന്ന കാലത്തു പത്ഥ്യംതെററിച്ചു സദ്യയുണ്ടതിനാലാണെന്നു പറയുന്നു നമ്മുടെ മഹാകവി പേയിളകി കൊല്ലം 945ന്നടുത്തു (A. D. 1770) ഇഹലോകവാസം വെടിഞ്ഞു.

അമ്പതോളം തുള്ളൽകൃതികൾ നമ്പ്യാരുടേതായിട്ടുണ്ട്. അതിനുപുറമെ ശ്രീകൃഷ്ണചരിതംമണിപ്രവാളം, നളചരിതം കിളിപ്പാട്ട്, പഞ്ചതന്ത്രം പതിനാലുവൃത്തം, ശീലാവതി എന്നിവയും അദ്ദേഹത്തിൻേറതാണെന്നു വിശ്വസിച്ചുവരുന്നു. പലതിലും തുള്ളലുകളിലെ ആശയം പ്രതിഫലിച്ചുകാണുന്നതും കിള്ളിക്കുറിശ്ശിമഹാദേവനെ സ്തുതിച്ചുകാണുന്നതുമാണ് ഈ കൃതികൾ നമ്പ്യാരുടേതാണെന്ന ഊഹത്തിന്നടിസ്ഥാനം.

ജന്മസിദ്ധമായ രസികത്തവും ഫലിതപരിഹാസചാതുരിയും നമ്പ്യാരുടെ സ്വകാര്യജീവിതത്തിലും നിറഞ്ഞുതുളുമ്പിനിന്നിരുന്നു. അദ്ദേഹത്തിൻെറ ജീവിതവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നിരവധി കഥകൾ അതിനുദാഹരണങ്ങളാണ്. മുഖസ്തുതിക്കാരും പണക്കൊതിയന്മാരുമായ കവികൾ എഷണി തൊഴിലാക്കി നടക്കുന്ന നമ്മസചിവന്മാർ എന്നുവേണ്ട കൊള്ളരുതായ്മകാട്ടി നടക്കുന്ന സർവ്വസമൂഹദ്രോഹികളേയും തരംകിട്ടിയേടത്തുവെച്ചെല്ലാം നമ്പ്യാർ കണക്കിനു കളിയാക്കിവിട്ടിരുന്നു. 'ദീപസ്തംഭം മഹാശ്ചര്യം' "ചഞ്ചാരയുടെ കഷ്ണ് എനിക്കിഷ്ടമാണു്" കാതിലോല ന

Digitized By Kerala Sahitya Akademi

ല്ലതാളി" "കരി കലക്കിയ കുളം, കളഭം കലക്കിയ കുളം" എന്നി വയെ അടിസ്ഥാനപ്പെടുത്തിയുള്ള സംഭവകഥകൾ നമ്പ്യാരുടെ നർമ്മബോധത്തിനും ധർമ്മബോധത്തിനും രസികത്തിനും മികച്ച ദർശനങ്ങളാണ്. കാലത്തെ അതിജീവിക്കുന്ന മികച്ച ജീവിത മൂല്യമുള്ള കൃതികളാണ് തുള്ളലുകൾ എന്ന കാര്യത്തിൽ ആർക്കും രണ്ടഭിപ്രായമില്ല.

## തുള്ളൽപ്രസ്ഥാനം

മലയാളത്തിലെ മഹത്തായ സാഹിത്യപ്രസ്ഥാനങ്ങളിൽ പ്രമുഖസ്ഥാനമാണ് തുള്ളലിനുള്ളത്. അതിൻെറ ഉപജ്ഞാതാവായ കുഞ്ചൻനമ്പ്യാരാകട്ടെ മലയാളത്തിലെ ആദ്യത്തെ ജനകീയ കവിയുമാണ്. ലളിതകോമളമായ ഭാഷാശൈലിയും നിറഞ്ഞുതുളുമ്പുന്ന ഫലിത പരിഹാസങ്ങളും, ശക്തമായ സാമൂഹ്യ വിമർശനവും, സമാകർഷകമായ കേരളീയതവും തുള്ളലിനെ സാമാന്യജനങ്ങളുമായി കൂട്ടതൽ അടുപ്പിച്ചു. ക്ഷേത്രകലകളിൽ ഈ ദൃശ്യകലയോളം ജനങ്ങളെ രസിപ്പിക്കാൻ കൂത്തിനോ, കൂടിയാട്ടത്തിനോ, കഥകളിക്കോ കഴിഞ്ഞിട്ടില്ല എന്നതാണ് പരമാർത്ഥം.

അമ്പലപ്പുഴ ഉത്സവക്കാലത്തൊരിക്കൽ ചാക്യാർകൂത്തിനു മിഴാവു കൊട്ടുവാൻ മുട്ടുശാന്തിക്കാരനായി കുഞ്ചൻനമ്പ്യാൎക്ക് പ്രവർത്തിക്കേണ്ടി വന്നു. പരിചയക്കുറവു നിമിത്തമോ, കൂത്തിൻെറ വിരസത നിമിത്തം ഉറക്കം തൂങ്ങിയതിനാലോ നമ്പ്യാൎക്ക് താളം പിഴച്ചു. കോപം വന്ന പരിഹാസപ്രിയനായ ചാക്യാർ നമ്പ്യാരെ ആ നിറഞ്ഞ സദസ്സിൽ വെച്ചു കണക്കിനു കളിയാക്കിവിട്ടു. മാനഹാനി സംഭവിച്ച നമ്പ്യാർ ഇതിനു പകരം വീട്ടേണമെന്നു നിശ്ചയിച്ചു. അന്നു രാത്രി "കല്യാണസൗഗന്ധികം" നിർമ്മിച്ച് പിറെറ ദിവസം ഉചിതവേഷവിധാനങ്ങളോടു കൂടി ക്ഷേത്രത്തി

Digitized By Kerala Sahitya Akademi

ന്റെ മറെറാരു ഭാഗത്ത് അവതരിപ്പിച്ചു. കാന്നികാം ചാക്യാരെ വിട്ട് തുള്ളലു കാണ്മാനെത്തി. അങ്ങിനെ ചാക്യാർ വിഡ്ഢിയായി. തുള്ളലിന്റെ ഉത്ഭവത്തെക്കുറിച്ച് ഇങ്ങിനെ ഒരൈതിഹ്യം പ്രചാരത്തിലുണ്ട്.

ഒരൊററ രാത്രികൊണ്ട് ഒരു പുതിയ ദൃശ്യകലാരൂപം തയ്യാറാക്കി എന്ന് ആരു പറഞ്ഞാലും വിശ്വസിക്കാൻ പ്രയാസമാണ്. ചാക്യാർകൂത്തിന്റെ ആവർത്തനവിരസമായ അവതരണം സഹൃദയനും പരിഹാസപ്രിയനുമായ നമ്പ്യാരെ പുതിയൊരു കലാരൂപത്തിന്റെ നിർമ്മാണത്തിന് പ്രേരിപ്പിച്ചിരിക്കാം. കൂത്തിന്റെ ജീവസ്സായ അംശങ്ങളൊന്നും വിട്ടുകളയാതെ താളമേളങ്ങളോടും സംഗീതത്തോടും കൂടി അതിനെ പുതിയ രൂപത്തിൽ എങ്ങിനെ അവതരിപ്പിക്കാമെന്ന് നമ്പ്യാർ ദീർഘകാലമായി ആലോചിച്ചിട്ടുണ്ടാവണം. അതിന്റെ സാക്ഷാൽക്കാരമാണ് ഈയൊരു നിസ്സാര സംഭവത്തിന്റെ പ്രത്യാഘാതമെന്നോണം ഉണ്ടായത്.

ചരിത്രപരമായി ചിന്തിക്കുമ്പോൾ നമ്പ്യാർ തുള്ളലിന്റെ പരിഷ്കർത്താവു മാത്രമാണെന്നു തെളിയും. കുട്ടനാടൻ പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള "പടയണി" എന്ന ആഘോഷത്തിലും, അമ്പലപ്പുഴയിലുള്ള "വേലകളി"യിലും തുള്ളലിന്റെ പ്രാകൃതമായ പൂർവ്വരൂപം കാണ്മാൻ കഴിയുന്നതാണ്. ഇവയിലെ നൃത്താംശവും നാട്യാംശവും ദ്രോണമ്പള്ളി ആചാര്യന്റെയും മററും സഹായത്തോടെ നമ്പ്യാർ പരിഷ്കരിച്ച് ചിട്ടപ്പെടുത്തിയിരിക്കണം. അങ്ങിനെ അതിനുവേണ്ട പ്രത്യേകതകളോടു കൂടിയ ഒരു സാഹിത്യം നമ്പ്യാർ വിരചിച്ചു. ഇത്രയും ചരിത്രപരമായി നമുക്ക് അനുമാനിക്കാവുന്ന വസ്തുതകളാണ്.

തനിക്കു മുമ്പുണ്ടായിരുന്ന സാഹിത്യപ്രസ്ഥാനങ്ങളിൽ നിന്നും, കൃതികളിൽ നിന്നും ആവശ്യമായതെല്ലാം നമ്പ്യാർ സ്വകൃതികളിലേക്ക് സ്വീകരിച്ചിട്ടുണ്ട്. തുള്ളലിലെ പ്രധാന വൃത്തമായ തരംഗിണി ഭാഷയിലെ ഒരു പ്രാചീനവൃത്തമാണ്. ചമ്പുക്ക

Digitized By Kerala Sahitya Akademi

ളിൽ ഇവ സുലഭമായി കാണാം. ശീതങ്കനിലെ "കാകളി" കിളിപ്പാട്ടുവൃത്തംതന്നെയാണ്. സംസ്കൃതത്തിലെ മല്ലികയാണ് പറയൻതുള്ളലിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ളത്. ഇവക്കെല്ലാം പുറമെ വക്ത്രം, സ്വാഗത, സുമംഗല, ശീതാഗ്രഃ കളകാഞ്ചി എന്നിവയെല്ലാം പഴയ വൃത്തങ്ങൾതന്നെയാണ്.

പരിഹാസത്തിലൂടെ സാമൂഹ്യവിമർശനം നടത്തുന്ന സമ്പ്രദായം നമ്പ്യാർ ചാക്യരിൽനിന്ന് സ്വീകരിച്ചതാണ്. വേഷവിധാനത്തിലും തുള്ളലിന് കൂത്തിനോട് കടപ്പാടുണ്ട്. ചുററുപാടുകളെ ചിത്രീകരിക്കുന്നതും സംഭവങ്ങൾക്കും, പാത്രങ്ങൾക്കും കേരളീയത്വം വരുത്തുന്നതും ചമ്പുക്കളിൽ അവിടവിടെ കാണാവുന്നതാണ്. പുരാണേതിഹാസപ്രസിദ്ധങ്ങളായ കഥകളെ ഉപാഖ്യാനങ്ങൾകൊണ്ടും മററും കൂടുതൽ ഹൃദ്യമാക്കുന്നതിൽ നമ്പ്യാർ സ്വല്പം സ്വാതന്ത്ര്യം ഉപയോഗിച്ചിട്ടുണ്ട്.

തുള്ളലിന് നമ്പ്യാർ നൽകിയ പ്രത്യേക സംഭാവനയെന്ത് എന്ന് ചിന്തിക്കാം. മുൻപറഞ്ഞ പടയണിയും വേലകളിയും ഉയർന്ന സമുദായക്കാർക്ക് ഇഷ്ടപ്പെട്ടിരുന്നില്ല. പാമരന്മാരുടെ വിനോദങ്ങളായ അവയിൽനിന്ന് തനിക്കാവശ്യമായവ തിരഞ്ഞെടുത്ത് അവയുടെ സംഗീതമാധുര്യവും ഗ്രാമീണകലാഭംഗിയും നഷ്ടപ്പെടാതെ പണ്ഡിതപാമരന്മാർക്കൊരുപോലെ രസിക്കുന്ന ലളിതകോമളശൈലിയിൽ താളമേളങ്ങളോടെ നമ്പ്യാർ പുരാണകഥകൾ അവതരിപ്പിച്ചു. കഥകളി ആസ്വദിക്കാൻ ആവശ്യമായ സാങ്കേതികപരിജ്ഞാനം തുള്ളലാസ്വാദിക്കാൻ വേണ്ട. നൃത്തം, അഭിനയം, വാദ്യം, സംഗീതം, എന്നിവയുടെ മേളനവും, പരിഹാസവും ഫലിതവും സാമൂഹ്യവിമർശനവും എല്ലാംകൂടി അവക്ക് പ്രത്യേകമായൊരാസ്വാദ്യത ഉണ്ടാക്കിത്തീർത്തു. കേരളീയസഹൃദയർ ഈ പുതിയ കലാരൂപത്തെ സഹർഷം സ്വാഗതംചെയ്തു.

അവതരണത്തിലും കഥകളിയുടെ വിഷമതകളൊന്നും തുള്ളലിനില്ല. വളരെ ലളിതമാണ്. നടനും ഒരു മദ്ദളക്കാരനും ക

Digitized By Kerala Sahitya Akademi

ഴിതാളക്കാരനും മാത്രമേ തുള്ളലിനു വേണ്ടു. നടൻതന്നെ പാട്ടു പാടും. പിന്നണിക്കാർ ഏററു പാടിക്കൊള്ളും. അതിനാകട്ടെ താളമൊപ്പിച്ചു പാടാനുള്ള കഴിവുമാത്രം മതിതാനും. നടന്റെ വേഷവിധാനം വളരെ ലളിതമാണ്. രംഗസജ്ജീകരണങ്ങളൊന്നും ആവശ്യമില്ല. പകലും രാത്രിയും തുള്ളൽ നടത്തുകയും ചെയ്യും. ഇങ്ങനെ അവതരണത്തിന്റെ കാര്യത്തിലും തുള്ളലിന് പുതുമയുണ്ടായിരുന്നു.

മുന്നിലിരിക്കുന്ന കാണികളെ ചൂണ്ടിക്കാട്ടി പരിഹസിക്കുന്ന ചാക്യാരുടെ സ്വഭാവം തുള്ളൽക്കാരൻ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തുള്ളൽക്കാരന്നു വ്യക്തിഭേദമില്ല. കാണികളെയെല്ലാം ചൂണ്ടി പരിഹസിക്കാറുണ്ടയാൾ. പിന്നെ ക്ഷേത്രത്തിന്നു പുറത്തും തുള്ളൽ നടത്താം. കൂത്തങ്ങിനെയല്ല.

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നു തുള്ളൽ മൂന്നു വിധത്തിലുണ്ട്. തുള്ളക്കാരന്റെ വേഷവിധാനത്തിൽ ഈ മൂന്നെണ്ണത്തിലും അല്പാല്പവ്യത്യാസം കാണാം. കവിതയെ സംബന്ധിച്ചിടത്തോളം ഇവയിലെ വൃത്തങ്ങൾക്കും വ്യത്യാസമുണ്ട്. കേരളത്തിലെ സാർവ്വജനീനമായ ഒരു ദൃശ്യകലാരൂപമെന്ന നിലയിൽ തുള്ളലിന് അദ്വിതീയസ്ഥാനമാണ് ഉള്ളതെന്നു തീർത്തുപറയാം.

# കല്യാണസൗഗന്ധികം (ശീതങ്കൻ തുള്ളൽ)

## 1. കല്യാണസൗഗന്ധികത്തിലെ കഥാവസ്തു

കുഞ്ചൻനമ്പ്യാർ

മഹാകവി കുഞ്ചൻനമ്പ്യാരുടെ ആദ്യത്തെ തുള്ളൽ കൃതിയാണ് കല്യാണസൗഗന്ധികം. പാണ്ഡവന്മാരുടെ വനവാസകാ

Digitized By Kerala Sahitya Akademi

ലത്തു നടന്ന ഇതിലെ കഥ മഹാഭാരതം വനപർവ്വതത്തിലുള്ള താണ്.

ദ്യൂതകളിയിൽ പരാജിതരായ പാണ്ഡവന്മാർ കരാറനുസരിച്ച് വനവാസം ചെയ്യുന്ന കാലം. പാശുപതാസ്ത്രം നേടിയ അർജ്ജുനൻ ഇന്ദ്രന്റെ ആവശ്യപ്രകാരം സ്വർഗ്ഗത്തിലേക്ക് പോയിരുന്നതിനാൽ ഈ കഥ നടന്ന കാലത്തു് അദ്ദേഹം മററു പാണ്ഡവരോടൊപ്പം ഉണ്ടായിരുന്നില്ല.

അക്കാലത്തൊരു ദിവസം പാഞ്ചാലിക്ക് കാററത്തു പറന്നുവന്ന ഒരു വിശിഷ്ടപുഷ്പം ലഭിച്ചു. കുബേരരാജ്യമായ അളകയിലെ മനോഹരമായ ഒരു പൊയ്കയിൽ നിന്നു പാറി വന്ന സൗഗന്ധികപുഷ്പമായിരുന്നു അതു്. ആ പൂവിന്റെ സൗന്ദര്യവും സൗരഭ്യവും ആസ്വദിച്ച പാഞ്ചാലി, അവ കുറച്ചെണ്ണം തനിക്ക് കൊണ്ടുവന്നു തരേണമെന്ന് ഭീമനോട് അപേക്ഷിച്ചു.

പാഞ്ചാലിയുടെ ആഗ്രഹം നിറവേററിക്കൊടുക്കാൻ സൗഗന്ധികപ്പൊയ്കതേടി ഭീമൻ വടക്കോട്ട് പുറപ്പെട്ടു. ഗന്ധമാദനപർവ്വതത്തിലെ സുന്ദരങ്ങളായ കാഴ്ചകളും, കാട്ടാളന്മാരുടെ നായാട്ടും, സുരസുന്ദരിമാരുടെ ലീലകളും കണ്ടു രസിച്ച് അദ്ദേഹം ഹനുമാൻ താമസിക്കുന്ന കദളീവനത്തിൽ എത്തിച്ചേർന്നു.

ഭീമൻ വരുന്നുണ്ടെന്നറിഞ്ഞു് ഹനുമാൻ ആ സഹോദരനെ ഒന്ന് പരീക്ഷിക്കാൻ തീരുമാനിച്ചു. അവന്റെ അഹംഭാവവും ഒന്നടക്കിവിടണം എന്ന് നിശ്ചയിച്ചു. ഹനുമാൻ ഒരു വൃദ്ധവാനരവേഷം ധരിച്ച് ഭീമന്റെ മാർഗ്ഗമദ്ധ്യത്തിൽ ചെന്നു കിടന്നു. അഹങ്കാരിയായ ഭീമൻ കാടുകുലുക്കി തകത്തു് ഹനുമാന്റെ അടുത്തെത്തി വഴിമാറിക്കൊടുക്കുവാൻ ആജ്ഞാപിച്ചു. രണ്ടുപേരും തമ്മിൽ വാഗ്വാദമായി. ഭീമൻ തന്റെ വീരപരാക്രമങ്ങളെ വർണ്ണിച്ചു തുടങ്ങി. ഹനുമാനാകട്ടെ അവയെല്ലാം കണിക്കിനു കളിയാക്കി വിട്ടു. കൈയിലുള്ള ഗദകൊണ്ട് വാൽ എടുത്തു മാററി നേർവഴിക്കു തന്നെ പൊയ്ക്കൊള്ളാൻ വൃദ്ധവാനരൻ ഭീമനോട് പറഞ്ഞു. ഭീമൻ അങ്ങിനെത്തന്നെയാവാമെന്ന് നിശ്ചയിച്ചു. വാൽ

ഗദകൊണ്ട് നീക്കുവാൻ ശ്രമിച്ചു. എന്നാൽ വാലിലെ ഒരു രോമംപോലും ഇളക്കുവാൻ ആ വീരപരാക്രമിക്ക് കഴിഞ്ഞില്ല. ഭീമന്റെ തല താണു. തന്റെ ഉദ്ദേശം സാധിച്ചതോടെ ഹനുമാൻ യഥാർത്ഥരൂപത്തിൽ ഭീമന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു തന്റെ യുഗാന്തരജ്യേഷ്ഠസഹോദരന്റെ കാല്ക്കൽ ഭീമൻ നമസ്കരിച്ചു. തന്നെ സ്തുതിക്കുന്ന ഭീമനെ ഹനുമാൻ അനുഗ്രഹിച്ച്, രാമായണകഥ ഉപദേശിച്ചു. സൗഗന്ധികപുഷ്പം നേടാനുള്ള മാർഗ്ഗം പറഞ്ഞുകൊടുത്ത് വാത്സല്യപൂർവ്വം യാത്രയാക്കി.

ഭീമൻ അളകയിലെത്തി. സൗഗന്ധികപ്പൊയ്കയുടെ കാവൽക്കാരായ രാക്ഷസന്മാരെ നിഷ്പ്രയാസം തോല്പിച്ച ധാരാളം പൂക്കറം പറിച്ചെടുത്തു മടങ്ങിപ്പോന്നു. വഴിക്കു ജ്യേഷ്ഠസഹോദരനായ ഹനുമാനെ ചെന്നുകണ്ടു വണങ്ങി. പാഞ്ചാലിയുടെ അടുത്തെത്തി അവൾക്കു സൗഗന്ധികപ്പൂക്കൾ നൽകി പകരം പുഞ്ചിരിപ്പൂക്കൾ സ്വീകരിച്ചു.

ഇതാണ് കല്യാണസൗഗന്ധികത്തിലെ കഥയുടെ ചുരുക്കം.

## 2 ഭീമന്റെ സ്വഭാവം വിവരിക്കുക

കല്യാണസൗഗന്ധികം തുള്ളലിലെ പ്രധാന കഥാപാത്രമാണ് ഭീമൻ. ഒരു ധീരോദ്ധതനായ നായകന്റെ ഔദ്ധത്യം, ധൈര്യം, ആത്മപ്രശംസ, കോപം, തട്ടിക്കയററം എന്നിവയെല്ലാം ഭീമന്റെ വാക്കിലും പെരുമാററത്തിലും പ്രവൃത്തിയിലും തെളിഞ്ഞുകാണാം. നമ്പ്യാർ തന്നെ ഓരോ സന്ദർഭത്തിൽ ഈ സ്വഭാവിശേഷങ്ങളെ ഉദ്ധതമതി, സത്വരാഹങ്കാര ഗംഭീര പുരുഷൻ, ദുർഗ്രഹക്രൂരധീരാകാര പുരുഷൻ, വീരൻ, പരാക്രമപ്രൗഢൻ, ഉത്തമ നരപതി എന്നീ വിശേഷണങ്ങൾകൊണ്ടു വെളിപ്പെടുത്തിയിട്ടുമുണ്ട്.

മാർഗ്ഗമദ്ധ്യത്തിൽ വിലങ്ങടിച്ചു കിടക്കുന്ന വൃദ്ധവാനരനോടു ഭീമൻ ആദ്യമേ പറയുന്ന വാക്കുകൾ അദ്ദേഹം തികഞ്ഞ

Digitized By Kerala Sahitya Akademi

അഹംഭാവിയാണെന്നു വ്യക്തമാകുന്നുണ്ട്. നാട്ടിൽ പ്രഭുവായ തന്നെ കണ്ടാലറിയാത്ത ആ മൂളിക്കുരങ്ങനോട്,

"നോക്കെടാ നമ്മുടെ മാർഗ്ഗേ കിടക്കുന്ന
മർക്കടാ നീയങ്ങു മാറിക്കിടാ ശഠാ!"

എന്നാണ് ഭീമൻ പറയുന്നത്. ഈ വാക്കുകൾ ദുർഭാഷണമാണെന്നു കവിതന്നെ പറയുന്നുമുണ്ട്. വാനരനാണെങ്കിലുംവൃദ്ധനാം അവശനുമാണെന്ന ചിന്തപോലും ഭീമനുണ്ടായില്ല. കണ്ടമാത്രയിൽതന്നെ തട്ടിക്കേറലും അധിക്ഷേപവും തുടങ്ങി. ധിക്കാരവും അവിനയവും സ്ഫുരിക്കുന്ന ഭീമന്റെ ശകാരം ഏതു ക്ഷമാശീലനേയും പ്രകോപിപ്പിക്കുന്നതാണ്.

താൻ ആരാണെന്നോ, എവിടത്തെയെന്നോ ചോദിക്കാതെതന്നെ തന്റെ യോഗ്യതകൾ ഓരോന്നായി ഉൽഘോഷിക്കാൻ ഭീമനലേശവും മടിയില്ല. ഈ ആത്മപ്രശംസാശീലം ധീരോദ്ധതന്മാരുടെ പ്രത്യേകസ്വഭാവമാണ്.

ബകൻ, ഹിഡിംബൻ, കിർമ്മീരൻ എന്നീ രാക്ഷസന്മാരെ നിഗ്രഹിച്ച വീരപരാക്രമിയും, ധർമ്മപുത്രാനുജനും, അർജ്ജുനജ്യേഷ്ഠനുമാണ് താനെന്ന വീമ്പുവാക്കുകൾ പുലമ്പുന്ന ഭീമനു സ്വന്തം ബാഹുവീര്യത്തിൽ അടിയുറച്ച ആത്മവിശ്വാസമുണ്ട്. ഒട്ടും വകതിരിവില്ലാത്ത ആ വാനരൻ നാട്ടിൽ പ്രഭുവായ തന്നെ അറിഞ്ഞാദരിക്കാതിരുന്നതിലാണ് ഭീമന്ന് അതിരില്ലാത്ത കോപം. ദൌർബ്ബല്യബോധം അദ്ദേഹത്തെ തീണ്ടിയിട്ടുപോലുമില്ല. ഹനുമാന്റെ വാലിളക്കാൻ കഴിയാതിരുന്നപ്പോഴും അതു തന്റെ അശക്തികൊണ്ടു സംഭവിച്ചതാണെന്ന് അദ്ദേഹം ശങ്കിക്കുന്നില്ല. വാനരന്റെ കൂടോത്രപ്രയോഗംകൊണ്ടു സംഭവിച്ചതാകാമെന്നു സംശയിക്കുകയാണ്. ഒടുവിൽ ദ്വന്ദ്വയുദ്ധത്തിൽ പരാജയപ്പെടുത്താമെന്ന വിശ്വാസത്തോടെ വാനരനെ വെല്ലുവിളിക്കുകതന്നെ ചെയ്യുന്നു.

Digitized By Kerala Sahitya Akademi

തന്നേയും സഹോദരന്മാരേയും പത്നിയേയും അപമാനിച്ചു കൊണ്ടുള്ള വൃദ്ധവാനരൻെറ വാക്കുകഠം കേട്ട ഭീമൻ കഠിനമായി കോപിക്കുന്നുണ്ട്. ആ വാനരനെ കൊല്ലുവാൻ പ്രയാസമില്ലെങ്കിലും ധർമ്മപുത്രരുടെ അനുജനായ താൻ ധർമ്മം വെടിഞ്ഞു നടക്കുകയില്ലെന്നു് അദ്ദേഹം പറയുന്നു. കൂടാതെ തൻെറ ജ്യേഷ്ഠനായ ഹനൂമാനെക്കുറിച്ചോർക്കുമ്പോഠം വാനരവംശത്തിൽപ്പെട്ട ഒരാളേയും കൊല്ലാൻ പാടില്ലെന്നും ഭീമൻ വിചാരിച്ചിരിക്കണം. എല്ലാററിനുംമീതെ, "മരിക്കാറായിക്കിടക്കുന്ന മരഞ്ചാടിക്കിഴവനെ മരുത്തിൻെറ മകൻ വന്നു മരിപ്പിച്ചെന്നു കേട്ടാൽ" ആളുകഠം പരിഹസിക്കുമെന്ന ഭയവും ഭീമനെ വാനരവധത്തിൽനിന്നു പിൻതിരിപ്പിച്ചതാകണം.

സൗഗന്ധികപ്പൊയ്കയുടെ കാവൽക്കാരനായ ക്രോധവശനോടും ഉദ്ധതനായിട്ടുതന്നെയാണു് ഭീമൻ പെരുമാറുന്നതു്. ക്രോധവശൻെറ വാക്കു കേട്ടാൽ അങ്ങിനെത്തന്നെയാണു് പറയേണ്ടതെന്നു തോന്നുകയും ചെയ്യും. ഇങ്ങിനെ എല്ലാ സന്ദർഭങ്ങളിലും "സത്വരാഹങ്കാരഗംഭീരപുരുഷ"നായ ഭീമൻ ബാഹുബലത്തിൽ വിശ്വസിക്കുന്ന വ്യക്തിയായിട്ടാണു് പ്രത്യക്ഷപ്പെടുന്നതു്.

അസാമാന്യമായ ബാഹുവീര്യവും സാഹസബുദ്ധിയുമാണു് ഭീമനുള്ളതു്. അദ്ദേഹത്തിൻെറ ഗദാഘട്ടനംകൊണ്ടു് വൃക്ഷങ്ങഠം വീഴുന്നതു് അത്ഭുതകരമായ രീതിയിലാണു്.

"പെട്ടെന്നൊരുമരം പൊട്ടിപ്പിളന്നാശു
മററൊരു വൃക്ഷേ പതിക്കുന്ന നേരത്തു്
മററതും ഖണ്ഡിച്ചു മററതിന്മേൽവീണു
മററതും മററതും മററതും ഭസ്മമായ്."

ഭീമൻ ഗദ കയ്യിൽ ചുഴററുമ്പോഠം ഉണ്ടാകുന്ന കാററിൽ പുലികളും, സിംഹങ്ങളും, ചേററിൽക്കിടക്കുന്ന പന്നിത്തടിയനും പറന്നു പോകുന്നു. കദളീവനത്തിലേക്കു് പ്രവേശിച്ച ഭീമൻ കാണിക്കുന്ന പരാക്രമങ്ങഠം അദ്ദേഹത്തിൻെറ അഹംഭാവംപോലെതന്നെ അളവററതാണു്.

Digitized By Kerala Sahitya Akademi

തുമ്പിക്കരംകൊണ്ടു മുമ്പിൽ പല പല
വമ്പിച്ച വന്മരക്കൊമ്പു പിടിച്ചൊടി–
ച്ചമ്പോടടുക്കുന്ന വമ്പൻ കൊലയാന–
ക്കൊമ്പന്റെ കൂർത്തുള്ള കൊമ്പുരണ്ടും പിടി–
ച്ചമ്പത്തു ചുററുകളിമ്പം കലർന്നാശു
മുമ്പിൽക്കളിപ്പിച്ച വമ്പൻ വൃകോദരൻ
കാട്ടും തകർത്തുകൊണ്ടോട്ടം മൃഗങ്ങളെ
ചാടിക്കടിച്ചിഴച്ചോടിയടുക്കുന്ന
കണ്ഠീരവങ്ങടെ കണ്ഠേ കരംകൊണ്ടു
കണ്ഠേതരംകോർത്തു മണ്ടിച്ചുമങ്ങനെ
കെല്പോടു നല്ല കദളീവനം തന്നി–
ലുൾപ്പൂക്കുവേഗം നടന്നു തുടങ്ങിനാൻ."

ക്രോധവശനോടുള്ള വാഗ്വാദത്തിലും യുദ്ധത്തിലും ഭീമൻ തന്റെ ഔദ്ധത്യം പ്രകടിപ്പിക്കുന്നുണ്ട്. ഇന്നുള്ള വീരന്മാരൊന്നും തന്റെ നേരെനിന്നു് സംഗരം ചെയ്യായില്ലെന്നു് ഭീമൻ ക്രോധവശനോടു് പറയുന്നു. അങ്ങിനെ ചെയ്യാനും ഭീമനു് പ്രയാസമുണ്ടായില്ലെന്നു് രാക്ഷസന്മാരെ തോല്പിച്ചോടിച്ചതിൽനിന്നു് മനസ്സിലാക്കാം.

ഭ്രാതൃഭക്തി, ഗുരുഭക്തി, ബ്രാഹ്മണഭക്തി എന്നീ ഗുണങ്ങളെല്ലാം ഭീമസേനനുണ്ട്.

"ധർമ്മപുത്രാനുജൻ ധർമ്മംവെടിഞ്ഞൊരു
കർമ്മമൊന്നും ചെയ്കയില്ലെന്നു് ബോധിക്കണം.

ജ്യേഷ്ഠനായ ധർമ്മപുത്രരോടു് ഭീമനുള്ള ബഹുമാനവും സ്നേഹവും എത്ര മഹത്തരമാണെന്നു് ഹനുമാനോടു് പറയുന്ന ഈ വാക്യത്തിൽനിന്നു് മനസ്സിലാക്കാം. തന്റെ പ്രവൃത്തികൾ ധർമ്മപുത്രാദികളായ സഹോദരന്മാരുടെ സൽപ്പേരിനും ധർമ്മബോധത്തിനും കളങ്കം ചേർക്കരുതെന്നു് അദ്ദേഹത്തിനു് നിർബ്ബന്ധമുണ്ട്. അതുപോലെ "ലജ്ജ കൂടാതെ വഴി മുടക്കീടുകിൽ, അർജ്ജുനജ്യേഷ്ഠൻ സഹിക്കയില്ലേതുമേ" എന്നു് പറയുന്നതിൽനിന്നു് വില്ലാളിവീര

Digitized By Kerala Sahitya Akademi

നായ അർജ്ജുനനെക്കുറിച്ച് ഭീമനുള്ള അഭിമാനം എത്ര ഉയർന്നതായിരുന്നുവെന്ന് ഗ്രഹിക്കാം. തന്റെ ജ്യേഷ്ഠൻ വാനരവംശത്തിലാണെന്നതിനാൽ വഴിമുടക്കിക്കിടക്കുന്ന വൃദ്ധവാനരനെ ചാടിക്കടക്കാൻപോലും ഭീമൻ മടിക്കുന്നു. ചാടിക്കടക്കുന്നതുപോലും ഗുരുത്വക്കേടാകുമെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. ഹനുമാനോട് അദ്ദേഹത്തിനുള്ള ഭക്തിബഹുമാനങ്ങൾ അപാരമാണെന്ന് ആളറിയാതെ വൃദ്ധവാനരനോട് സംസാരിക്കുന്നതിൽനിന്നുതന്നെ മനസ്സിലാക്കാം. ആ ഭക്തി കണ്ടിട്ടാണ് കൂടുതൽ പരീക്ഷിക്കാൻ നില്ക്കാതെ ഹനുമാൻ തന്റെ യഥാർത്ഥരൂപം അനുജന് കാണിച്ചുകൊടുത്ത് അനുഗ്രഹിച്ചത്. ജ്യേഷ്ഠനാണ് വൃദ്ധവാനരവേഷം ധരിച്ച് തന്നെ പരീക്ഷിക്കാൻ വഴിമുടക്കി കിടന്നിരുന്നതെന്ന് മനസ്സിലായപ്പോൾ ഭീമനുണ്ടായ അത്ഭുതവും സന്തോഷവും ഭക്തിയും കരകവിഞ്ഞൊഴുകി എന്നു തന്നെ പറയാം.

സൗഗന്ധികം കൊണ്ടുവന്നശേഷം ആദ്യം അദ്ദേഹം ധർമ്മപുത്രരെയാണ് കണ്ടു വന്ദിക്കുന്നത്. പിന്നീടേ പ്രിയപ്പെട്ട പാഞ്ചാലിയെ കാണാൻ പോകുന്നുള്ളു. ഇവിടെയും സഹോദരഭക്തിയാണ് തെളിഞ്ഞു കാണുന്നത്. സൗഗന്ധികപുഷ്പം കൊണ്ടുവരുവാൻ "വിപ്രലോകാഗ്രസരന്മാരെ വന്ദിച്ചു"കൊണ്ടാണ് ഭീമൻ പുറപ്പെടുന്നത്.

സാഹസസ്വഭാവിയാണ് ഭീമൻ. കൈയൂക്കുകൊണ്ടും, ശൗര്യംകൊണ്ടും കാര്യങ്ങൾ നേടുന്ന സ്വഭാവക്കാരനാണ് അദ്ദേഹം.

ഭീരുത്വം അദ്ദേഹത്തിനില്ല. ഭയാനകമായ കൊടുങ്കാട്ടിലെത്തുമ്പോൾ അദ്ദേഹത്തിന്റെ ഉത്സാഹം വർദ്ധിക്കുകയാണ്. നായാട്ടും കോലാഹലങ്ങളും ഇഷ്ടപ്പെടുന്ന അദ്ദേഹം സൗഗന്ധികപ്പൊയ്കയിലെ വിവിധ ദൃശ്യങ്ങൾ കണ്ട് അതിരററ രസിക്കുന്നുണ്ട്.

പാഞ്ചാലിയോട്, ഭീമനു ഗാഢമായ പ്രേമമുണ്ട്. പെണ്ണിന്റെ വാക്കു കേട്ടു പുറപ്പെട്ട് അബദ്ധത്തിലാവേണ്ട എന്നും മററും

Digitized By Kerala Sahitya Akademi

പാഞ്ചാലി പറഞ്ഞപ്പോഴം ഭീമൻ ചിരിച്ചുകൊണ്ടു പറയുന്ന മറുപടി അദ്ദേഹത്തിനു പ്രിയപത്നിയോടുള്ള പ്രണയത്തെ വെളിപ്പെടുത്തുന്നതാണു്.

"ചപലസ്ത്രീകളെപ്പോലെ......
......ധരിക്ക നീ മഹാഭാഗേ

എന്തുതന്നെ ക്ലേശം സഹിക്കേണ്ടിവന്നാലും തന്റെ പ്രിയപത്നിയുടെ ആഗ്രഹം നിറവേററിക്കൊടുക്കുകതന്നെ എന്നു തീരുമാനിച്ചു് ഇറങ്ങിത്തിരിച്ച ഭീമൻ, യഥാർത്ഥപ്രേമത്തെ മററന്തിലും മീതെ മഹത്തായി കരുതുന്ന സ്നേഹശീലനും കൂടിയാണു്.

## 5. ഹനുമാന്റെ സ്വഭാവം

കല്യാണസൗഗന്ധികത്തിലെ മറെറാരു പ്രധാന കഥാപാത്രമാണു് ഹനുമാൻ. അനുജനായ ഭീമനെ ഒന്നു പരീക്ഷിച്ചു് അയാളുടെ അഹങ്കാരമടക്കി ആളെ മനസ്സിലാക്കിക്കൊടുത്തു് അനുഗ്രഹിച്ചു പറഞ്ഞയയ്ക്കുക മാത്രമാണു് ഹനുമാന്റെ ഉദ്ദേശം. ദീർഘകാലത്തെ വനവാസംകൊണ്ടു ഭീമനിൽ ജ്വലിച്ചുകൊണ്ടിരുന്ന കൗരവവിരോധം കെട്ടാറിപ്പോയിട്ടുണ്ടെങ്കിൽ അതു് ഒന്നാളിക്കത്തിക്കുക എന്നതും അദ്ദേഹത്തിന്റെ ഉദ്ദേശമായിരുന്നില്ലേ എന്നു കരുതേണ്ടിയിരിക്കുന്നു. അഗാധമായ ഭ്രാതൃവാത്സല്യമാണു് ഹനുമാനെ ഈ വിനോദത്തിനു പ്രേരിപ്പിച്ചതെന്നു തീർച്ചയാണു്. തന്റെ ഉദ്ദേശത്തിനു് അനുയോജ്യമായ വേഷവും സംഭാഷണവുമാണു് അദ്ദേഹം സ്വീകരിച്ചതു്.

ഹനുമാന്റെ പാരവശ്യം തികച്ചും സ്വാഭാവികമായിട്ടുണ്ടു്. "നോക്കെടാ നമ്മുടെ മാർഗ്ഗേ കിടക്കുന്ന മർക്കടാ! നീയങ്ങു മാറിക്കിടാ ശഠാ!" എന്ന ഭീമന്റെ ദുർഭാഷണം കേട്ടാൽ അല്പം ഉശിരുള്ളവൻപോലും ഉടനെ ക്ഷോഭിച്ചു പോകും. എന്നാൽ ഹനുമാൻ തികഞ്ഞ സമചിത്തതയോടുകൂടി വിവശഭാവത്തിലാണു് ഭീമനോടു് വഴിമാറിപ്പോകാൻ അപേക്ഷിക്കുന്നതു്. "നേരായ മാർഗ്ഗം വെടിഞ്ഞു നടക്കയില്ലാരോടുമിജ്ജനം തെല്ലുമില്ലെടോ,

Digitized By Kerala Sahitya Akademi

മാറനില്ലെന്നു പറയുന്ന മൂഢന്റെ മാറിൽപ്പതിക്കും ഗദാഗ്രമെ ന്നോക്കണം" എന്ന ഭീമന്റെ വാക്കു കേട്ടതോടെ ഹനുമാൻ ഉരുളയ്ക്കുപ്പേരിപ്പോലെ മറുപടി പറഞ്ഞുതുടങ്ങി.

ഭീമന്റെ ആത്മപ്രശംസയ്ക്കും വമ്പു പറച്ചിലിനും ഹനുമാൻ നൽകുന്ന പരിഹാസഗർഭമായ മറുപടി ഭീമനെ ഒട്ടൊന്നുമല്ല പ്രകോപിപ്പിച്ചതു്. അദ്ദേഹം പാണ്ഡവരുടെ കുറവുകളും കൊള്ളരുതായ്മകളും, പരാജയങ്ങളും എണ്ണിയെണ്ണിപ്പറഞ്ഞുതുടങ്ങി. അഞ്ചുപേരുംകൂടി പാഞ്ചാലിയെ വിവാഹം ചെയ്തതു് എന്തു് ധർമ്മം മുൻനിർത്തിയാണെന്നും, കൗരവരോടു് തോററു് വനവാസം അനുഭവിക്കുന്നതു് ഏതു് തരത്തിലുള്ള വിജയമാണെന്നും, ഹനുമാൻ ചോദിച്ചു. ബകഹിഡിംബാദികളായ രാക്ഷസരെ കൊന്ന ഭീമന്റെ ധൈര്യവും പരാക്രമവും പാഞ്ചാലിയുടെ വസ്ത്രാക്ഷേപ സമയത്തു് കാണിക്കപ്പോരായോ എന്ന ആക്ഷേപം കേട്ടു് ഭീമൻ മറുപടി പറയാനാവാതെ വെയിലേററ കർപ്പൂരംപോലെ അലിഞ്ഞുപോയി. ഗദകൊണ്ടു് വാൽ തട്ടിമാററുമ്പോൾ മുറിഞ്ഞുപോകുമോ എന്നു് ഭീമൻ ആശങ്കിക്കുമ്പോൾ "മുറിയുന്നെന്തെടോ ഭീമാ; ഗദയോ നമ്മുടെ വാലോ" എന്ന ഹനുമാന്റെ മറുപടിയിൽ അന്തർഭവിച്ചിട്ടുള്ള പരിഹാസവും ആക്ഷേപവും ഭീമനെന്ന പുലിയെ പൂച്ചയാക്കി മാററുന്നതാണു്.

"മർക്കടൻ മർക്കടൻ" എന്നു് പറഞ്ഞു് ഭീമൻകളിയാക്കുമ്പോഴാണു് ഹനുമാന്റെ സ്വവർഗ്ഗസ്നേഹം വെളിപ്പെടുന്നതു്. മർക്കടന്മാർ അത്ര നിസ്സാരന്മാരല്ലെന്നും അവരിലും ബലവന്മാരുണ്ടെന്നും അദ്ദേഹം ഭീമനെ ധരിപ്പിക്കുന്നു.

ഭീമന്റെ ഗർവ്വം അല്പമൊന്നു് ശമിച്ചുവെന്നു് മനസ്സിലായപ്പോൾ ഹനുമാൻ സ്വന്തം രൂപം ഭീമനു് കാണിച്ചുകൊടുക്കുന്നു. അതേവരെയുള്ള ഹനുമാന്റെ രൂപഭാവങ്ങളല്ല അതിനുശേഷം നാം കാണുന്നതു്. വാത്സല്യനിർഭരമായ ഹൃദയത്തോടെ ഹനുമാൻ സൗഗന്ധികം കണ്ടുപിടിച്ചു് കൊണ്ടുവരുവാനുള്ള മാർഗ്ഗം ഭീമനു് വിസ്തരിച്ചു് ഉപദേശിച്ചുകൊടുത്തു.

ഹനുമാൻ രാമഭക്തന്മാരിൽ അഗ്രേസരനാണു്. സഹോദരനെ അനുഗ്രഹിച്ചശേഷം അദ്ദേഹം അവനു് രാമായണകഥ

Digitized By Kerala Sahitya Akademi

ച്ചുരുക്കിപ്പറഞ്ഞുകൊടുക്കുന്നുണ്ട്. രാമനേക്കാരം വലിയൊരു അവതാരപുരുഷൻ ഹനുമാനില്ല. ചിരഞ്ജീവിയായ അദ്ദേഹത്തിന്ന് രാമനില്ലാത്ത ഒരു ലോകത്തിൽ ജീവിപ്പാൻപോലും സാദ്ധ്യമല്ല.

സ്വസഹോദരൻെറ ബലവേഗപരാക്രമങ്ങൾ വേഷഛന്നനായി വന്നു് മനസ്സിലാക്കിയ ഹനുമാൻ സഹോദരസ്നേഹത്തിൻെറയും രാമഭക്തിയുടേയും മൂർത്തിമൽഭാവംതന്നെയാണു്.

## 4. തുള്ളൽപ്രസ്ഥാനം

മലയാളത്തിലെ മഹത്തായ സാഹിത്യപ്രസ്ഥാനങ്ങളിൽ പ്രമുഖസ്ഥാനമാണു് തുള്ളലിനുള്ളതു്. അതിൻെറ ഉപജ്ഞാതാവായ മഹാകവി കുഞ്ചൻനമ്പ്യാരാകട്ടെ മലയാളത്തിലെ ആദ്യത്തെ ജനകീയകവിയുമാണു്. ലളിതകോമളമായ ഭാഷാശൈലിയും, നിറഞ്ഞുതുളമ്പുന്ന ഫലിതപരിഹാസങ്ങളും, ശക്തമായ സാമൂഹ്യവിമർശനവും, സമാകർഷകമായ കേരളീയതയും തുള്ളലിനെ സാമാന്യജനങ്ങളുമായി കൂടുതൽ അടുപ്പിച്ചു. ക്ഷേത്രകലകളിൽ ഈ ദൃശ്യകലയോളം ജനങ്ങളെ രസിപ്പിക്കാൻ കൂത്തിനോ കൂടിയാട്ടത്തിനോ കഴിഞ്ഞിട്ടില്ല എന്നതാണു് പരമാർത്ഥം.

അമ്പലപ്പുഴ ഉത്സവക്കാലത്തൊരിക്കൽ ചാക്യാർകൂത്തിന്നു് മിഴാവുകൊട്ടുവാൻ മുട്ടുശാന്തിക്കാരനായി കുഞ്ചൻനമ്പ്യാർക്കു് പ്രവർത്തിക്കേണ്ടിവന്നു. പരിചയക്കുറവുനിമിത്തമോ, കൂത്തിൻെറ വിരസതനിമിത്തം ഉറക്കം തൂങ്ങിയതിനാലോ നമ്പ്യാർക്കു താളം പിഴച്ചു. കോപംവന്ന പരിഹാസപ്രിയനായ ചാക്യാർ നമ്പ്യാരെ ആ നിറഞ്ഞ സദസ്സിൽവെച്ചു് കണക്കിന്നു് കളിയാക്കിവിട്ടു. മാനക്കേടു പിണഞ്ഞ നമ്പ്യാർ ഇതിന്നു പകരം വീട്ടേണമെന്നു് നിശ്ചയിച്ചു. അന്നുരാത്രി "കല്യാണസൗഗന്ധികം" നിർമ്മിച്ചു് പിറേറദിവസം ഉചിതവേഷവിധാനങ്ങളോടുകൂടി ക്ഷേത്രത്തിൻെറ മറെറാരു ഭാഗത്തു് അവതരിപ്പിച്ചു. കാണികളും

Digitized By Kerala Sahitya Akademi

ചാക്യാരെ വിട്ട് തുള്ളൽ കാണാനെത്തി. അങ്ങിനെ ചാക്യാർ വിഡ്ഢിയായി. തുള്ളലിന്റെ ഉത്ഭവത്തെക്കുറിച്ച് ഇങ്ങിനെ ഒരൈതിഹ്യം പ്രചാരത്തിലുണ്ട്.

ഒരൊററ രാത്രികൊണ്ട് ഒരു പുതിയ ദൃശ്യകലാരൂപം തയ്യാറാക്കി എന്ന് ആര് പറഞ്ഞാലും വിശ്വസിക്കാൻ പ്രയാസമുണ്ട്. ചാക്യാർകൂത്തിന്റെ ആവർത്തനവിരസമായ അവതരണം സഹൃദയനും പരിഹാസപ്രിയനുമായ നമ്പ്യാരെ പുതിയൊരു കലാരൂപത്തിന്റെ നിർമ്മാണത്തിനു പ്രേരിപ്പിച്ചിരിക്കാം. കൂത്തിന്റെ ജീവസ്സായ അംശങ്ങളൊന്നും വിട്ടുകളയാതെ താളമേളങ്ങളോടും സംഗീതത്തോടുംകൂടി അതിനെ പുതിയ രൂപത്തിൽ എങ്ങിനെ അവതരിപ്പിക്കാമെന്നു നമ്പ്യാർ ദീർഘകാലമായി ആലോചിച്ചിട്ടുണ്ടാവണം. അതിന്റെ സാക്ഷാൽക്കാരമാണ് ഈയൊരു നിസ്സാരസംഭവത്തിന്റെ പ്രത്യാഘാതമെന്നോണം ഉണ്ടായത്.

ചരിത്രപരമായി ചിന്തിക്കുമ്പോഴും നമ്പ്യാർ തുള്ളലിന്റെ പരിഷ്കർത്താവുമാത്രമാണെന്ന് തെളിയും. കുട്ടനാടൻ പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള "പടയണി" എന്ന ആയോധനനൃത്തത്തിലും, അമ്പലപ്പുഴയിലുള്ള "വേലകളി"യിലും തുള്ളലിന്റെ പ്രാകൃതമായ പൂർവ്വരൂപം കാണാൻ കഴിയുന്നതാണ്. ഇവയിലെ നൃത്താംശവും നാട്യാംശവും ദ്രോണമ്പള്ളി ആചാര്യന്റെയും മററും സഹായത്തോടെ നമ്പ്യാർ പരിഷ്ക്കരിച്ചു ചിട്ടപ്പെടുത്തിയിരിക്കണം. അങ്ങിനെ അതിനുവേണ്ട പ്രത്യേകതകളോടുകൂടിയ ഒരു സാഹിത്യം നമ്പ്യാർതന്നെ രചിച്ചു. ഇത്രയും ചരിത്രപരമായി നമുക്ക് അനുമാനിക്കാവുന്ന വസ്തുതകളാണ്.

തനിക്കു മുമ്പുണ്ടായിരുന്ന സാഹിത്യപ്രസ്ഥാനങ്ങളിൽനിന്നും കൃതികളിൽനിന്നും ആവശ്യമായതെല്ലാം നമ്പ്യാർ സ്വകൃതികളിലേക്കു സ്വീകരിച്ചിട്ടുണ്ട്. തുള്ളലിലെ പ്രധാനവൃത്തമായ തരംഗിണി ഭാഷയിലെ ഒരു പ്രാചീനവൃത്തമാണ്. ചമ്പുക്കളിൽ

Digitized By Kerala Sahitya Akademi

ഇവ ധാരാളമുണ്ട്. ശീതങ്കനിലെ "കാകളി" കിളിപ്പാട്ടുവൃത്തം തന്നെയാണ്. സംസ്കൃതത്തിലെ മല്ലികയാണ് പറയൻതുള്ളലിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ളത്. ഇവയെക്കൂടാതെ പുറമേയുള്ള വക്ത്രം, സ്വാഗത, സുമംഗല, ശിതാഗ്ര, കളകാഞ്ചി എന്നിവയെല്ലാം പഴയ വൃത്തങ്ങൾതന്നെയാണ്.

പരിഹാസത്തിലൂടെ സമൂഹവിമർശനം നടത്തുന്ന സമ്പ്രദായം നമ്പ്യാർ ചാക്യാരിൽനിന്നു സ്വീകരിച്ചതാണ്. വേഷവിധാനത്തിലും തുള്ളലിനു കൂത്തിനോടു കടപ്പാടുണ്ട്. പുരാണപാത്രങ്ങളെ ചിത്രീകരിക്കുന്നതും സംഭവങ്ങൾക്കും പാത്രങ്ങൾക്കും കേരളീയത്വം വരുത്തുന്നതും ചമ്പുക്കളിൽ അവിടവിടെ കാണാവുന്നതാണ്. പുരാണേതിഹാസപ്രസിദ്ധങ്ങളായ കഥകളെ ഉപാഖ്യാനങ്ങൾകൊണ്ടും മററും ഹൃദ്യമാക്കുന്നതിലും നമ്പ്യാർ ചെല്ലം സ്വാതന്ത്ര്യം ഉപയോഗിച്ചിട്ടുണ്ട്.

തുള്ളലിനു നമ്പ്യാർ നല്കിയ പ്രത്യേകസംഭാവനയെന്ത് എന്നു ചിന്തിക്കാം. മുൻപറഞ്ഞ പടയണിയും കോലംകളിയും ഉയർന്ന സമുദായക്കാർക്ക് ഇഷ്ടപ്പെട്ടിരുന്നില്ല. പാമരന്മാരുടെ വിനോദങ്ങളായ അവയിൽനിന്നു തനിക്കാവശ്യമായവ തിരഞ്ഞെടുത്ത് അവയുടെ സംഗീതമാധുര്യവും ഗ്രാമീണകലാരസികതയും നഷ്ടപ്പെടാത്ത പണ്ഡിതപാമരന്മാർക്കൊരുപോലെ രസിക്കാവുന്ന ലളിതകോമളശൈലിയിൽ താളമേളങ്ങളോടെ നമ്പ്യാർ പുരാണകഥകൾ അവതരിപ്പിച്ചു. കഥകളി ആസ്വദിക്കാൻ ആവശ്യമായ സാങ്കേതികപരിജ്ഞാനം തുള്ളലാസ്വദിക്കാൻ വേണ്ട. നൃത്തം അഭിനയം, വാദ്യം, സംഗീതം എന്നിവയുടെ സമന്വയം, പരിഹാസവും, ഫലിതങ്ങളും, സാമൂഹ്യവിമർശനം എല്ലാംകൂടി അവക്കു പ്രത്യേകമായൊരു സ്വാദ്യത ഉണ്ടാക്കിത്തീർത്തു. കേരളീയ സഹൃദയർ ഈ പുതിയ കലാരൂപത്തെ സഹർഷം സ്വാഗതം ചെയ്തു.

അവതരണത്തിലും കഥകളിയുടെ വിഷമതകളൊന്നും തുള്ളലിനില്ല. വളരെ ലളിതമാണ്. നടനും ഒരു മദ്ദളക്കാരനും ക

Digitized By Kerala Sahitya Akademi

ഴിതാളക്കാരനും മാത്രമേ തുള്ളലിനു വേണ്ടു. നടൻതന്നെ പാട്ടു പാടും. പിന്നണിക്കാർ ഏററുപാടിക്കൊള്ളും. അതിനാകട്ടെ താളമൊപ്പിച്ചു പാടാനുള്ള കഴിവുമാത്രം മതിതാനും. നടൻെറ വേഷവിധാനം വളരെ ലളിതമാണ്. രംഗസജ്ജീകരണങ്ങളൊന്നും ആവശ്യമില്ല. പകലും രാത്രിയും തുള്ളൽ നടത്തുകയും ചെയ്യും. ഇങ്ങിനെ അവതരണത്തിൻെറ കാര്യത്തിലും തുള്ളലിനു പുതുമയുണ്ടായിരുന്നു.

മുന്നിലിരിക്കുന്ന കാണികളെ ചൂണ്ടിക്കാട്ടി പരിഹസിക്കുന്ന ചാക്യാരുടെ സ്വഭാവം തുള്ളൽക്കാരനും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തുള്ളൽക്കാരനു വ്യക്തിഭേദമില്ല. കാണികളെയെല്ലാം ചൂണ്ടി പരിഹസിക്കാറുണ്ട് അയാൾ. പിന്നെ ക്ഷേത്രത്തിനു പുറത്തും തുള്ളൽ നടത്താം. കൂത്തങ്ങിനെയല്ല.

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നു തുള്ളൽ മൂന്നു വിധത്തിലുണ്ട്. തുള്ളല്ക്കാരൻെറ വേഷവിധാനത്തിൽ ഈ മൂന്നെണ്ണത്തിലും അല്പാല്പ വ്യത്യാസം കാണാം. കവിതയെസംബന്ധിച്ചിടത്തോളം ഇവയിലെ വൃത്തങ്ങൾക്കും വ്യത്യാസമുണ്ട്. കേരളത്തിലെ സാർവ്വജനീനമായ ദൃശ്യകലാരൂപമെന്ന നിലയിൽ തുള്ളലിനു് അദ്വിതീയസ്ഥാനമാണ് ഉള്ളതെന്നു തീർത്തുപറയാം.

## കല്യാണസൗഗന്ധികത്തിലെ ഫലിതവും പരിഹാസവും

പാമരന്മാരായ ഭടജനങ്ങളും സാധാരണജനങ്ങളും നിറഞ്ഞ ഒരു സദസ്സിനെ മുന്നിൽ കണ്ടുകൊണ്ടാണ് കുഞ്ചൻനമ്പ്യാർ തുള്ളലുകൾ നിർമ്മിച്ചതു്. പുരാണേതിഹാസകഥകൾ വിവരിച്ചു ജനങ്ങളിൽ സന്മാർഗ്ഗബോധം ഉണ്ടാക്കിത്തീർക്കുക എന്നതായിരുന്നു നമ്പ്യാർകവിതകളുടെയും ലക്ഷ്യം. എന്നാൽ ഗൗരവത്തോടെ അതു നിർവ്വഹിക്കുന്നതുകൊണ്ടു ഫലമില്ലെന്നു മനസ്സിലാക്കിയ നമ്പ്യാർ ചിരിപ്പിച്ചു രസിപ്പിച്ചു കാര്യബോധം ഉണ്ടാക്കിക്കൊടുക്കുവാനാ

Digitized By Kerala Sahitya Akademi

ണു് ശ്രമിച്ചതു്. തുള്ളൽ കണ്ടു രസിക്കാനുള്ളതാകയാൽ ചിരിക്കുന്ന കഥ തന്നെ വേണമെന്നു നമ്പ്യാർ തീരുമാനിച്ചു. കഥ പുരാണത്തിലോ ഇതിഹാസത്തിലോ ഉള്ളതാണെങ്കിലും ഫലിതപരിഹാസങ്ങളും, ചുററുപാടുകളുടേയും പരിചിതവ്യക്തികളുടേയും ചിത്രങ്ങളും ഇടകലർത്തി ഒരു പ്രത്യേക രീതിയിലാണു് നമ്പ്യാർ തുള്ളൽകഥ അവതരിപ്പിച്ചതു്. ഒരു ദൃശ്യകലയെന്ന നിലയ്ക്കു് അതു് ഉണ്ടെങ്കിലേ ജനങ്ങൾ രസിക്കുകയുള്ളു എന്നു് അദ്ദേഹം മനസ്സിലാക്കിയിരുന്നു. കയ്പുള്ള മരുന്നു പഞ്ചസാരയിൽ പൊതിഞ്ഞു കുട്ടികൾക്കു കൊടുക്കുന്നതുപോലെ ചിരിയിലും നേരമ്പോക്കിലും പൊതിഞ്ഞാണു് നമ്പ്യാർ ജീവിതപാഠങ്ങൾ സാധാരണക്കാർക്കു നല്കിയിരുന്നതു്. തന്റെ ഉദ്ദേശസാദ്ധ്യത്തിനു് അനുഗുണമായ വിധത്തിൽ പുരാണകഥാഭാഗങ്ങളെ അദ്ദേഹം പുതിയ ഭംഗിയോടെ ആഖ്യാനം ചെയ്തു. ഉപാഖ്യാനങ്ങൾകൊണ്ടു പ്രധാന കഥയ്ക്കു മിഴിവു വരുത്തി വർണ്ണനകൾകൊണ്ടു വിരസഭാഗങ്ങൾ ചമല്ക്കാരമുള്ളതാക്കിത്തീർത്തു.

നമ്പ്യാരുടെ ആദ്യത്തെ തുള്ളൽകൃതിയാണു് കല്യാണസൗഗന്ധികം എന്നു ചിലർ അഭിപ്രായപ്പെടുന്നു. അതിനാൽ തുള്ളലിന്റെ എല്ലാ സവിശേഷതകളും ഈ കൃതിയിൽ തെളിഞ്ഞുകാണാം. പാത്രസ്വഭാവം ആവിഷ്കരിച്ചതിൽ തന്നെ ചിരിക്കുള്ള കരുക്കളെല്ലാം അദ്ദേഹം ഒരുക്കിയിട്ടുണ്ടു്. ആത്മപ്രശംസയിലൂടെ അഹംഭാവത്തിന്റെ കൊടുമുടിയിലെത്തിയ ഭീമസേനൻ ഒരു വൃദ്ധവാനരന്റെ വാലിലെ ഒരു രോമംപോലും ഇളക്കാൻ സാധിക്കാതെ പരിഹാസ്യനായിത്തീരുന്ന രംഗം ആരിലാണു് പൊട്ടിച്ചിരി ഉയർത്താതിരിക്കുക. മുപ്പാരിലുംവെച്ചു് ശക്തനും, ജരാസന്ധനെ പിടിച്ചു് പകുത്തുപിളന്നവനുമായ ഭീമനു് ഇതിൽപ്പരം ഒരു പരാജയം പിണയുവാനുണ്ടോ? എത്ര കേമനായാലും ആത്മപ്രശംസ ചെയ്യുന്ന അഹംഭാവിക്കു് ഇതാണനുഭവമെന്നു് ഏററവും ശക്തിയായ ഭാഷയിലും രീതിയിലും നമ്പ്യാർ ധരിപ്പിക്കുകയാണിവിടെ ചെയ്യുന്നതു്.

Digitized By Kerala Sahitya Akademi

"മുറിയുന്നെന്തെടോ ഭീമാ, ഗദയോ നമ്മുടെ വാലോ,
അറിയാഞ്ഞിട്ടു ചോദിച്ചേനരിശമുണ്ടാകവേണ്ട"

എന്നു് ഹനൂമാൻെറ ചോദ്യം കേട്ട ഭീമൻെറ അഹങ്കാരത്തിൻെറ വാൽ മുറിഞ്ഞുപോയിരിക്കണം തീർച്ച.

സ്വന്തം കേമത്തങ്ങളാം കൊട്ടിഘോഷിക്കുന്ന ഭീമനു ഹനുമാൻ കൊടുക്കുന്ന ഓരോ മറുപടിയും ആരേയും കുടുകുടെ ചിരിപ്പിച്ച "ബലേ" പറയിക്കുന്നതാണു്. പാഞ്ചാലിയുടെ വാക്കു കേട്ട പൂ തേടി പുറപ്പെട്ട ഭീമനെ ഹനുമാൻ കളിയാക്കുന്നതു നോക്കുക.

"കള്ളത്തരം ചൂതുകൊണ്ടു ദുര്യോധനൻ
തള്ളിപ്പുറത്താക്കി നിങ്ങളെത്തൽക്ഷണം
ഉള്ളിൽ ബഹുഭയം പൂണ്ടു മണ്ടുന്ന നിങ്ങളെ-
ത്തുള്ളിപതിന്നൊരു പെണ്ണും പുറപ്പെട്ടു
കണ്ട വസ്തുക്കളിൽ കാംക്ഷയുണ്ടായവൾ
കൊണ്ടുവാ കൊണ്ടുവാ എന്നു കല്പിക്കയും
ഗണ്ഡുകുട്ടിട്ടുമെന്നോർത്തു ഭയപ്പെട്ടു
മണ്ടിത്തുടങ്ങും മടങ്ങാതെ നിങ്ങളും"

വലിയ ധാർമ്മികന്മാരെന്നു ഭാവിക്കുന്ന പാണ്ഡവർ എല്ലാവരും കൂടി പാഞ്ചാലിയെ കല്യാണം കഴിച്ചതിനെ ഹനുമാൻ കണക്കിനു കളിയാക്കുന്നുണ്ടു്.

"ബാലഞ്ചു ഭർത്താവൊരുത്തിക്കു താനതു
ബാലജാതിക്കും വിധിച്ചതല്ലോർക്കണം
നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവീ
വാലുള്ള വാനരന്മാർക്കും ചിതം വരാ."

പാഞ്ചാലിയെ നിറഞ്ഞ സദസ്സിൽവെച്ചു വസ്ത്രാക്ഷേപം ചെയ്തു് അപമാനിച്ചപ്പോഴും അതു കണ്ടു നിന്ന പൊണ്ണത്തടിയനായ ഭീമൻെറ പരാക്രമം കാശിക്കുപോയോ എന്നു ഹനുമാൻ ചോദിക്കുമ്പോഴും നമ്പ്യാർക്കുപോലും ഭീമൻെറ ആ ധർമ്മബോധത്തിന്നടിപ

Digitized By Kerala Sahitya Akademi

ണിഞ്ഞുകൊണ്ടുള്ള ക്ഷമ അത്ര പിടിച്ചില്ലെന്നാണ് തോന്നിപ്പോവുക. ഇങ്ങിനെ ഭീമഹനൂമൽസംവാദത്തിലെ, ഹനുമാന്റെ ഓരോ വാക്കും മൂർച്ചയുള്ള ഓരോ പരിഹാസശരമായിട്ടാണനുഭവപ്പെടുക.

നായാട്ടുകാരുടെ നീണ്ട സംഭാഷണം കല്യാണസൗഗന്ധികത്തിലെ അധികപ്പററായ ഒരു ഭാഗമാണ്. നായാട്ടു തൊഴിലാക്കിയ തന്റെ നാട്ടുകാരെ ഒന്നു കളിയാക്കാൻ മനഃപൂർവ്വം ആ ഭാഗം അത്രയും അദ്ദേഹം വിസ്തരിച്ചതാണ്. ആയുധമില്ലാത്ത നായാട്ടുകാരെപ്പററി പറയുന്ന ഭാഗം നോക്കുക:

"കൈകളും വീശിപ്പുറപ്പെട്ടന്നെന്തു താൻ
അയ്യോ! ചുമടെടുപ്പാനല്ല പോകുന്നു
മെയ്യോടു നേരിട്ടടുക്കുന്ന വൻപുലി
കയ്യോങ്ങിയാലങ്ങു മാറുമോ വേടരേ."

കാട്ടാളറാണിയുടെ ദാസനായി കഴിയുന്ന കാട്ടാളരാജാവിലൂടെ സമുദായത്തിലെ "പെൺകോന്ത"ന്മാരെതന്നെയാണ് നമ്പ്യാർ കളിയാക്കുന്നതു്.

"അച്ചിക്കു ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചിക്കുപോയങ്ങു തൊപ്പിയിട്ടീടണം."

ബഹുഭാര്യന്മാരായ രാജാക്കന്മാരും പ്രഭുക്കന്മാരും നമ്പ്യാക്കു പരിചിതരാണ്. സ്ത്രീജിതന്മാരായ അവരെയാണ് കുബേരനെക്കുറിച്ചുള്ള രാക്ഷസന്മാരുടെ സംസാരത്തിലൂടെ അദ്ദേഹം ലക്ഷ്യമാക്കിയിട്ടുള്ളതു്.

"തമ്പുരാനിപ്പോളുടുക്കാൻ കൊടുക്കുന്ന
പെമ്പിറന്നോർ പത്തുനൂറിൽ കുറയില്ല."

ഈ കവേല്ലാർ ആരുമറിയാതെ പൂ പൊട്ടിച്ചെടുത്തു കുബേരപത്നിമാക്കു രഹസ്യമായി കൊണ്ടുകൊടുക്കും. അവക്ക് അതുകൊണ്ടു ചില്ലറ "നേട്ടങ്ങളും കൈമടക്കുകളും" കിട്ടാറുമുണ്ട്. രഹസ്യമായി പുഷ്പം അറുക്കുന്നതിനെപ്പററി ആർ എഷണി പറഞ്ഞാലും

Digitized By Kerala Sahitya Akademi

ഈ കാവല്ക്കാർക്കു ഭയമില്ല. കാരണം കുബേരൻ ഭാര്യമാർ പറയുന്നതേ കേൾക്കുകയുള്ളൂ. അവരാകട്ടെ കാവല്ക്കാർക്കു ദോഷമായി ഒന്നും പറയുകയുമില്ല.

ഭീരുത്വം നമ്പ്യാർക്കൊരിക്കലും സഹിപ്പാൻ സാദ്ധ്യമല്ല. സന്ദർഭമുണ്ടാക്കിത്തന്നെ അദ്ദേഹം അവരെ ആക്ഷേപിക്കും. ഭീമന്റെ ഗദകൊണ്ടുള്ള അടിയേററു് ഓടിപ്പോയ രാക്ഷസർ ക്രോധവശനോടു സങ്കടമുണർത്തിക്കുന്നതു് നോക്കുക:

"മൂക്കുമുറിഞ്ഞിതു മുഞ്ഞിചതഞ്ഞിതു
കാൽക്കുമുടക്കം ചിലക്കു വന്നു പിന്നെ
നാക്കു മുറിഞ്ഞുപോയ് വാക്കു പുറപ്പെടാ
ചാക്കുമാത്രം പുനരാർക്കും ലഭിച്ചീല
നോക്കുന്ന ദിക്കിലപ്പോണ്ണൻ ഗദയുമായ്
പാക്കുന്നു കൊൽവാൻ വരുന്നെന്നു തോന്നുന്നു."

"ചാക്കുമാത്രം പുനരാർക്കും ലഭിച്ചീല" എന്നു പറയുമ്പോൾ ഈ നിലയ്ക്കൊക്കെ ചാകായിരുന്നു ഭേദം എന്നു് ആർക്കും തോന്നിപ്പോകും മട്ടിലാണു് അവന്റെ സങ്കടനിവേദനം. ആ ഭീരുത്വത്തിനു് അങ്ങിനെ വേണം ശിക്ഷയെന്നാവാം നമ്പ്യാരുടെ മതം.

ഇങ്ങിനെ സന്ദർഭം കിട്ടുമ്പോഴെല്ലാം ഫലിതപരിഹാസങ്ങൾ പ്രയോഗിച്ചു് കാവ്യത്തെ മധുരമധുരവും ഹൃദ്യവുമാക്കിത്തീർത്തു്, കാവ്യത്തിന്റെ പരമപ്രയോജനം സാക്ഷാൽക്കരിക്കാൻ നമ്പ്യാരെപ്പോലെ മററൊരു കവിക്കും കഴിഞ്ഞിട്ടില്ല.

## 6 കല്യാണസൗഗന്ധികത്തിലെ വർണ്ണനകൾ

പദവല്ലഭനായ കുഞ്ചൻനമ്പ്യാർ വർണ്ണനയുടെ കാര്യത്തിൽ ചെറുശ്ശേരിയേയും എഴുത്തച്ഛനേയും അതിശയിക്കുന്നു. ദൃശ്യകലയായ തുള്ളലിൽ കാണികളെ രസിപ്പിക്കാൻ വർണ്ണനകൾക്കാണു് കൂടുതൽ കഴിവെന്നു് മനസ്സിലാക്കിയ അദ്ദേഹം ചിലപ്പോൾ ഇതിവൃത്തത്തിൽ നിന്നു് വ്യതിചലിച്ചു പോലും നീണ്ട നീണ്ട വർണ്ണനകൾ ചെയ്തിട്ടുണ്ടു്. വ്യക്തിയോ, വസ്തുവോ, സംഭവമോ

Digitized By Kerala Sahitya Akademi

സന്ദർഭമോ, പരിസരമോ, എന്തു തന്നെയാവട്ടെ, ഓരോന്നിനു അനുയോജ്യമായ പദങ്ങൾ തെരഞ്ഞെടുത്തു് സ്ഥൂലമായോ സൂക്ഷ്മമായോ വർണ്ണിച്ചു് അനുവാചകനു് അനുഭവപ്രതീതിയുണ്ടാക്കിക്കൊടുക്കുവാനാണു് നമ്പ്യാർ ശ്രമിച്ചിട്ടുള്ളതു്. അതിനാൽ അദ്ദേഹം തികച്ചും വിജയിച്ചിട്ടുണ്ടു്.

ചമ്പൂക്കളെയാണു് സ്ഥൂലവർണ്ണനയിൽ നമ്പ്യാർ മാതൃകയാക്കിയിട്ടുള്ളതു്. വാരിവലിച്ചുകൊണ്ടുള്ള ചമ്പൂക്കളിലെ വർണ്ണന അവയുടെ കാവ്യഭംഗിയെ കെടുത്തിയപ്പോൾ തുള്ളലുകളിൽ അവ വിജയിക്കുകയാണു ചെയ്തതു്. തന്റെ മുന്നിലുള്ള വിവിധ വിഭാഗത്തിൽപ്പെട്ട കാണികളെ കണ്ടുകൊണ്ടാണു് നമ്പ്യാർ ഈ വർണ്ണനകളെല്ലാം ചെയ്തതു്. ഇതിവൃത്തവുമായി പലപ്പോഴും വലിയ ബന്ധമൊന്നും അവക്കില്ലായിരിക്കാം എങ്കിലും തങ്ങൾക്കു് പരിചിതമായ പ്രശ്നങ്ങളേയും പരിതഃസ്ഥിതികളേയും കുറിച്ചുള്ള ആ സ്ഥൂലവർണ്ണനകൾ കാണികൾക്കു് രസിച്ചു. സാധാരണക്കാരന്റെ ജീവിതവും പ്രശ്നങ്ങളും ചിന്താഗതിയും പ്രതിഫലിപ്പിക്കുന്നു എന്നതാണു് തുള്ളലുകളിലെ വർണ്ണനകൾക്കുള്ള മെച്ചം; മററെന്തെല്ലാം ദോഷങ്ങൾ അവയ്ക്കുണ്ടെങ്കിലും.

കല്യാണസൗഗന്ധികത്തിലെ വനവർണ്ണന നോക്കുക. സൗഗന്ധികപുഷ്പം കണ്ടുപിടിച്ചു് പാഞ്ചാലിക്കു് കൊണ്ടുകൊടുത്തു് അവളുടെ ഇഷ്ടപൂർത്തി വരുത്തുവാനുള്ള ഭീമന്റെ ഉൽക്കണ്ഠയെപ്പോലും വിസ്മരിച്ചുകൊണ്ടാണു് കവി ആ ഘോരകാന്താരത്തിന്റെ വർണ്ണന നടത്തുന്നതു്. നക്ഷത്രമാർഗ്ഗം തൊടുന്ന പത്തുനൂറായിരം ശൃംഗങ്ങളോടു കൂടിയ ഗന്ധമാദന പർവ്വതത്തിലെ താലം, തമാലം മുതലായ നാനാവൃക്ഷങ്ങളും, പലതരം വള്ളികളും, നാനാജാതി പൂക്കളും പേർപറഞ്ഞു് വർണ്ണിച്ചേ നമ്പ്യാർ തൃപ്തിപ്പെടുന്നുള്ളു. ഭീമന്റെ ഗദാഘട്ടനമേല്ക്കുമ്പോൾ പൊട്ടിത്തകർന്നു് നിലംപതിക്കുന്ന വൃക്ഷസമൂഹങ്ങളുടെ ഘോഷം "മററതും ഖണ്ഡിച്ചു മററതിന്മേൽ വീണു മററതും, മററതും ഭസ്മമായു്" എന്നു് ശബ്ദഘോഷംകൊണ്ടു തന്നെ കവി നമുക്കു് അനുഭവ

Digitized By Kerala Sahitya Akademi

പ്പെട്ടത്തിത്തരുന്നു. പാതാളരന്ധ്രത്തിനു തുല്യമായ ഗുഹകളിൽ താമസിക്കുന്ന വേതാളപാളിയും കാള'യും ക്ഷുളിയും ഭൂതാളിപൂത നാ ജാലങ്ങളും മററും വർണ്ണിച്ച് കാനനത്തിലെ ഭയാനകമായ അന്തരീക്ഷം ആവിഷ്ക്കരിക്കുന്നു.

തുടന്ന് കാട്ടാളന്മാരും നായാട്ടും, കാട്ടുമൃഗങ്ങളുമാണ് ന മ്പ്യാരുടെ വർണ്ണനക്ക് വിഷയമാവുന്നതു്. "ചെമ്പിച്ച താടി യും മീശയും കേശവും മററും ചേന്ന കാട്ടാളരാജാവിൻെറ ചി ത്രം എത്രയും സജീവമായിരിക്കുന്നു. നായാട്ടനായ്ക്കളുടെ പേരും സ്വഭാവവും കൂടി അദ്ദേഹം വിട്ടുകളയുന്നില്ല. തികച്ചും നിസ്സാര ങ്ങളെന്നു തോന്നുന്ന ഇത്തരം ഭാഗങ്ങൾ അഭിനയമറിയുന്ന തുള്ള ല്ക്കാരൻെറ കയ്യിലെത്തുമ്പോൾ കാണികൾക്കതു് രസകരമായിരി ക്കുമെന്നു് നമ്പ്യാർക്കറിയാം. കാട്ടാളന്മാരുടെയും വേട്ടക്കാരുടേ യും സംഭാഷണത്തിലാണ് പിന്നീടു് അദ്ദേഹം ശ്രദ്ധിക്കുന്നതു്. എന്തെല്ലാം പ്രശ്നങ്ങളാണവക്ക് ? കാട്ടാളരാജാവിൻെറ കൊടും ക്രൂരതകൾ, കാട്ടാളനാരിയുടെ വൃത്തികെട്ട രൂപവും, വേഷവും, ഒരുവൻെറ പെണ്ണിനെ മറെറാരുവൻ തൊട്ട കഥ ഇങ്ങിനെ പല തും സംഭാഷണവിഷയമാണ്.

അച്ചിക്കു ദാസ്യവൃത്തി ചെയ്യുന്ന കാട്ടാളരാജാവു് കൊ ച്ചിക്കുപോയി തൊപ്പിയിടേണമെന്നും കൂടി ഭീമൻ കേൾക്കെ കാ ട്ടാളന്മാർ പറയുന്നതു്, രസകരമായിട്ടുണ്ടു്. തനിക്കു് പരിചിത മായ വ്യക്തികളേയും സാമൂഹ്യസ്ഥിതിഗതികളേയുമാണ് ഇ തെല്ലാം വർണ്ണിക്കുമ്പോൾ നമ്പ്യാരുടെ മനസ്സിലുണ്ടായിരുന്നതു്.

നായാട്ടിൻെറ ഘോഷമാണ് അടുത്തതു്. കുരമ്പുകളേററ നിലവിളിച്ച് ഓടുന്ന മൃഗങ്ങൾ. മൃഗങ്ങളെ കണ്ടു ഭയപ്പെട്ടോ ടി കുണ്ടുകിണററിലും കടുവായിൻവായിലും ചെന്നു പെടുന്നവർ ഇവരെയെല്ലാം ഏററവും രസകരമായ രീതിയിലാണ് നമ്പ്യാർ വർണ്ണിക്കുന്നതു്. നേരമ്പോക്കും പരിഹാസവുംകൊണ്ടു് ഏററവും ഹൃദ്യമായിത്തോന്നുന്ന ഈ വർണ്ണനകൾ, കഥയിൽ നിന്നു ബഹുദൂ

Digitized By Kerala Sahitya Akademi

രം പോരാതെന്ന കഥപോലും കാണികളെ വിസ്മരിപ്പിക്കുവാൻ പര്യാപ്തമാണ്.

വല്ലീഗൃഹങ്ങളിൽ സല്ലീലയാടുന്ന ഗന്ധർവ്വമല്ലാക്ഷിമാരുടെ ശൃംഗാരവിലാസങ്ങളുടെ വർണ്ണന, അതേവരെ കാനനവും നായാട്ടും വർണ്ണിക്കുന്നതു കേട്ടു മുഷിഞ്ഞിരിക്കാനിടയുള്ള കാണികൾക്കു നൽകുന്ന ഒരു ഇഞ്ചിക്കറിയാണ്. വനവാസിയായ വൃകോദരൻ വല്ലീഗൃഹങ്ങളിലെ ആ ലീലാവിലാസം കണ്ടു കുനിട്ടുനോക്കി എന്നു പറയുമ്പോൾ നാം അറിയാതെ പൊട്ടിച്ചിരിച്ചുപോകും.

കോമളശ്രീപൂർണ്ണമായ കദളീവനത്തിന്റെ സൂക്ഷ്മവും സുന്ദരവുമായ വർണ്ണന നമ്പ്യാരുടെ ഔചിത്യത്തിനു മികച്ച ദൃഷ്ടാന്തമാണ്. പവിഴവും പച്ചരത്നക്കല്ലും ഒന്നിച്ചുകോർത്ത മാലകൾകൊണ്ടു വിതാനിച്ച ദിക്കെന്നു തോന്നിക്കുമാറു നന്നായി പഴുത്ത പഴങ്ങളോട് ഇടകലർന്ന പച്ചക്കദളിക്കുലകൾ തിങ്ങിയ ആ കദളീവനം ശ്രീഹനുമാന്റെ വാസഭൂമിക്കുചിതം തന്നെയെന്ന് ആരും സമ്മതിക്കും. കുറച്ചു വരികൾകൊണ്ട് ഏറ്റവും മനോഹരവും സജീവവുമാക്കിത്തീർത്ത ഈ വർണ്ണന നമ്പ്യാരുടെ അനുപമമായ കവിതയത്തിന്റെ ശക്തികേന്ദ്രമാണെന്നു പറയാം.

പദങ്ങൾകൊണ്ടു ചിത്രം വരയ്ക്കാനുള്ള നമ്പ്യാരുടെ പാടവത്തിന് ഉദാഹരണമാണ്. ഇതിലെ വൃദ്ധവാനരന്റെ വർണ്ണന.

"മനംകൊണ്ടിങ്ങനെ ... ...
... ...നേത്രവും ചിമ്മി—ക്കിട

ക്കുന്ന ആ വൃദ്ധവാനരനെ നമുക്കു കൺമുന്നിൽ കാണാം.

ഇതേ വൃദ്ധവാനരൻ ഹനുമാനായി ഭീമന്റെ മുന്നിൽ വിശ്വരൂപം കാണിക്കുന്ന ഭാഗം വർണ്ണിക്കുമ്പോൾ ഉപയോഗിക്കുന്ന പദങ്ങളുടെ ശക്തി ശ്രദ്ധേയമാണ്.

"തുടുതുട നയനങ്ങളുമമ്പൊടു ചെമ്പുകിടാരംപോലെ
കുടിലാകൃതി ശശികലപോലെ വിളങ്ങിന ദന്തകദംബം

Digitized By Kerala Sahitya Akademi

ചടുലസ്ഫുട സടകളമിടകലരുന്ന ഭയങ്കരമുഖവും
പരിഘത്തൊടു പടപൊരുതീടിന പൃഥുതരകര ദണ്ഡയുഗം”

എന്തൊരോജസ്സും ഗാംഭീര്യവുമാണു് പദശക്തികൊണ്ടു് ഈ ഭാഗത്തിന്നു് കൈവന്നിട്ടുള്ളതെന്നു് നോക്കുക.

സൗഗന്ധികപ്പൊയ്ക വർണ്ണിക്കുന്നിടത്തു് അതിന്റെ മഹത്വവും ദിവ്യത്വവും മനോഹാരിതയും പൂർണ്ണമായി പ്രതിഫലിപ്പിക്കുവാൻ പര്യാപ്തമായ പദങ്ങളും രീതിയുമാണു് നമ്പ്യാർ സ്വീകരിച്ചിരിക്കുന്നതു്. ആ വൃത്തത്തിനു തന്നെ ആ പൊയ്കയുടെ അസാധാരണത്വം വെളിപ്പെടുത്താൻ കഴിവുണ്ടെന്നു തോന്നിപ്പോകും.

“കല്ലോലജാലം കളിക്കുന്ന കണ്ടു
കമലമണി നിറമുടയ കമലമതു കണ്ടു”—എന്നാരംഭിക്കുന്ന ആ ഭാഗം നമ്പ്യാരുടെ സൂക്ഷ്മവർണ്ണനക്കു് ഉദാഹരണമാണു്.

വർണ്ണ്യവിഷയത്തിന്റെ രസഭാവങ്ങൾക്കു് അനുയോജ്യമായ പദങ്ങളും വൃത്തങ്ങളും തിരഞ്ഞെടുത്തു് പ്രയോഗിക്കുന്നതിൽ നമ്പ്യാർക്കു് അസാമാന്യമായ കഴിവാണുള്ളതെന്നു് മുൻഉദാഹരണങ്ങളിൽനിന്നു് വ്യക്തമാവുന്നതാണു്. എന്നാൽ നായാട്ടും, സദ്യയും യുദ്ധവും വിവാഹവും വർണ്ണിക്കുന്നേടത്താണു് നമ്പ്യാരുടെ സിദ്ധികൾ പൂർണ്ണരൂപത്തിൽ നമുക്കു് കാണാൻ കഴിയുന്നതു്. ചുരുക്കേണ്ടിടത്തു് ചുരുക്കിയും വിസ്തരിക്കേണ്ടിടത്തു് വിസ്തരിച്ചും വർണ്ണിക്കാൻ അദ്ദേഹത്തിനു് ഒരു വിഷമവുമില്ല. കാണികളുടെ അഭിരുചിയും, അഭിനന്ദനവും മാത്രമേ തുള്ളലിനെ സംബന്ധിച്ചു് പരിപാലിക്കേണ്ട ഔചിത്യമായി നമ്പ്യാർ പരിഗണിച്ചിരുന്നുള്ള എന്നുവേണം കരുതാൻ. അതിൽ അദ്ദേഹത്തിനു് കണക്കു് തെററിയിട്ടുണ്ടെന്നു് പറഞ്ഞുകൂടാ.

## സാമൂഹ്യവിമർശനം

തനിക്കു് പരിചിതമായ കേരളീയ സമൂഹത്തെ അതിന്റെ എല്ലാ സ്വഭാവവിശേഷങ്ങളോടുംകൂടി സ്വ കവിതകളിൽ പ്രതി

Digitized By Kerala Sahitya Akademi

ബിംബിപ്പിച്ച പ്രതിഭാസമ്പന്നനായ മഹാകവിയാണ് കുഞ്ചൻ നമ്പ്യാർ. പുരാണേതിഹാസപ്രസിദ്ധങ്ങളായ കഥകളേയും കഥാപാത്രങ്ങളേയും കേരളീയജീവിതത്തിന്റെ പ്രത്യേകതകളോടുകൂടി പരോക്ഷമായി ബന്ധപ്പെടുത്തി. പരിഹാസമധുരമായി അദ്ദേഹം ആവിഷ്ക്കരിച്ചു. ദൃശ്യകലയായ തുള്ളലിനു് തന്മൂലം ലഭിച്ച പ്രചാരവും പൊതുജനസമ്മതിയും അതിനെ ആ കാലഘട്ടത്തിലെ ജനകീയകലയാക്കിത്തീർത്തു.

വ്യക്തമായ ലക്ഷ്യബോധത്തോടുകൂടിയാണ് നമ്പ്യാർ തുള്ളലുകൾ രചിച്ചതു്. ഭീരുത്വം, കള്ളക്കടി, വ്യഭിചാരം, അഴിമതി, കൈക്കൂലി, ദുർഭരണം മുതലായ സാമൂഹ്യദോഷങ്ങൾ അദ്ദേഹത്തെ വേദനിപ്പിച്ചു. തീക്ഷ്ണമായ പരിഹാസത്തിലൂടെ അവ ദൂരീകരിച്ചു് സമുദായത്തെ ശുദ്ധമാക്കിത്തീർക്കുവാനാണ് നമ്പ്യാർ ശ്രമിച്ചതു്.

തനിക്കു് പരിചിതമായ സമൂഹത്തെ അതിന്റെ യഥാർത്ഥരൂപത്തിൽ ആവിഷ്ക്കരിക്കുവാനുള്ള ഒരു ഉപാധി മാത്രമായിരുന്നു നമ്പ്യാർക്കു് പുരാണേതിഹാസകഥകൾ. സംഭവം നടക്കുന്നതു് സ്വർഗ്ഗത്തിലോ, അളകയിലോ എവിടെയായാലും കൊള്ളാം. തനിക്കു് പരിചയമുള്ള കൊട്ടാരക്കെട്ടുകളും പ്രഭുക്കളുടെ മണിമാളികകളും കേരളീയക്ഷേത്രങ്ങളും, അവിടത്തെ ഉത്സവങ്ങളും, കേരളത്തിലെ ആചാരരീതികളും വർണ്ണിച്ചുകൊണ്ടാണ് നമ്പ്യാർ ആ പുരാണകഥകളുടെ ലോകം നമുക്കു് പരിചയപ്പെടുത്തിത്തരുന്നതു്. രാജസേവകന്മാരെന്നു് ഭാവിച്ചു് സ്വാമിദ്രോഹം ചെയ്യുന്നവരെയും, ഒരു ജോലി ചെയ്യാതെ കുടുംബസ്വത്തു് തിന്നുമുടിച്ചും ആയുധങ്ങൾ പണയംവെച്ചും കഴിഞ്ഞുകൂടുന്നവരേയും, സ്ത്രീലമ്പടന്മാരേയും പൊങ്ങച്ചം ഭാവിച്ചു നടക്കുന്ന പ്രഭുക്കളേയും, കള്ളക്കണക്കെഴുതുന്ന കണക്കപ്പിള്ളമാരേയും ഊട്ടുതെണ്ടിനടക്കുന്ന ബ്രാഹ്മണരേയും, ഉള്ളതെല്ലാം വൈദ്യനും മന്ത്രവാദിക്കും ജോത്സ്യനും, വേശ്യക്കും കൊടുത്തു് തെണ്ടിനട

Digitized By Kerala Sahitya Akademi

ക്കന്നവരെയും നമ്പ്യാർ ശകാരത്തിന്റെ ചുള്ളകൊണ്ട് മുറി വേല്പിച്ചുതന്നെ കണക്കിന്ന് കളിയാക്കി വിടുന്നുണ്ട്. ദുര്യോധനൻ, രാവണൻ എന്നീ ദുഷ്ടന്മാരായ രാജാക്കന്മാരുടെ മറവിൽ നിന്നുകൊണ്ട്, തനിക്ക് ആശ്രയം നൽകിപ്പോന്ന രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടെയും കൊള്ളരുതായ്മകളേയും ജനദ്രോഹപ്രവർത്തനങ്ങളേയും നമ്പ്യാർ അധിക്ഷേപിച്ചു ഇങ്ങിനെ സമൂഹത്തെ ശുദ്ധീകരിക്കാനുംകൂടി ഉള്ളതാണ് സാഹിത്യമെന്ന് കുഞ്ചൻതുള്ളലുകളിലൂടെ വ്യക്തമാക്കി.

കല്യാണസൗഗന്ധികത്തിൽ സാമൂഹ്യവിമർശനത്തിനും പരിസരചിത്രണത്തിനും ഉള്ള സന്ദർഭങ്ങൾ കുറവാണ്. എങ്കിലും രസികനായ നമ്പ്യാർ അവിടെയും ചില സന്ദർഭങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഗന്ധമാദനപർവ്വതത്തിലെ നായാട്ടുകാരുടെ വർത്തമാനം കേരളത്തിലെ ഒരിടത്തരം കുടുംബത്തിന്റെ അനുഭവാഖ്യാനമാണെന്നു പറയാം. മരുമക്കത്തായത്തറവാട്ടിലെ കാരണവരായ അമ്മാമന്റെ അതേ സ്വഭാവവും ദുർഭരണവുമാണ് കാട്ടാളരാജാവിൽ കവി ആരോപിച്ചിട്ടുള്ളത്. നായാട്ടുകാരുടെ കുടുംബജീവിതമാകട്ടെ, രാജാക്കന്മാരുടെ ദുർഭരണം കൊണ്ട് നിത്യദാരിദ്ര്യത്തിൽ കഴിയുന്ന സാധാരണ കേരളീയ കുടുംബത്തിന്റേതുമാണ്.

ചങ്ങാതിയുടെ പെണ്ണിനെച്ചെന്നു പിടിച്ചതിനാൽ കൂട്ടുകാരെല്ലാംകൂടി തല്ലിപ്പുറത്താക്കിയ ഒരു വൻചാട്ടം പഴിച്ചു കരഞ്ഞെപ്പോലെ നടപ്പാണ്. കള്ളും കറുപ്പും വാങ്ങാൻവേണ്ടി ഒരു പടയാളി ഭാര്യയെ പണയംവെച്ചിരിക്കയാണ്. പറയുന്നതു് ആ നിമിഷംതന്നെ ചെയ്യാത്ത ഭൃത്യരെ തല്ലുന്നവനാണ് കാരിയക്കാരൻ. കള്ള ചുമന്നു തലവേദന പിടിപെട്ടു ചെല്ലുമ്പോൾ നല്ല വാക്കൊന്നും പറയാതെ കൊള്ളിവാക്കു പറയുന്ന കാട്ടാളരാജാവു കാട്ടാളനാരിയെ പേടിച്ചുകൊണ്ടാണ് ജീവി

Digitized By Kerala Sahitya Akademi

കുന്നതു്. ഉള്ളിയും മഞ്ഞളും പൂശി വള്ളിക്കുടിലിനുള്ളിൽ കിടക്കുന്ന കാട്ടാളനാരിയുടെ കല്പന കേട്ടവർക്കേ ചോറു കിട്ടുകയുള്ളു. ഇതെല്ലാം നമ്പ്യാരുടെ കാലത്തെ കൊട്ടാരങ്ങളിലേയും ഇടത്തരം വീടുകളിലേയും സ്ഥിതിഗതികളായിരുന്നു.

അച്ചിക്കു ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം.

എന്നുകൂടി ഒരു വേടനെക്കൊണ്ടു പറയിക്കുന്ന നമ്പ്യാർ സ്ത്രീജിതന്മാരായ പ്രഭുക്കന്മാരെയാണ് അതിലൂടെ ലക്ഷ്യംവെച്ചിട്ടുള്ളതെന്നു വ്യക്തമാണു്.

പടയിൽ ഒളിച്ചോടിച്ചെന്നു കടുവായുടെ വായിൽ പതിക്കുന്നതു് ഒരു നായരാണു്. ഇതു കണ്ടു മറെറാരു കുന്തക്കാരൻ കോപിച്ചു മീശ മുറുക്കി. ഉടനെ ഒരൊററ ഓട്ടം വീട്ടിലേക്കു്. ചോറിനുവേണ്ടി കാട്ടാളവേഷമനുഷ്ഠിച്ചു പടക്കളത്തിൽ ഭീരുക്കളായി വർത്തിക്കുന്ന ഇവർ നമ്പ്യാർക്കു പരിചിതരായ തിരുവിതാംകൂർ ഭടന്മാരാണു്.

സൗഗന്ധികപ്പൊയ്ക കാത്തുരക്ഷിക്കുന്ന രാക്ഷസന്മാരുടെ സംഭാഷണത്തിലൂടെ കൊട്ടാരങ്ങളിൽ താമസിക്കുന്ന ഏഷണിക്കാരുടെ സ്വഭാവം നമ്പ്യാർ വെളിപ്പെടുത്തുന്നുണ്ടു്. സ്ത്രീജിതന്മാരായ രാജാക്കന്മാരുടെ അലസജീവിതവും കുബേരന്റെ വർണ്ണനയിലൂടെ നമ്പ്യാർ നല്കുന്നു.

തമ്പുരാനിപ്പോളെടുപ്പാൻ കൊടുക്കുന്ന
പെമ്പിറന്നോർ പത്തുനൂറിൽ കുറവില്ല.

അവർക്കെല്ലാം നിത്യം പൂ വേണം. അതു കൊണ്ടുപോകുന്ന രാക്ഷസന്മാർക്കു പുകയില, വെററില, പാക്കെന്നിവ അവർ ധാരാളം കൊടുക്കും.

“മോഷണം തെല്ലുണ്ടിവർക്കെന്നാ ഞങ്ങടെ
ദൂഷണക്കാർ ചെന്നു മൂപ്പിലെ കേൾപ്പിച്ചാൽ
ഏഷണിക്കാരും പലരുണ്ടവരുടെ
ഭീഷണികൊണ്ടും ഭയമില്ല ഞങ്ങൾക്കു്

Digitized By Kerala Sahitya Akademi

പെൺപിറന്നോർ ചെന്നുണർത്തിച്ചതൊന്നുമി-
ത്തമ്പുരാൻ കേൾക്കാതിരിക്കില്ല നിശ്ചയം."

എന്നാണ് അവരുടെ വിശ്വാസവും സമാധാനവും.

രാജാവിനോട് ഏഷണി പറയുന്ന മന്ത്രിമാർ, അവരുടെ ഏഷണിയിൽനിന്ന് മോചനം നേടാൻ കെട്ടിലമ്മമാരെ സേവ പിടിക്കുന്ന സേവകന്മാർ, ഇവരെല്ലാം നമ്പ്യാർക്ക് പരിചിതരാണ്. ആ സമ്പ്രദായങ്ങളെ ഈ പുരാണകഥയുടെ മറവിൽനിന്നുകൊണ്ട് ശക്തിയായി എതിർക്കുകതന്നെയാണ് നമ്പ്യാർ ഇവിടെ ചെയ്തിട്ടുള്ളത്. കാരിയക്കാരും, മേനോക്കിയപ്പനും, ആരിയപ്പട്ടരും, അടുക്കളക്കാരും, അകമ്പടിക്കാരും, നായന്മാരും ബ്രാഹ്മണരും സ്വാർത്ഥലാഭത്തിനുവേണ്ടി തമ്മിൽതല്ലിയും, കുതികാൽ വെട്ടിയും, സേവപിടിച്ചും, തിക്കിത്തിരക്കിയിരുന്ന അന്നത്തെ കൊട്ടാരങ്ങളെ മനസ്സിൽ വെച്ചുകൊണ്ടുതന്നെയാണ് കുഞ്ചൻ കുബേരരാജധാനിയെ ഈ വിധം ചിത്രീകരിച്ചതെന്നു കരുതേണ്ടിയിരിക്കുന്നു.

രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടെയും ഔദാര്യം അനുഭവിച്ചുകൊണ്ട് കഴിഞ്ഞുകൂടിയ നമ്പ്യാർ സമുദായത്തിന്റെ എല്ലാ മണ്ഡലങ്ങളിലുമുള്ള വൃത്തികേടുകളേയും പററി ശക്തിയായി വിമർശിച്ചു. ആരേയും അദ്ദേഹം ഭയപ്പെട്ടില്ല. ജനങ്ങളെ ബോധവാന്മാരാക്കിത്തീർക്കുക എന്നത് തന്റെ സാഹിത്യപ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി അംഗീകരിച്ച നമ്പ്യാർ, സാഹിത്യത്തെ ജനജീവിതവുമായി ബന്ധപ്പെടുത്തിയ ആദ്യത്തെ മഹാകവിയാണെന്നു തീർത്തു പറയാം.

## വൃത്തങ്ങൾ

കല്യാണസൗഗന്ധികത്തിൽ പ്രയോഗിച്ചിട്ടുള്ള പ്രധാന വൃത്തങ്ങൾ താഴെ വിവരിക്കുന്നു.

Digitized By Kerala Sahitya Akademi

## 1 കാകളി

മാത്രയഞ്ചക്ഷരം മൂന്നിൽ
വരുന്നോരു ഗണങ്ങളെ
എട്ടുചേർത്തുള്ളീരടിക്കു
ചൊല്ലാം കാകളിയെന്നുപേർ.

ഉദാ:—അച്ഛിക്കു ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം.

ഈ കൃതിയിൽ അധികഭാഗവും ഈ വൃത്തത്തിലാണ്.

## 2 വക്ത്രം

"ആദ്യക്ഷരം കഴിഞ്ഞിട്ടു
നസകാരങ്ങളും കൂടാതെ
നാലിൻശേഷം യകാരത്തെ
ച്ചെയ്താൽ വക്ത്രമനുഷ്ടപ്പിൽ"

ആദ്യക്ഷരം വിട്ട് മററുള്ളവയെ ഗണങ്ങളാക്കുക. അതിൽ ഒന്നാം ഗണം നഗണമോ, സഗണമോ പാടില്ല. നാലാമക്ഷരത്തിനു ശേഷം അതായത് രണ്ടാംഗണം യഗണമായിരിക്കണം. ഇതാണ് വക്ത്രം. ഭാഷാവൃത്തത്തിൽ പലപ്പോഴും ലഘുക്കളെ പാടി നീട്ടി ഗുരുവാക്കേണ്ടിവരും.

ഉദാ:—"കുലഗുരുസമനായ
കുലയാനത്തലവൻെറ
കുലമെല്ലാമൊരുമ്പാടെ
കൊലചെയ്തോരുമാകാന്തൻ"

കാകളി കഴിഞ്ഞാൽ പിന്നെ പ്രധാനമായ വൃത്തം ഇതാണ്.

## 3 കൃശമദ്ധ്യ

"അടിയൊന്നിലെഴുത്തേഴ്
നാലിലോ അഞ്ചിലോ ലഘു
മററുള്ളതെല്ലാം ഗുരുവാം
കൃശമദ്ധ്യാഖ്യമാമിത്."

Digitized By Kerala Sahitya Akademi

ഉദാ:—കായാമ്പൂ മലർക്കുള്ളി—
ലായാസം വളർത്തുന്ന
കായാകാർമുകിൽ വർണ്ണാ
മായാമാനുഷാ കൃഷ്ണാ.

4 അജഗരഗമനം

ലഘുപ്രായം ചതുർമ്മാത്ര
ഗണമാറൊരു ദീർഘവും
ചേർന്നുവന്നാലജഗര—
ഗമനാഭിധവൃത്തമാം.

ഉദാ:—

വർദ്ധിത തരധവളഹിമാചല സന്നിഭതുംഗശരീരൻ
നെട്ടതാകിന കൊടിമരമെന്ന കണക്കെ തടിച്ചൊരുവാലും

5 കേക

മൂന്നാം രണ്ടും രണ്ടും മൂന്നാം
രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിലാറു ഗണം
പാദം രണ്ടിലൊന്നുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം
മാറാതോരോ ഗണത്തിലും
നടുക്കു യതിപാദാദി—
പ്പൊരുത്തമിതു കേകയാം

ഉദാ:—പാരാതെ കപിശ്രേഷ്ഠന്മാരോടുമൊരുമിച്ചു
വീരപുംഗവൻ രാമൻ വാരിധി തടേ ചെന്നു.

കേകയുടെ ഒരു വരിയെ മദ്ധ്യതയിൽവെച്ചു മുറിച്ചു രണ്ടു വരികളാക്കി എഴുതാം. ഇതിനു് അർദ്ധകേക എന്നു പറയും.

കേകപാദത്തെ വർദ്ധിച്ചാ—
ലർദ്ധകേകയതായിടും.

Digitized By Kerala Sahitya Akademi

ഉദാ:—പാരാതെ കപിശ്രേഷ്ഠ-
ന്മാരോടുമൊരുമിച്ച്.

6 കളകാഞ്ചിയുടെ ഒന്നാംപാദം രണ്ടാംപാദമായും രണ്ടാംപാദം ഒന്നാംപാദമായും മറിച്ചിട്ടാൽ പരുസ്തകാഞ്ചി.

**കളകാഞ്ചി**

കാകളിക്കാദ്യ പാദാ ത്തെ
രണ്ടോ മൂന്നോ ഗണങ്ങളെ
അയ്യഞ്ചു ലഘുവാക്കീടി-
ലുളവാം കളകാഞ്ചികേയം.

ഉദാ:—'കല്ലോലജാലം കളിക്കുന്ന കണ്ടു
കമലമണി നിറമുടയ കമലത്തു കണ്ടു.

രണ്ടു വരിയിലും ഒടുക്കത്തെ ഗണത്തിൽ, കാകളിയുടെ നിയമമനുസരിച്ച് ഓരോ അക്ഷരം കുറവാണ്.

"കളകാഞ്ചിയുടെ പാദങ്ങൾ മറിച്ചിട്ടും പാദാവസാനങ്ങളിൽ ഓരോ അക്ഷരം വിട്ടും വരുന്നതാണ് പരുസ്തകാഞ്ചി" എന്ന കേരളകൗമുദിയിലെ ലക്ഷണമാണ് ഇവിടെ യോജിക്കുന്നതു്.

ഇവയിൽ പെടാത്തതും ലക്ഷനിർണ്ണയം ചെയ്യപ്പെടാത്തതുമായ ചില വൃത്തങ്ങളും തുള്ളലിലുണ്ട്.

Digitized By Kerala Sahitya Akademi

# കല്യാണസൗഗന്ധികം

## ശീതങ്കൻതുള്ളൽ

### പ്രാരംഭം

"കുലഗിരിസമമായ കുലയാനത്തലവന്റെ
കുലമെല്ലാമൊരുമ്പാടെ കൊലചെയ്താരുമാകാന്തൻ
കുലുങ്ങാതെ കരിവേഷം കലന്നാശു വിരവോടെ
മലമകളും പിടിയായി മലമൂട്ടിൽ കളിക്കുമ്പോൾ
മലർബാണം തറച്ചാശു മലതന്റെ തടം തന്നിൽ
മലനാരിയെഴുന്നള്ളിപ്പുലർന്നേരം രമിക്കുമ്പോൾ
ഉലകിന്റെ ശുഭകർമ്മഫലമാശു വരുത്തുവാൻ
അലസാതെ പിറന്നാശു ബലനായിട്ടിരിക്കുന്ന
പരദൈവം ഗണനാഥൻ കലവിയോടടിയന്റെ
കലുഷത്തെക്കളഞ്ഞാശു പലനേരം തുണയ്ക്കേണം
കലയോഹം നമസ്കാരം കലയോഹം നമസ്കാരം
കളവാണി സരസ്വതി തെളിവോടെ മനക്കാമ്പിൽ
വിളയാടിക്കളിക്കേണം കളങ്കങ്ങളകറ്റേണം
കളികൾക്കുള്ളൊരുവല്ലം കളഞ്ഞെന്നെത്തുണയ്ക്കേണം
ഹരിഹരസുതനയ്യൻ തിരുവടിയടിയന്റെ
മനതാരിൽ പരിഭവമകലുവാൻ തുണയ്ക്കേണം.
വാനോർ നദീപുരേ വാണരുളീടുന്ന
ദീനാനുകമ്പിയാം കൃഷ്ണൻ തിരുവടി

Digitized By Kerala Sahitya Akademi

ദീനംകളഞ്ഞെന്നെ രക്ഷിച്ചുകൊള്ളണ
മാനന്ദമുള്ളിൽ വളരെ വളർത്തണം
ചെമ്പകനാട്ടിന്നലങ്കാരഭൂതനാം
തമ്പുരാൻ ദേവനാരായണ സ്വാമിയും
കമ്പംകളഞ്ഞെന്നെ രക്ഷിച്ചുകൊള്ളണം.
കുമ്പിടുന്നേൻ നിന്നു തമ്പദാംഭോരുഹം
 നന്ദികാരണ്യമാം മന്ദിരേ വാഴുന്ന
മന്ദാരദാരുവാം ബാലരവിയുടെ
നന്ദിവരുത്തുന്ന കണ്ടങ്കരിക്കാവി—
ലിന്ദുചൂഡപ്രിയേ! വന്ദേ ഭഗവതി
മന്ദേതരം മമ മന്ദത തീർത്തുടൻ
വന്നിസ്സഭതന്നിലൊന്നു വിലസണം.
 കിള്ളിക്കുറിശ്ശിയെന്നുള്ള പുരംതന്നി–
ലുള്ളപരദൈവ മുള്ളത്തിൽവന്നുടൻ
കള്ളങ്ങളാകവേ തള്ളിപ്പുറത്താക്കി
വെള്ളത്തിരപോലെ തള്ളിപ്പുരകുന്ന
വെള്ളസ്സരസ്വതി വള്ളിദീർഘങ്ങളും
പുള്ളിവിസർഗ്ഗമെന്നുള്ള കള്ളംവരാതെ ക–
ണ്ടുള്ളിൽസദാ തിരുവുള്ളംഭവിക്കണം
തുള്ളൽകളങ്ങളിൽ പള്ളികൊള്ളേണമേ
ഭാഷയായിട്ടു ചമയ്ക്കുന്നവാക്കുകൾ
ദോഷമകന്നു വരുത്തുവാൻ ദുർഘടം
ശേഷമുള്ളാളുകൾ കേട്ടുനമ്മെക്കൊണ്ടു
ദൂഷണം കെട്ടിച്ചമയ്ക്കാനടുക്കയാൽ,
ദോഷനാമുള്ളോരെനിക്കു കനക്കവേ
ഭൂഷണമെന്നു മനസ്സിലുറക്കുന്നു.
 ഏറെത്തുടങ്ങിയാലൊന്നും ഫലംവരാ
വാറില്ല വാക്കിനെന്നെല്ലാവരുമിനി
കുറവുള്ളവർക്കും ദൂഷിച്ചിൽ തുടങ്ങുമി–

Digitized By Kerala Sahitya Akademi

പ്പോററത്ത്മറെപ്പറഞ്ഞു തുടങ്ങിയാൽ
ആദരാലെങ്കിലും കോരിവിളമ്പിയാൽ
സ്വാദില്ലയെന്നു വരുമിനി നിർണ്ണയം
പഞ്ചസാരപ്പൊടിയേററം ചെലുത്തിയാൽ
നെഞ്ചകത്തങ്ങുരുചിയും കുറഞ്ഞുപോം
ചൊല്ലുന്ന കേൾക്കമിപ്പാമെന്നുറച്ചിട്ടു
പല്ലുതൊട്ടെണ്ണുവാനിച്ഛ തുടങ്ങൊലാ.
നെല്ലും പണങ്ങളുമുണ്ടെന്നുറച്ചിട്ടു
കല്ലിലും പുല്ലിലും തൂകിത്തുടങ്ങൊലാ.
നല്ലോരു ബുദ്ധിമാന്മാരിക്കഥാസാര-
മെല്ലാമറിഞ്ഞു നിറഞ്ഞ സഭതന്നി-
ലുല്ലാസമോടേ പ്രയോഗിച്ചു കാണുകിൽ
കല്ല്യാണമല്ലോ കവികൾക്ക സന്തതം.
അംഭോജനാളത്തിലുന്മീലിതം പൊരു-
ളൻപതു പത്തുരണ്ടിൽ പെരുക്കീട്ടവ-
പുഞ്ചാക്ഷരത്തടി ശാഖാലതാപുഷ്പ-
സഞ്ചയം തന്നിൽ മറഞ്ഞു നികരുന്ന
സന്താന വേദപ്പൊരുളുകൾ വെച്ചിട്ടു
താമരസാക്ഷൻെറ മെത്തകെ താഴത്തു
താങ്ങിക്കിടക്കുന്നവനെ ചുമക്കുന്ന
വമ്പൻെറ കൊമ്പൻെറ കൊമ്പൊന്നൊടിച്ചോൻെറ
ചേട്ടനെപ്പിടിച്ചു നാട്ടീന്നു പോയോൻെറ
ചാട്ടിൻെറ കുട്ടിൻെറ കോട്ടം തിമിർത്തവ-
നണ്ണികഴത്തവത്തൊരു പുരുഷനെ
നുള്ളം തെളിവോടു വന്നു തുണെയ്ക്കണം.
കല്യാണ ശീലനാം കാർമുകിൽ വർണ്ണനെ-
ക്കല്യാത്മ ഭാവേന വന്ദിച്ചുകൊണ്ടു ഞാൻ
കല്യാണസൌഗന്ധികാഖ്യം കഥാഭാഗ-
മുല്ലാസകാരണം ഭാരത സത്തമം

Digitized By Kerala Sahitya Akademi

ചൊല്ലേറുമിക്കഥാലേശം ചുരുക്കി ഞാൻ
ചൊല്ലുവാൻ തുടങ്ങുന്നു ദേശികാനുഗ്രഹാൽ
കല്ഹാരപുഷ്പം ഹരിച്ചോരു ഭീമന്റെ
കല്യാണവിക്രമം വർണ്ണിച്ചു ചൊല്ലുവാൻ
തെല്ലും മതിയാകയില്ല ഞാനെങ്കിലും
വല്ലതും കിഞ്ചിൽ കഥിക്കുന്നതേ വരൂ.
'നല്ല വിദ്വാന്മാർ പറഞ്ഞു ഫലിപ്പിച്ചു
നല്ലൊരു കീർത്തി ലഭിച്ച കഥാമൃതം
കില്ലുകൂടാതെ കഥിപ്പാൻ തുടർന്നവൻ
നല്ല ഭോഷച്ചാരതിനില്ല സംശയം
എന്നു പറഞ്ഞു പരിഹസിക്കുന്നവ—
രൊന്നു ബോധിക്കണമിന്നുമാലോകരേ,
മുന്നം ഭഗീരഥൻ പാരം പണിപ്പെട്ടു
മന്ദാകിനീജലം കൊണ്ടുവന്നാദരാൽ
മന്നിടം തന്നിൽ പരത്തി മഹാരഥൻ
തന്നുടെ മുമ്പിൽ മരിച്ച പിതൃക്കളെ
ഒന്നൊഴിയാതവൻ തർപ്പിച്ചു തർപ്പിച്ചു
ധന്യരെ സ്വർഗ്ഗത്തിലാക്കിപോലും നൃപൻ
അജ്ജലം തന്നിൽ മററുള്ള മഹാജനം
മജ്ജനം ചെയ്യുന്നു തർപ്പണം ചെയ്യുന്നു
ഗജ്ജനം ചെയ്യുന്നപോലെ മഹീതലേ
ദുർജ്ജനം നമ്മെപ്പരിഹസിച്ചെങ്കിലും
അർജ്ജുനാഗ്രജ ഭവാൻ തന്റെ പരാക്രമം
വാഴ്ത്തിച്ചു മററൊന്നു വർണ്ണിക്കയില്ല ഞാൻ.

## പാഞ്ചാലീഭീമസംവാദം

എങ്കിലോ പണ്ടു യുധിഷ്ഠിരൻ ഭീമനും
മങ്കമാർ മൌലിയാം പാഞ്ചാലപുത്രിയും
മാദ്രീസുതന്മാരിരുവരുമവ്വണ്ണ
മദ്രിവനാന്തേ നടക്കും ദശാന്തരേ,

Digitized By Kerala Sahitya Akademi

ഗന്ധവാഹത്താൽ സമാഹൃതമായ സൌ-
ഗന്ധികം കണ്ടടൻ കൌതുകാൽ പാർഷതി
ഗന്ധവാഹാത്മജൻ തന്നോടു ചൊല്ലിനാൾ
ഗന്ധദ്വീപ പ്രൌഢമന്ദസഞ്ചാരിണി:—
കണ്ടാലുമാശ്ചര്യ പുഷ്പമെൻ വല്ലഭ!
കണ്ടാൽ മനോഹരം കാഞ്ചനാഭം ശുഭം
പണ്ടു ഞാനീവണ്ണമുള്ളോരു വസ്തുവെ
കണ്ടറിയുന്നില കാന്ത! ധരിയ്ക്കെടോ!
തണ്ടാർമധുരസം തെണ്ടിപ്പറക്കുന്ന
വണ്ടുകളെല്ലാം മുരണ്ടു കുതൂഹലം
പൂണ്ടു വനങ്ങളിൽ പണ്ടുള്ള പുഷ്പങ്ങൾ
കൊണ്ടുള്ളനുഭവം തെണ്ടുന്നതല്ലെന്നു
കണ്ടടൻ വൃന്ദവും കൊണ്ടു പുറപ്പെട്ടു
മണ്ടിവരുന്നതു കണ്ടീലയോ ഭവാൻ?
കണ്ടിവാർകേശിമാർക്കുണ്ടാം ദുരാഗ്രഹം—
കൊണ്ടല്ല ഞാനിതു കണ്ടു പറയുന്നു
രണ്ടുഭാവം നിനക്കുണ്ടാകവണ്ടെടോ!
ഉണ്ടകനിവെങ്കിൽ വേണ്ടുവോളം മതി—
കുണ്ഠിതംകൂടാതെ മണ്ടിഗ്ഗമിച്ചിതു
കൊണ്ടുവരാൻ നിനക്കുണ്ടു പരാക്രമം
കണ്ടശൈലങ്ങളും കണ്ടവൃക്ഷങ്ങളും
കണ്ടകക്കൂട്ടവും കണ്ടാലതു ഗദ—
കൊണ്ടുതകർത്തു തീർത്തു ഗമിപ്പതിൽ
വേണ്ടുംബലം നിനക്കുണ്ടെന്നു നിർണ്ണയം
പണ്ടെടോ! നിൻകരംകൊണ്ടു ഹിഡിംബൻറെ
കണ്ഠംപിടിച്ചാശു കണ്ടിച്ചെറിഞ്ഞതും
ശുണ്ഠിച്ചവനോരു കിർമ്മീരനെന്പവാൻ
മണ്ടിച്ചുവെന്നല്ല രണ്ടായ്പിളർന്നതും.

Digitized By Kerala Sahitya Akademi

കണ്ടതാമെന്യേ ബഹുമാനോ വധിച്ചതും
കണ്ടുകേട്ടുള്ളിലുറപ്പുണ്ടെനിയ്ക്കെടോ!

ഉത്തരാശാമുഖം തന്നിൽനിന്നെത്രയും
ഉത്തമമായൊരു സൌരഭ്യമിങ്ങനെ
സത്വരം വന്നു സൂക്ഷിച്ചറികകേൾ
സത്വവാനല്ലോ സമീരസൂനോ! ഭവാൻ
ഇത്തരം പുഷ്പങ്ങളെങ്ങാനുമുണ്ടെന്നാ
ച്ചിത്തരംഗത്തിലൊന്നിച്ചുണ്ടു നിശ്ചയം
തത്രചെന്നാശു ഹരിയ്ക്ക ഭവാനെങ്കി
ലത്രനിന്നാശു ഗമിച്ചാലുമാദരാൽ.
എത്രയും മോഹം നമുക്കിങ്ങതിന്നു നീ
പാത്രമെന്നുള്ളതും സന്ദേഹമില്ലെടോ!

"പെണ്ണിന്റെ ചൊൽകേട്ടു ചാടിപ്പുറപ്പെട്ടു
പെണ്ണൻ മഹാഭോഷനല്ലോ! മഹാജളൻ
ഖണ്ഡിച്ചുരപ്പാൻ വശമായില്ലായ്കയാൽ
ബന്ധിയ്ക്കുമാറായിതന്നു വൃഥാഫലം
ഇത്യാദി നമ്മെ ദുഷിയ്ക്കും മഹാലോക-
രത്യാഗ്രഹം മൂലമെന്നു ശങ്കിച്ചു നീ
ചിത്തേ വിഷാദിച്ചു നിൽക്കേണ്ട വല്ലഭ!
പഥ്യമില്ലെങ്കിൽ പറഞ്ഞതുമില്ല ഞാൻ
ധർമ്മാടവീവാസിയാകുന്ന രാഘവൻ
തന്മാനിനീവാക്കുകേട്ടു മോഹിയ്ക്കയാൽ
പൊന്മാനിനെപ്പിടിപ്പാനായി" പുറപ്പെട്ടു
തന്മായകൊണ്ടന്നോടിവാഴും വിധൌ
വൈദേഹിയെക്കട്ടുകൊണ്ടുപോയീടിനാൻ
വൈദേശികവ്യാജസന്യാസി രാവണൻ
വാമാക്ഷിവാക്കും പ്രമാണിയ്ക്കകാരണം
രാമാദികൾക്കു മഹാദുഃഖം പിണഞ്ഞുപോൽ

Digitized By Kerala Sahitya Akademi

എന്നതുകൊണ്ടു പറഞ്ഞിതു വല്ലഭ!
എന്നുടെ ചൊൽകേട്ടു ബാധം ഭവിയ്ക്കൊല്ലാ.
തന്നുടെ ബുദ്ധ്യാ വിചാരിച്ചുറച്ചിതു
നന്നെങ്കിലങ്ങനെ വേണമെന്നാഗ്രഹം
ദ്രുപദനന്ദിനി തന്റെ വചനമിങ്ങനെ കേട്ടു
നൃപതിമാരുതി ഭീമൻ ചിരിച്ചുകൊണ്ടുരചെയ്തു:—
"ചപലസ്ത്രീകളെപ്പോലെ കഥിയ്ക്കുന്നെന്തേടോ ബാലേ!
സഫലം നിന്നുടെ കാര്യം സപദി സംഭവിച്ചീടും.
സുകവാണീമണേ! നിന്റെ ഹിതമെന്തെങ്കിലും
[ചെയ്‌വാൻ
സുകരം മാരുതിക്കിന്നു ധരിയ്ക്കനീ മഹാഭാഗേ!
ധരണീസ്വർഗ്ഗപാതാളപ്രദേശാന്തരം മുഴുവൻ ഞാൻ
തിരഞ്ഞു കാഞ്ചനപുഷ്പം വിരഞ്ഞു കൊണ്ടുപോരുമ്പോൾ
സുരന്മാർ ദാനവന്മാരും നരന്മാർ പന്നഗന്മാരും
ചരന്മാർ ചാരണന്മാരും പരന്മാർ പാർത്ഥിവന്മാരും 175
കടുക്കും കോപമോടെന്നെത്തടുക്കും നേരമേ പാർത്ത—
ങ്ങടുക്കും ഞാൻ ഗദ കൈയിലെടുക്കും സംഗരേ നല്ല
മിടുക്കും വീര്യശൗര്യങ്ങളും നടിയ്ക്കും കശ്മലന്മാർക്കി
ട്ടടിയ്ക്കും കൈകളും കാലുമൊടിയ്ക്കും ദേഹമെപ്പേരും
പൊടിയ്ക്കും ഭൂമിയിലുള്ള പൊടിയ്ക്കും പാത്രമാക്കും ഞാൻ
ഇടിയ്ക്കും മുഷ്ടികൾകൊണ്ടു പിടിയ്ക്കും മർദ്ദനം ചെയ്യു—
മടിയ്ക്കും താഡനം ചെയ്യും മുടിയ്ക്കും വൈരിവൃന്ദത്തെ
കടിയ്ക്കും പാമ്പിനെപ്പോലെ കടക്കും മന്ദിരം തന്നിൽ
കിടക്കും ചിത്രവുംവാരിക്കൊടുക്കും വിക്രമമെല്ലാം
അടക്കും സ്ഥാനമാനങ്ങൾ മടക്കമെന്നിയെ വിശാ—
മടക്കും ഭീമസേനൻ ഞാൻ നടക്കമിങ്ങനെ ചെറ—
മടക്കം മാരുതിയ്ക്കില്ല മടവാർ മൌലികേ! ബാലേ!
വടക്കുദിക്കിനെ നോക്കിനടക്കും പർവ്വതമാറു
കടക്കും നമ്മുടെമാർഗ്ഗം മുടക്കും വൈരികളെല്ലാം

Digitized By Kerala Sahitya Akademi

കടക്കും കാലഗേഹത്തിൽ കിടക്കും കുംഭീപാകത്തിൽ
പൊട്ടക്കെന്നാശ്രു നിൻകാര്യം ലഭിച്ചപോരുവൻഭീമൻ

## ഭീമന്റെ പുറപ്പാട്

ഇത്ഥംപറഞ്ഞു ഗദയും വഹിച്ചുകൊ_
ണ്ടുത്ഥാനവുംചെയ്തു ഗന്ധവാഹാത്മജൻ
ഉത്തരാശാമുഖം നോക്കിപ്പുറപ്പെട്ടു
സത്വരാഹങ്കാര ഗംഭീരപൂരുഷൻ
അഗ്രജാതന്മാരണ്ടപന്തി നിരക്കവെ
അഗ്രഹാരംകണ്ടു കൌതുകം പൂണ്ടവൻ
നിഗ്രഹാനുഗ്രഹാധികൃതപ്രൌഢന്മാം
വിപ്രലോകാഗ്രേസരന്മാരെ വന്ദിച്ചു
വിഗ്രഹാശക്തനാം വീരൻ വൃകോദരൻ
വ്യഗ്രതാഹീനം നടന്നു തുടങ്ങിനാൻ
ഉഗ്രമാം കാനനം തന്നിലകം പുക്കു
ദുർഗ്രഹ ക്രൂരധീരാകാര പൂരുഷൻ

## വനവർണ്ണന

നക്ഷത്രമാർഗ്ഗത്തിലെത്തിക്കളിക്കുന്നോരു
വൃക്ഷങ്ങളും കണ്ടവൻ വിസ്മയിച്ചീടിനാൻ
ലക്ഷകോട്യർബുദം ധൂളി പരാർദ്ധവും
ലക്ഷീകരിയ്ക്കയിലെണ്ണിത്തുടങ്ങിയാൽ
താലം തമാലവും നക്തമാലങ്ങളും
സാലം രസാലവും ഹിന്താലജാലവും
അർജ്ജുനം കേസരം നീലംപലാശവും
സർജ്ജകം ഖർജ്ജൂര കാരസ്കരങ്ങളും
ചൂതം പനസവും ചിമ്പിക ചെമ്പകം
മാതുലംഗങ്ങളും മാകന്ദവൃന്ദവും
പുന്നാഗനാഗപ്രിയാളദ്രുമങ്ങളും
പിന്നാമ്പുകളങ്ങളും പൂപ്പാതിരികളും

Digitized By Kerala Sahitya Akademi

അശ്വത്ഥജാലം കപിത്ഥദ്രുമങ്ങളും
ശശ്വത്തണലുള്ള പേരാൽ സമൂഹവും
വീട്ടിയും തേക്കും തിലകദ്രുമങ്ങളും
ചോട്ടിൽപ്പൂതിങ്ങും പൂഴലിവൃക്ഷങ്ങളും
അത്തിയുമിത്തിയും പിന്നെപ്പേരത്തിയും
പുത്തിലഞ്ഞിക്കുരുമാല ജാലങ്ങളും
മന്ദാരകുന്ദ കുരണ്ട ഷണ്ഡങ്ങളും
കന്ദരാളങ്ങളും കാട്ടുപുഷ്പങ്ങളും
തിന്ത്രിണീവൃക്ഷങ്ങൾ വംശദ്രുമങ്ങളും
ലന്തവൃക്ഷങ്ങളും ജംബൂകദംബവും
ജംബീരവൃക്ഷവും ശിഗ്രുദ്രുമങ്ങളും
തുംബിലതകളും താംബൂലിക്കൂട്ടവും
ഗുഞ്ജാനികുഞ്ജവും മല്ലികാവല്ലിയും
മുന്തവല്ലികളും മാലതീജാലവും
ഇപ്രകാരം പുഷ്പവല്ലീതൃണങ്ങളാൽ
തൽപ്രദേശം മനോഹാരം വനാന്തരം
ക്ഷിപ്രം പ്രവേശിച്ചു ഭീമസേനൻ മുദാ
തൽപ്രദേശം കണ്ടു സന്തുഷ്ടമാനസൻ
എട്ടുദിഗന്തങ്ങളും പൊട്ടുമാറുച്ചത്തിൽ
അട്ടഹാസങ്ങൾ ചെയ്തും പൊട്ടിച്ചിരിക്കയും
പെട്ടെന്നു ചാടുന്നു മുട്ടും മരാമര—
ക്കൂട്ടങ്ങളിൽ ഗദാഘട്ടനം ചെയ്യലും
ചുറ്റുവൃക്ഷങ്ങൾ പൊട്ടിത്തകർന്നാശു
മുട്ടിപ്പതിക്കുന്ന കോലാഹലങ്ങളും
ഒട്ടല്ല തങ്ങളിൽ കെട്ടിദ്രുമശ്രേണി
കെട്ടിപ്പിണഞ്ഞാശു പൊട്ടുന്ന ഘോഷങ്ങൾ
കേട്ടുടനേ ഭയപ്പെട്ട മൃഗങ്ങളും
തെറ്റെന്നു മണ്ടിഗ്ഗമിക്കും പ്രകാരവും
പെട്ടെന്നൊരു മരം പൊട്ടിപ്പിളർന്നാശു

Digitized By Kerala Sahitya Akademi

മറെറാരു വൃക്ഷേ പതിക്കുന്ന നേരത്തു്
മററതും ഖണ്ഡിച്ചു മററതിന്മേൽ വീണു
മററതും മററതും മററതും ഭസ്മമായ്
മുററം മരങ്ങളിൽ ചുററുന്ന വള്ളികൾ
ചുററും ഗദാഘാതമേററുടൻ മൂലങ്ങൾ
അററുമരങ്ങളിൽ ചുററും വെടിഞ്ഞാശു
ചുററും തകർന്നാശു മുററും പതിക്കയും
ഊററപ്പുലികളും സിംഹഗജങ്ങളും
ചേററിൽ കിടക്കുന്ന പന്നിത്തടിയനും
ഏററു പുറപ്പെട്ടു പാഞ്ഞുകളും വിധൌ
കാററിൻ മകൻ ഗദാ ചക്രം തിരിക്കുന്ന
കാററുമാത്രം മെയ്യിലേറെറാരു നേരത്തു്
പാററകൾ പോലെ പലായനം ചെയ്കയും
അത്യുന്നതം ഗന്ധമാദന പർവ്വതം
അത്യന്ത വിസ്താരമത്യത്ഭുതം പരം
ഉത്തുംഗശൃംഗങ്ങൾ നക്ഷത്ര മാർഗ്ഗത്തി-
ലെത്തുന്നതൊട്ടല്ല പത്തുനൂറായിരം
കത്തുന്ന തീക്കനൽ ജ്വാലാകലാപത്തി-
നൊത്തുള്ള രത്നപ്രകാശങ്ങളങ്ങനെ
കത്തിയൊഴുകുന്ന പൂഞ്ചോല വാരിയിൽ
തത്തിക്കളിക്കുന്ന മത്സ്യനക്രങ്ങളും
പാതാളരന്ധ്രത്തിനൊക്കും ഗുഹകളിൽ
ചേതസി മോദാൽ കളിച്ചുവസിക്കുന്ന
വേതാള പാളിയും കാളിയും കൂളിയും
ഭൂതാളി പൂതനാജാലങ്ങളും കചിൽ
പ്രേതാശരബ്രഹ്മരക്ഷോഗണങ്ങളും
ഏതാനുമല്ലൊരു ലക്ഷവും കോടിയും
വാതവേഗങ്ങളും മാനും കലകളും
മാതംഗയൂഥവും സിംഹഗണങ്ങളും

Digitized By Kerala Sahitya Akademi

വള്ളിപ്പുലികൾ വരിയൻ പുലികളും
പുള്ളിപ്പുലികൾ കരിമ്പുലിക്കൂട്ടവും
വള്ളിക്കുടിലകത്തുള്ളിൽ കടന്നങ്ങു
തുള്ളിക്കളിക്കുന്ന പുള്ളിമാൻപേടകളെ
കൊള്ളിക്കുമാറുള്ള ബാണം പ്രയോഗിച്ചു
കൊല്ലുന്ന കാട്ടാള ജാതിയെ കാൺകയാൽ
ഉള്ളിൽ ഭയംപൂണ്ടു മണ്ടും മൃഗങ്ങളെ
തായത്തിലെത്തിപ്പിടിച്ചു കടിക്കൊന്നു
വായിലാക്കിക്കൊണ്ടു പാഞ്ഞുപോകും കടു-
വായും പുലികളും ചെന്നു വലകളിൽ
ചാടിക്കിടന്നുഴന്നീടുന്നനേരത്തു
പാടേ മുടിപ്പാനൊരുമ്പെട്ടുറച്ചുടൻ
ഓടിവന്നീടുന്ന വേടർഗണമൊട്ടു
പാടവം ചെയ്തുവധിക്കും പ്രകാരവും
പേടിച്ചൊളിയ്ക്കുന്ന ചെമ്പുലിക്കൂട്ടങ്ങ-
ളോടെ കലമ്പുവാനായ് വന്നടുത്തിടും
എട്ടടിമാനിനെ പെട്ടെന്നു കുത്തി-
ലിട്ടുകളിപ്പിച്ചു കാട്ടാളരാജന്റെ
ചട്ടററ വിക്രമം കണ്ടു പുകഴ്ത്തുന്ന
കാട്ടാളരാജനും കൂട്ടരുമൊക്കവേ
വേട്ടയ്ക്കു കോപ്പുകൾ കൂട്ടിപ്പുറപ്പെട്ടു
കാട്ടിൽപ്പരന്നതും കണ്ടു വൃകോദരൻ.
ചെമ്പിച്ച താടിയും മീശയും കേശവും
വമ്പിച്ച കൈകളിൽ വില്ലും ശരങ്ങളും
ചെമ്പരത്തിപ്പൂകണക്കെ നേത്രങ്ങളു—
മമ്പിളിപോലെ വളഞ്ഞുള്ള പല്ലുകൾ
അഞ്ജനപർവ്വതം പോലെ ശരീരവും
ഗുഞ്ജാഫലംകൊണ്ടു കോർത്തുള്ള പല്ലുകൾ
കുഞ്ജരന്മാരുടെ കുംഭതടങ്ങളെ—

Digitized By Kerala Sahitya Akademi

ബൃംഹണം ചെയ്യുന്നതിൽപ്പെട്ടം മുത്തുകം
അഞ്ജസാ കുത്തിത്തുളച്ചു കോർത്തങ്ങനെ
സഞ്ജാതമായുള്ള മാലാകലാപവും
മഞ്ഞക്കുറികളും മായൂരപിഞ്ഛവും
മഞ്ചാടിമാലയും മാറിലുപതരം
ഉച്ചത്തിലുള്ളോരു കണ്ഠനാദങ്ങളും
മെച്ചത്തിലുള്ളോരു വിഭ്രമഭാവങ്ങളും
കച്ചകെട്ടിച്ചില തൊങ്ങലും വാച്ചുമി—
ട്ടത്യുത്ഘോഷമാം വേഷം ഭയങ്കരം
കണ്ഠോദരം നല്ല നായാട്ടുനായ്ക്കടെ
കണ്ഠേ ഘനാഘന സംഘോഷ ശൃംഖല-
കൊണ്ടു മുറുക്കിപ്പിടിച്ചു പിൻഭാഗത്തു
മണ്ടിച്ചു കൊണ്ടു നടക്കുന്നിതു ചിലർ.
ബഹുഘോരം കുരയ്ക്കുന്ന വമ്പനും നല്ലക-
റുമ്പൻ വെള്ളവനും മുണ്ടനും നീലനും
ചാത്തനും കുഞ്ഞനും പാണ്ടൻ വറണ്ടനും
ചാടി മൂക്കിന്നു കടിക്കുന്ന വെള്ളവും
കക്കടകത്തെപ്പിടിച്ചീടുന്ന കള്ളനും
ദുഷ്കരം മുഷ്കരനാം മുറിവാലനും
ഒക്കെ ഞെട്ടിച്ചുടൻ ബൌബൌ എന്നൊരു
ശബ്ദമക്കാടകത്തൊക്കെ പരന്നതേ
വാട്ടംവെടിഞ്ഞു നായാട്ടിന്നടുക്കുന്ന
കാട്ടാളർ തമ്മിൽ വിളിച്ചുപറകയും
“കാട്ടിടച്ചാടിയ തോട്ടൂടെ ഓടുവാ
ക്കൂട്ടുവില്ലമ്പുകൾ നോക്കെടാ പന്നിയേ
ഹാഹഹാ! ഞാനെയ്തു പന്നിയെന്നും ചിലർ
പൂ പുപൂ! നീയല്ല ഞാനെയ്തതാണെന്നും
ഹഹഹഹാ ഹുഹുഹു എന്നുടൻ തങ്ങളിൽ
ഭീമമായോരു കലശലെന്നേ വേണ്ടു

Digitized By Kerala Sahitya Akademi

ഭീമൻ വലിയ ഗദയുമെടുത്തുടൻ
ഭീമപരാക്രമി കാനനാന്തേ മുദാ.

**നായാട്ടുകാരുടെ സംഭാഷണം:-**

പന്നിത്തടിയനെൻ കൺമുമ്പിൽ വന്നെങ്കി-
ലന്നേരമെൻെറ മിടുക്കുകാണാമെടോ?
ഒന്നിച്ചൊരമ്പതു പന്നിത്തടിയരെ-
ക്കൊന്നീടുവാൻ മടിയില്ല നമുക്കെടാ
വേട്ടയ്ക്കു നല്ലമിടുക്കുള്ള നമ്മുടെ
ചേട്ടൻെറ വക്കാണമിക്കാല മൂർദ്ധന്യമായ്
കേട്ടീലയോ നിങ്ങളിന്നെൻെറ ചങ്ങാതി
കെട്ടിയപെണ്ണിനെ ച്ചെന്നവൻ തൊട്ടപോൾ
കൂട്ടത്തിലുള്ളവർ കൂടി നിരൂപിച്ചു
ചേട്ടനെത്തള്ളി പുറത്തിറക്കീടിനാർ.
ചാട്ടം പിഴച്ചു കുരങ്ങനെപ്പോലവൻ
കൂട്ടം പിരിഞ്ഞങ്ങു പോയെന്നറിഞ്ഞീല
എന്തെങ്കിലും കാട്ടുജന്തുക്കളെക്കൊന്നു
തന്നയ്ക്കു തിന്മാൻ കൊടുക്കുന്ന നമ്മുടെ
കുന്തം മുറിഞ്ഞു പോയെന്നതു കാരണ-
മെന്തിനീ വേണ്ടുന്നറിഞ്ഞീലിണങ്ങരേ!
മാനിനെക്കൊല്ലുവാൻപോലുമൊരായുധം
ഞാനിനിക്കണ്ടീല കള്ളമല്ലതുമേ;
മാനിച്ചുനിങ്ങളും വേട്ടയ്ക്കുപോകുന്നതും
ഞാനിങ്ങനെ കണ്ടിരിയ്ക്കുമാറായിതു.
കൈകളും വീശിപ്പുറപ്പെടുന്നെന്നതുതാൻ
അയ്യോ! ചുമടെടുപ്പാനല്ലപോകുന്നു.
മെയ്യോടുനേരിട്ടടുക്കുന്ന വൻപുലി
കൈയോങ്ങിയാലങ്ങു മാറുമോ വേടരേ?
നോക്കെടാ! വേടരേ! നീയുമെന്തിങ്ങനെ
തോക്കെടാതെ പുറപ്പെട്ടു നായാട്ടിനു്

Digitized By Kerala Sahitya Akademi

തോക്കും പണയത്തിലാക്കിനാനമ്മാവ-
നോക്കുമമ്പാളീവകക്കാക്കുമില്ലായുധം
കള്ളം കറപ്പും കൊതിച്ചവൻ തൻകൈയി-
ലുള്ളതെല്ലാം വകയാക്കിപ്പുതുക്കവേ
ഉള്ളംപറഞ്ഞു നടന്നെപ്പോഴും കടം-
കൊള്ളുന്നപോലെന്തുചെയ്യാമിണങ്ങരേ?
തള്ളയ്ക്കുമങ്ങിവൻ പിള്ളയ്ക്കുമങ്ങിവൻ
പള്ളയ്ക്കരീക്കഞ്ഞിപോലുമില്ലാതെയായ്.
കായ്കനിതിന്നു വെള്ളംകുടിച്ചങ്ങിനെ
ചാകാതെകണ്ടു പൊറുക്കുന്നു ഞങ്ങളും
ആകാത്തവാളിൽ പിറന്ന നാം കാരിയ്ക്കു
പോകാത്തതല്ലയോ കഷ്ടമെൻവേടരേ?
മററൊരുവേടൻ പറഞ്ഞാനതുതന്റെ
കുററമല്ലേതുമേ കേട്ടുകൊണ്ടീടുക.
കൊററിനില്ലാത്തവൻ കോപ്പുമാഹിയ്ക്കുമോ?
വററിനില്ലാത്തവൻ പാൽകുടിച്ചീടുമോ?
വീട്ടിലുണ്ടെങ്കിൽ വിരുന്നുചോറുംകിട്ടു-
മൂട്ടിലുംകിട്ടാ ദരിദ്രനെന്നാകിലോ;
കാട്ടിൽ കിടന്നു പൊറുക്കുന്ന നമ്മളും
വീട്ടിലിരന്നു നടക്കുന്നതേ ഗുണം.
നെല്ലും പണങ്ങളും നല്ല ഗൃഹങ്ങളും
തെല്ലും കുറവില്ല നാട്ടുവാണീടിനാൻ
കല്ലും മരങ്ങളും പുല്ലും പുഴുക്കളെ-
മല്ലാതെയില്ലെടോ കാട്ടുവാണീടിനാൽ
കൊല്ലുംമൃഗങ്ങളെ വായില്ലിറന്ന നാ-
മെല്ലാവരും വളരുന്നതു വിസ്മയം!
ചൊല്ലുന്നതപ്പോഴേ കേൾക്കാത്ത ഭൃത്യരെ
തല്ലുന്നകാരിയക്കാരനെപ്പേടിച്ചു
കല്ലുപേറിത്തലക്കുത്തും പിടിപെട്ടു

Digitized By Kerala Sahitya Akademi

ചെല്ലുന്നനേരത്തു കാട്ടാളമന്നവൻ
നല്ലൊരു വാക്കു പറകയില്ലെന്നല്ല
വല്ലാത്ത വല്ലായ്മയുണ്ടാകുമപ്പൊഴേ;
കൊള്ളിവാക്കല്ലാതെ ചൊൽകയുമില്ലവൻ
കൊള്ളാമിതില്പരമുണ്ടൊരുസങ്കടം
ഉള്ളിയും മഞ്ഞളും പൂശിച്ചമഞ്ഞങ്ങു
വള്ളിക്കുടിലകത്തുള്ളിൽ കിടക്കുന്ന
കാട്ടാളനാരി കല്പിക്കുന്ന കൽപ്പന
കേട്ടെന്നിയേ പോറുകിട്ടാ നമുക്കെടോ!
ചേട്ടകൾക്കൊട്ടും വെടിപ്പില്ലവരുടെ
കൂട്ടത്തിലൊന്നില്ല നന്നെന്നു ചൊല്ലുവാൻ
കാട്ടാളനാരിയെക്കണ്ടാൽ കുളിക്കണം
കേട്ടാൽ കലമ്പുമേ വേടക്കുതമ്പുരാൻ;
വേട്ടാളുടെശീലമായവക്കും വരും
വേട്ടാളനെപ്പോലെ തൻനിറമാക്കുവാൻ
കാട്ടാളരെപ്പോലെ മററാരുമില്ലെന്നു
കേട്ടാളുകൾക്കൊക്കെ ബോധംവരും ദൃഢം.
അച്ചിക്കു ദാസ്യപ്രവൃത്തിചെയ്യുന്നവൻ
കൊച്ചിക്കുപോയങ്ങു തൊപ്പിയിട്ടീടണം
ഉച്ചക്കുമന്തിക്കുമത്രമാത്രം കഞ്ഞി-
വെച്ചുകുടിച്ചു പൊറുത്തുകൊള്ളാമിനി
പച്ചമാംസം തിന്നുതന്നെ വളന്നവൻ
മെച്ചമേറും പുളിശ്ശേരി കൊതിക്കുമോ?
പച്ചടിച്ചാറും പരിപ്പും പണിപ്പെട്ടു
വെച്ചുചമച്ചോരു ചക്കപ്രഥമനും
പഞ്ചസാരപ്പൊടി പാലും ഗുളങ്ങളും
പഞ്ചാമൃതം നല്ല ശക്കരപ്പായസം
ഇഞ്ചിനാരങ്ങാക്കറികളുമെന്നിവ
കിഞ്ചിൽകൊതിക്കുമോ മാംസം ഭുജിപ്പവൻ?

Digitized By Kerala Sahitya Akademi

മാസത്തിലെത്തി പ്രഥമൻ കുടിക്കുന്ന
ഭൂസുരന്മാരജ്ജയിക്കുമൊരുവക
മാംസത്തിലാഗ്രഹമുള്ള പരിഷക്കു
മാസത്തിലന്നമില്ലെങ്കിലും കിംഫലം.
പന്നിയിറച്ചിക്കു തുല്യമായിട്ടുമ-
റ്റൊന്നില്ല മാംസത്തിലെന്നു ബോധിക്കണം
എന്നിങ്ങനേ പരാധീനം പറഞ്ഞങ്ങു
നിന്നിടിനാലങ്ങു ചെണ്ടകൊട്ടും ഭോ ഭോ!
ഒന്നിച്ചു നായാട്ടിയായിപ്പുറപ്പെട്ടു
ചെന്നങ്ങു കാട്ടിൽക്കരേറിക്കണ്ടുകൊണ്ടു
പന്നിത്തടിയരെക്കൊന്നു കുറവുക-
ളൊന്നും കുറയാതെ കൊണ്ടുപോന്നു കറിച്ചു
നന്നായിവെച്ചു ഭുജിച്ചുകൊണ്ടീടുവാൻ
വന്നാലുപേക്ഷിക്ക നന്നല്ലിണങ്ങരേ"
എന്നിങ്ങനെ വാക്കു ഘോഷിച്ചു കാനനേ
ചെന്നുനിറഞ്ഞിതു കാട്ടാളവൃന്ദവും
ഇത്തരം വേടരും നായാട്ടുവൃന്ദവു-
മെത്തി നിറഞ്ഞൊരു ഘോഷം വനാന്തരേ.

**നായാട്ട്:**

കുംഭികളുടെ കുംഭതടങ്ങളിലമ്പുകളനതുലലക്ഷം
ജൃംഭിതമദവനചര രനവധിയമ്പൊടുഭിമസമക്ഷം
മാരികളൊടു സദൃശമെടുത്തുതകർത്തു തിമിർത്തുതുടങ്ങി
മാരുതനുടെസുതനതുകണ്ടു കളിച്ചു രസിച്ചുതുടങ്ങി
ആനകൾമറിമാനുകളൊരുവക പന്നികളെന്നിവ
[യെല്ലാം
കാനനഭുവി കരടികുലം ബഹുമഹിഷന്മാരുടെപടലം
മാനസഭയമധികമിയന്നു നടന്നുതുടങ്ങി
മാനമൊടേ സിംഹം കടുവാകല പുലികുലബല
[മഖിലം

Digitized By Kerala Sahitya Akademi

വലയിൽചില ചാടിവലഞ്ഞഥ പലവകപുലി
[പന്നികളും
തലയിൽ ചിലർ തച്ചുറച്ചു വിറച്ചുതിരിച്ചുതുടങ്ങി
കലഹിച്ചഥ ഝടിതിയടുത്തുകടിച്ചുപൊളിച്ചുതുടങ്ങി
കലമാനുകൾ പിടികളെ വേർപെട്ടോടിയൊളിച്ചു
[തുടങ്ങി
പോത്തുകൾ വന്നൊരുവക വനഭൂവിക്കുത്തൊരു
[കൊമ്പിന്മീതെ
കോത്തുടനേ ഝടിതിനടന്നു പാത്തുഭയപ്പെട്ടൊ
[രുവൻ
വീത്തുവിയർത്തോടിച്ചെന്നൊരു കുണ്ടുകിണററിൽ
[ചാടി
പേർത്തുമറിയാതെ മരിച്ചുതനിച്ചുപെരുത്തൊരു
[ഭോഷൻ
വിട്ടവായൊരു നായർപതുക്കെ പടയിലൊളി
[ച്ചോടിച്ചെന്നഥ
കുട്ടവായിൻ വായിൽപുക്കതുകണ്ടൊരു കുന്തക്കാരൻ
കുട്ടതാകിന കോപംപൂണ്ടഥ മീശ ഞെരമ്പിച്ചുടനേ
വിട്ടഭോഷൻ പാഞ്ഞുതിരിച്ചിതുതന്നുടെ ഭവനം
[നോക്കി
വരിയൻപുലിവലയിൽപെട്ടഥവലയുന്നതുകണ്ടുടനേ
പരിചൊടുവിജപെൺപുലിചെന്നു കടിച്ചുപൊളി
[ച്ചിതു വലയും
വലയുംകെട്ടിപ്പൊക്കുന്നവരുടെ തലയുംകൊണ്ടതി
[വേഗം
മലയുടെ ഗുഹതന്നിൽ പുക്കിതു പെൺപുലി
വൻപുലിയോടും
ഇടിരവമിടയുംപടി ചടപടവെടിയും
അടവിയിലിടതിങ്ങിന കിടുകിടനടയും

Digitized By Kerala Sahitya Akademi

പട്ടതരവടികൊണ്ടുടനടവുകളിടചേരുന്നൊരു
[തടവുകളും വടിവും
തടികളിൽ മൃഗക്കൂട്ടങ്ങടെ പലതരമോട്ടങ്ങള—
[വരുടെ ചാട്ടങ്ങളുമൊരുവക
കേട്ടാൽപൊറുക്കരുതൊരുവക കൂട്ടങ്ങളുടെ
[പല വിളയാട്ടം
ഉലകുകളെട്ടും പട്ടതരമിറങ്ങെട്ടുംപാട് പടഹമിരട്ടും
ഇത്തരമതി ഭീഷണമാകിനഘോഷം
സത്വരമതു കണ്ടരസിച്ചതിതോഷാൽ
ഉദ്ധതമതിയാകിന മാരുതപുത്രൻ
ഉത്തമഗിരിമേറിനടന്നാപവിത്രൻ.

## ശ്രീകൃഷ്ണസ്തുതി

കായാംപൂമലർക്കുള്ളിലായാസംവളർക്കുന്ന
കായാ, കാർമുകിൽവർണ്ണ! മായാമാനുഷ! കൃഷ്ണ!
പായാസ്ത്രമനിശം പാൽപായസപ്രിയ ഗോപാ!
ജായാപുത്രമിത്രങ്ങളായ സാഗരം നോക്കി
പായാതെ മനക്കാമ്പേ! പോയാലും മുദാ ഗംഗാ
തോയത്തിൽ കുളിച്ചാലും മായകൾ കുറച്ചാലും
കായാദികളിൽ സ്നേഹിച്ചായാസം വരുത്താതെ
തോയജനയനന്റെ കായത്തെ സ്മരിച്ചാലും
ആമെങ്കിൽ മുകുന്ദന്റെ നാമങ്ങൾ ജപിച്ചാലും
നാമെന്നുള്ളൊരുഭാവം മാമക യോഗ്യമല്ല
കാമിനീമണിമാരെക്കാമിച്ചുവലയാതെ
സ്വാമിതൻ പദാംഭോജം സാമോദം ഭജിച്ചാലും
ഭീമന്റെ കഥാശേഷം ശ്രീമൻ കേട്ടുകൊണ്ടാലും
ധീമാന്മാർക്കതുമൂലം ക്ഷേമം സംഭവിച്ചീടും

## സുന്ദരിമാരുടെ ലീലാവിലാസങ്ങൾ:

കല്ലും മരങ്ങളും തല്ലിത്തകർത്തുകൊ—

Digitized By Kerala Sahitya Akademi

ണ്ടുല്ലാസമോടങ്ങു ചെല്ലുന്നനേരത്തു
വല്ലീഗൃഹങ്ങളിൽ സല്ലീലയാടുന്ന
നല്ലോരു ഗന്ധർവ്വമല്ലാക്ഷിമാരുടെ
സല്ലാപഹാസാരസ്യ ഹല്ലോഹലങ്ങളാൽ
കല്ലോലവിഭ്രമം വെല്ലുന്ന കൺമുന–
ത്തെല്ലിന്റെ ഭംഗിയും ചില്ലിവില്ലാട്ടവും
മുല്ലായുധൻ തഴയ്ക്കുല്ലലുനല്കുന്നധ–
മ്മില്ലവും ചന്ദ്രനെ വെല്ലും മുഖാബ്ജവും
മല്ലികാമൊട്ടിനെത്തല്ലിയോടിയ്ക്കുന്ന
പല്ലിന്റെ ശോഭയും നല്ലോരധരവും
ജംഭാരിതന്നുടെ കുംഭിപ്രവരന്റെ
കുംഭത്തടത്തിന്റെ ഡംഭം കുറയ്ക്കുന്ന
സംഭോഗനാൽകുചകുംഭങ്ങളെക്കൊണ്ടു
സംഭാവനംചെയ്തു ഗംഭീരനായുള്ള
ജംഭാരിപുത്രന്റെ മുമ്പിൽ പിറന്നവൻ
വമ്പൻ വൃകോദരൻ കുമ്പിട്ടുനോക്കിനാൻ.
പന്തണിക്കൊങ്കമാർ പന്തിനിരക്കവേ
പന്തടിയ്ക്കുന്നതും ചിന്തുപാടുന്നതും
അന്തികേ കണ്ടൊരു കുന്തികുമാരകൻ
സന്തുഷ്ടനായ്നിന്നു തെല്ലുനേരംമുദാ
പന്നഗസ്ത്രീകളുമപ്സരസ്ത്രീകളും
പിന്നെസ്സുരസ്ത്രീസമൂഹവും കുത്രചിൽ.
വിദ്യാധരികളുമന്യത്രകുത്രചിൽ,
സിദ്ധനാരീകളും ചാരണസ്ത്രീകളും,
വീണാപ്രയോഗങ്ങളും വേണുനാദങ്ങളും
ചേണാർന്നവീണനാദങ്ങളും കുത്രചിൽ
ചെമ്പട തോടി വരാടി കളിത്തര
മറ്റാടനേകം പ്രയോഗങ്ങളിങ്ങനെ
പാട്ടും കളികളും പർവ്വതാന്തേമുദാ

Digitized By Kerala Sahitya Akademi

കേട്ടും വിലോകനം ചെയ്തും ഗമിക്കുന്ന
ഭീമസേനൻ ഗന്ധമാദനാധിത്യകാ–
ഭൂമിതന്നിൽതദാ നോക്കുംദശാന്തരേ
ശ്യാമളം നല്ല കദളീമഹാവനം
കോമളശ്രീപൂർണ്ണമാശു കണ്ടീടിനാൻ
രാമദാസൻ മഹാവീരൻ കപീശ്വരൻ
ശ്രീമഹാദേവന്റെ ബീജസംജാതനാം
ശ്രീഹനൂമാൻമുദാ വാണരുളീടുന്ന
ശ്രീമഹാപുണ്യപ്രദേശം മനോഹരം.

**കദളീവനവർണ്ണന:**

പച്ചക്കദളീകുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽനന്നായ് പഴുത്ത പഴങ്ങളും
ഉച്ചത്തിലങ്ങനെ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചുകോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ചദിക്കുന്ന
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നില്ക്കുന്ന വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ
ബാലാനിലൻവന്നു തട്ടുന്നനേരത്തു
കോലാഹലം നൃത്തമാടും ദലങ്ങളും
ആലോകനംചെയ്തു വിസ്മയിച്ചീടിനാൻ
കാലാത്മജാനുജൻ വീരൻ വൃകോദരൻ
താഴത്തുഭാഗത്തു വീണുകിടക്കുന്ന
വാഴപ്പഴംകൊണ്ടു മൂടിമഹീതലം
പാഴററുപട്ടു വിരിച്ചകണക്കിനെ
വാഴയ്ക്കുചുററും പ്രകാശമുണ്ടെപ്പൊഴും
വാവലും കാക്കയും പച്ചക്കിളികളും
പ്രാവും പരുന്തും പറന്നുനടക്കുന്ന
പക്ഷികൾവന്നിപ്പഴുത്ത പഴങ്ങളെ

Digitized By Kerala Sahitya Akademi

ഭക്ഷിക്കമാറില്ല പേടികൊണ്ടാരുമേ
രക്ഷിച്ചുപോരുന്നതാരിവനാമെന്നു
സൂക്ഷിച്ചുനോക്കിത്തുടങ്ങി വൃകോദരൻ

## ഹനുമാന്റെ വിചാരം

## തുടന്നു് മൂത്തകുരങ്ങന്റെ വടിവായിച്ചമയൽ

അതുകണ്ടു ഹനുമാനുമതുലംപ്രീതികൈക്കൊണ്ടു
മതിമാൻമാരുതിതന്റെ മതികൊണ്ടു നിരൂപിച്ചു:—
"മതിമുഖീമണിതന്റെ മതിമോദംവളർത്തുവാൻ
അതിവീരനിവൻഭീമനതിവേഗം ഗമിക്കുന്നു.
മനുജൻതാനിവനെന്റെയനുജൻ മാരുതപുത്രൻ
ദനുജന്മാർക്കൊരു കാലൻ മനുജാതൻക്ഷിതിതന്നിൽ
മരുത്തിനുപിറന്നോരു കരുത്തുള്ള സഹജന്റെ
കരത്തിന്റെ ബലമിന്നു തരത്തിലിങ്ങറിയേണം
അടുത്താശു ഗമിയ്ക്കാതെ തടുത്തുനിർത്തവൻകിഞ്ചിൽ
പടുതയോടെ ശമിപ്പിച്ചാൽ കൊടുക്കാം മാർഗ്ഗവും
[പിന്നെ"
മനംകൊണ്ടിങ്ങനെ ചിന്തിച്ചനങ്ങാതങ്ങൊരു മൂത്ത—
കുരങ്ങന്റെ വടിവായിച്ചമഞ്ഞു കൈകളും കാലും
കുഴഞ്ഞു വാലുമക്കാലും മെലിഞ്ഞു കൈകളെക്കൊണ്ടു
ചൊറിഞ്ഞു രോമമെപ്പേരും കൊഴിഞ്ഞു മേനിയും
[ചുക്കി—
ച്ചുളിഞ്ഞു കണ്ണിനുകാഴ്ച കുറഞ്ഞുപീളയും വന്നു—
നിറഞ്ഞുതാൻവഴിയിൽച്ചെന്നുറച്ചു നേത്രവും ചിമ്മി—
ശ്ശയിച്ചു മൂന്നുലോകങ്ങളും ജയിച്ചുള്ള മഹാവീരൻ.

## ഹനുമദ്ഭീമസംവാദം

തുമ്പിക്കരംകൊണ്ടു മുമ്പിൽ ചില ചില
വമ്പിച്ചവന്മരക്കൊമ്പു പിടിച്ചൊടി—
ച്ചമ്പോടടുക്കുന്ന വമ്പൻകൊലയാന—

Digitized By Kerala Sahitya Akademi

കൊമ്പന്റെ കൂർത്തുള്ള കൊമ്പും രണ്ടും പിടി–
ച്ചമ്പതു ചുറവുകളിമ്പം കലർന്നാശു
മുമ്പിൽ കളിപ്പിച്ച വമ്പൻ വൃകോദരൻ
കാട്ടും തകർത്തുകൊണ്ടോട്ടം മൃഗങ്ങളെ–
യ്യോടിക്കടിച്ചിഴച്ചോടിയടുക്കുന്ന
കണ്ഠീരവങ്ങടെ കണ്ഠേ കണകൊണ്ടു
കണ്ഠോതരം കോർത്തു മണ്ടിച്ചുമങ്ങനെ
കെല്പോടുനല്ല കദളീവനം തന്നി–
ലുത്സുകവേഗം നടന്നുതുടങ്ങിനാൻ
ഉദ്ധതനാകുന്ന ഭീമസേനൻതന്റെ
പദ്ധതിതന്നിൽ മുടങ്ങിക്കിടക്കുന്ന
വൃദ്ധനായോരു ബലീമുഖനെക്കണ്ടു
ക്രുദ്ധനായിപ്പറഞ്ഞീടിനാനഞ്ജസാ,
"നോക്കെടാ, നമ്മുടെ മാർഗ്ഗേ കിടക്കുന്ന
മർക്കടാ! നീയങ്ങു മാറിക്കിടാ ശഠാ!
ദുർഘടസ്ഥാനത്തു വന്നു ശയിപ്പാൻ നി–
നക്കെടാ! തോന്നുവാനെന്തെടാ! സംഗതി?
നാട്ടിൽ പ്രഭുക്കളെക്കണ്ടാലറിയാത്ത
കാട്ടിൽക്കിടക്കുന്ന മൂളിക്കുരങ്ങു നീ,
ഒട്ടും വകതിരിവില്ലാത്ത വല്ലാത്ത
കൂട്ടത്തിൽവന്നു പിറന്നു വളർന്നു നീ
ചട്ടത്തിൽനിന്നു പിഴച്ചുപോയോ നിന്റെ
കൂട്ടത്തിൽമറ്റാരുമില്ലാത്തതെന്തെടാ?
പെട്ടെന്നെഴുന്നേറ്റുപോകായ്കിലാപത്തു
പെട്ടീടുമെന്നു ധരിക്കു നീ വാനര!"
ഇത്തരം ഭീമന്റെ ദുർഭാഷണം കേട്ടു
വൃദ്ധൻ ചിരിച്ചുപറഞ്ഞു പതുക്കവേ:–
ഏറ്റം കയർത്തു പറയുന്നതെന്തു നീ
ഏറ്റമാറാനെനിക്കേതുമെളുതല്ല.

Digitized By Kerala Sahitya Akademi

മറെറാരു മാൎഗ്ഗമായ് പോയ്ക്കൊള്ളണേഭവാൻ
കുററമല്ലിക്കുരങ്ങച്ഛനെക്കാണെടോ!
കണ്ണുംതിരിയാ ശരീരം വിറയ്ക്കുന്നു
ദണ്ഡംപലതുണ്ടു പൊയ്യല്ല കണ്ടുകൊൾ
കൈയിനും കാലിനും ശക്തിയില്ലാതെയായ്
മെയ്യും തളരുന്നു പൊയ്യമാനുഷ!
അയ്യോ! പരമാൎത്ഥമെല്ലാം ഗ്രഹിയാതെ
നീയെന്തു ശൌര്യം തുടങ്ങുന്നു പൂരുഷ!
പാരംവലഞ്ഞുകിടക്കുന്നവർകളോ–
ടാരുമീവണ്ണം കലമ്പുമാറില്ലെടോ!
നേർവഴിവിട്ടു രണ്ടുപുറങ്ങളൊട്ടു
മാറിയാലെന്തു വൈഷമ്യം നിനക്കെടോ.”
മാരുതിവൃദ്ധന്റെ വാക്കുകൾ കേട്ടുടൻ
മാരുതിഭീമൻ കയൎത്തുചൊല്ലീടിനാൻ:
“ആരെന്നറിഞ്ഞുപറഞ്ഞുനീ വാനര,
പാരം മുഴുക്കുന്നു ധിക്കാരസാഹസം.
പൂരുവംശത്തിൽപ്പിറന്നു വളൎന്നൊരു
പൂരുഷശ്രേഷ്ഠൻ വൃകോദരനെന്നൊരു
വീരനെക്കേട്ടറിവില്ലേ നിനക്കെടോ?
ധീരനാമദ്ദേഹമിദ്ദേഹമോൎക്ക നീ
നേരായമാൎഗ്ഗം വെടിഞ്ഞുനടക്കയി–
ല്ലാരോടുമിജ്ജനം തോല്ക്കയുമില്ലെടോ,
മാറിനില്ലെന്നു പറയുന്ന മൂഢന്റെ
മാറിൽപ്പതിയ്ക്കും ഗദാഗ്രമെന്നോൎക്കണം.
ചെറ്റെപ്പറയാതെഴുന്നേററുദൂരത്തു
മാറിക്കടക്കനീ മർക്കടപ്രാകൃത!
സജ്ജനാചാരംപിടിപെടാത്തുള്ളൊരു
ദുർജ്ജനം നമ്മെ ദുഷിപ്പാനൊരുമ്പെട്ടു
ലജ്ജകൂടാതെ വഴിമുടക്കീടിനാ–

Digitized By Kerala Sahitya Akademi

ലജ്ജനാംജ്യേഷ്ഠൻ സഹിയ്ക്കയില്ലെന്നുമേ!
ധർമ്മപ്രകാരം ഗ്രഹിയ്ക്കാത്ത നീയെന്നോടു
ധർമ്മംപറവാൻ നമുക്കെന്തു സംഗതി?
ധർമ്മപുത്രാനുജൻ ധർമ്മംവെടിഞ്ഞൊരു
കർമ്മങ്ങൾ ചെയ്കയില്ലെന്നു ബോധിയ്ക്കണം"
എന്നുള്ള വാക്കുകൾകേട്ടു ചിരിച്ചുകൊ–
ണ്ടൊന്നുരചെയ്തു ഹനുമാനുമിങ്ങനെ:–
"നന്നെടാ! ഭീമ നയജ്ഞൻ ഭവാനെന്നാ
ചൊന്നവാക്കെല്ലാം കണക്കിനു കൂടുമോ?
ധർമ്മജൻമുമ്പായ ധാർമ്മികന്മാർ നിങ്ങൾ
ധർമ്മമല്ലാതൊന്നും ചെയ്കയില്ലയോ!
പാഞ്ചാലിയെന്നൊരു പെണ്ണിനെക്കണ്ടിട്ടു
പഞ്ചബാണാർത്തി പിടിപെട്ടഹോ നിങ്ങ–
ളഞ്ചുപേരുംചെന്നു കൈയ്ക്കുപിടിച്ചുകൊ–
ണ്ടഞ്ചാതെ വേളി കഴിച്ചെന്നുകേട്ടു ഞാൻ
അഞ്ചെങ്കിലഞ്ചും കണക്കെന്നവൾക്കൊരു
ചാഞ്ചല്യവുമില്ല തെല്ലുപോലുംനിങ്ങ–
ളഞ്ചുജനത്തെയും കൺമുനത്തല്ലിനാൽ
വഞ്ചിപ്പതിന്നവൾപോരും വൃകോദര!
നാലഞ്ചുഭർത്താവൊരുത്തിയ്ക്കുതാനതു
നാലുജാതിക്കും വിധിച്ചതല്ലോർക്കണം,
നാലുപേർ കേട്ടാൽ നിരക്കാത്തവസ്ഥവി–
വാലുള്ള വാനരന്മാർക്കും ചിതംവരാ;
ചേട്ടത്തിയാമൊട്ടനുജത്തിയാമൊട്ടു
ചേട്ടകൾ തന്റെ കളത്രമെന്നിങ്ങനെ
കാട്ടുന്ന ഗോഷ്ഠികൾ കേട്ടാൽ ചിരിയാകു–
മൊട്ടുംഗുണമില്ല കുന്തീകുമാരക!
നേരായമാർഗ്ഗം വെടിഞ്ഞു നടക്കാത്ത
വീരൻ വൃകോദരൻ ഞാനെന്നു നമ്മുടെ

Digitized By Kerala Sahitya Akademi

നേരെയണഞ്ഞു പറവാൻ മടിയില്ല
നാരായണ! ശിവ! മറെറന്തുചൊൽവതു!
തോററീടുമാറില്ല ഞങ്ങളെന്നിങ്ങനെ
കാററിൻമകൻ നീ പറഞ്ഞതും വിസ്മയം!
നൂററവർ നിങ്ങടെ നാടും നഗരവും
കൂററുകാരായുമടക്കിവെച്ചീലയോ?
കാററും മഴ മഞ്ഞുമേററുകൊണ്ടെപ്പൊഴും
കാട്ടിൽകിടക്കുന്ന കൂട്ടമല്ലൊ നിങ്ങൾ?
കാട്ടിൽക്കിടക്കുന്ന ദുർമ്മാർഗ്ഗശക്തിയാൽ
വീട്ടിൽ കിടക്കാൻ വിധിയില്ല നിങ്ങൾക്കു
നാട്ടിൽനിന്നാശു സുയോധനമന്നവ_
ങ്ങാട്ടിക്കളഞ്ഞതിൽപിന്നെയൊരിക്കലും
നാട്ടിൽ കടപ്പാൻ കഴിയുന്നതുമില്ല
കാട്ടിൽ സുഖമെങ്കിലായതും കോളല്ല;
കല്ലിലും പുല്ലിലും കാലെത്തറയ്ക്കുന്ന
മുള്ളിലും വള്ളികൾക്കുള്ളിലും കുണ്ടിലും
തള്ളിയലച്ചു നടക്കുന്ന നിങ്ങളെ
ഭള്ളുകൾക്കേതും കുറവില്ല തന്നെടാ!
കള്ളത്തരം ചൂതുകൊണ്ടു ദുര്യോധനൻ
തള്ളിപ്പുറത്താക്കി നിങ്ങളെത്തൽക്ഷണം
ഉള്ളിൽ വിഭയംപൂണ്ടു മണ്ടുന്ന നിങ്ങളെ
തുള്ളിപ്പുലിന്നൊരു പെണ്ണും പുറപ്പെട്ടു
കണ്ടവരസ്ഥകളിൽ കാംക്ഷയുണ്ടായവർ
കൊണ്ടുവാ, കൊണ്ടുവാ,യെന്നു കല്പിക്കയും
ശങ്കകൂടീടുമെന്നോർത്തു ഭയപ്പെട്ടു
മണ്ടിത്തുടങ്ങും മടങ്ങാതെ നിങ്ങളും
കണ്ടനേരംതന്നെ നിൻെറ പരാക്രമ_
മുണ്ടായ്"നമുക്കെന്നറിക വൃകോദര!"
ദുർഭാഷണംകേട്ടു കോപിച്ചു ഭീമനും

Digitized By Kerala Sahitya Akademi

"സത്ഭാവമെല്ലാം മതി മതി വാനര!
കാഞ്ഞിരക്കായ്കളും തിന്നു മരങ്ങളിൽ
പാഞ്ഞു നടക്കും മരഞ്ചാടികൂടഥനെ
ഭഞ്ജനം ചെയ്‌വാൻ മടിയ്ക്കുന്നു ഞാൻ മൂറവ-
മഞ്ജനാപുത്രന്റെ ജാതിയെന്നോർക്കയാൽ,
ഭീമസേനന്റെ പരാക്രമമൊന്നുമീ-
ധൂമകേതു കരങ്ങൾച്ചാർ ഗ്രഹിച്ചില്ല
രക്ഷസ്സുകാംക്ഷ വരനാം ഹിഡിംബന്റെ
വക്ഷസ്സുതള്ളിപ്പിളർന്ന വൃകോദരൻ
രൂക്ഷതപൂണ്ട ബകനാമരക്കനെ
കൽക്ഷണം കാലന്നു കാട്ടിക്കൊടുത്തതും
കൊമ്പൻകൊലയാന തുമ്പിക്കരം കൊണ്ടു
വമ്പിച്ച സാലം പിളർന്ന കണക്കിനേ
ഡംഭിച്ചുവന്ന ജരാസന്ധനന്നന്റെ
ജൃംഭിച്ചവിഗ്രഹം രണ്ടായ്പിളർന്നതും
കിർമ്മീരനായ നിശാചാരിയന്റെ
മർമ്മങ്ങളോരോന്നും ഗദകൊണ്ടടിച്ചതും
നിർമ്മൂലനംചെയ്തു താപസന്മാരുടെ
പരാക്രമമുണ്ടായി = പരാക്രമം അറിയാറായി.

സാത്ഭാവം = നല്ലഭാവം. മരഞ്ചാടി = കുരങ്ങൻ. ഭഞ്ജനംചെയ്യുക = നശിപ്പിയ്ക്കുക. ധൂമകേതു = വാൽനക്ഷത്രം. വാൽനക്ഷത്രോദയം ആപൽസൂചകമായി വിശ്വസിയ്ക്കപ്പെട്ടുപോരുന്നു. അതുകൊണ്ടു ധൂമകേതു വെറുക്കപ്പെട്ട ഒരു നക്ഷത്രമാണ്. നിന്ദാഗർഭമായ വിശേഷണമാണിതു്. രക്ഷസ്സുകാംക്ഷ വരൻ = രാക്ഷസശ്രേഷ്ഠൻ. വക്ഷസ്സ് = മാർവ്വിടം. കാലന്നു കാട്ടിക്കൊടുക്കുക = കൊല്ലുക. രൂക്ഷത = ക്രൂരത. അരക്കൻ = രാക്ഷസൻ. സാലം = പന. ഡംഭിച്ചുവന്ന = ഗർവ്വോടുകൂടി വന്ന. ജൃംഭിച്ച വിഗ്രഹം = വലിയ വിഗ്രഹം.

നിർമ്മൂലനംചെയ്യുക = വേരോടെ പിഴുതെറിയുക.

Digitized By Kerala Sahitya Akademi

ധർമ്മസംരക്ഷണം ചെയ്ത വൃകോദരൻ
ഇതഥം പരാക്രമപ്രൌഢനാമെന്നോടു
സിദ്ധനല്ലാതൊരു വൃദ്ധപ്ലവംഗമൻ
നിർമ്മിരയാദം ദുഷിച്ചുപറകയോ!
ദുർമ്മുഖ! പോടാ ബലീമുഖ! ദുർമ്മതേ!"
അഞ്ജനാപുത്രനതുകേട്ടുചൊല്ലിതന്നേരം
"ഭഞ്ജനംചെയ്‌വാൻ മടിയ്ക്കുന്ന നീ സഖേ!
രാക്ഷസന്മാരെ കൊലചെയ്ത നിന്നുടെ
ത്രുക്ഷസന്നാഹങ്ങളന്നെങ്ങുപോയെടോ?
ദുശ്ശാസനൻ പണ്ടു ദുര്യോധനാജ്ഞയാ
ദുശ്ശാസനംകൊണ്ടു മണ്ടിവന്നങ്ങനെ
അഞ്ചുപേർ നിങ്ങളും കണ്ടുനില്ക്കത്തന്നെ
പാഞ്ചാലിയെച്ചെന്നടിച്ചു തലമുടി
ചുററിപ്പിടിച്ചു വലിച്ചിഴച്ചങ്ങനെ
മററും മഹാജനം നോക്കിനില്ക്കുംവിധൌ
കുററത്തുകൊണ്ടന്നു താഡിച്ചു താഡിച്ചു
തെറെറാന്നുടുത്ത പുടവ വലിച്ചഴി-
ച്ചററമില്ലാതുള്ളപരാധവും ചെയ്തു
കണ്ണുംമിഴിച്ചങ്ങു കണ്ടുനിന്നീടിന
പൊണ്ണത്തടിയനാം നിന്റെ പരാക്രമം
കാശിയ്ക്കു പോയോ കഥിയ്ക്കു വൃകോദര!
കാശിനുപോലും വിലപിടിയാത്ത നീ
തന്നുടെ മുന്നിലിട്ടന്യനാം പൂരുഷൻ
തന്നുടെ പെണ്ണിന്റെ വസ്ത്രം തൊടുന്നേര-
മൊന്നുമനങ്ങാതെ നില്ക്കയോ വേണ്ടതു്?
ചെന്നങ്ങവനെ പ്രഹരിയ്ക്കയോ ഗുണം?
മിടുക്കുംശൌര്യവുമെല്ലാമൊടുക്കം നാസ്തിയാം നിന്റെ
കടുപ്പം കാട്ടിലെങ്ങാനും കിടക്കും വാനരത്തോടു്
കടക്കണ്ണും ചുവത്തിക്കൊണ്ടടുക്കും വിക്രമീ പല്ലും

Digitized By Kerala Sahitya Akademi

കടിയ്ക്കും വല്മീകമാം തല്ലിയൊടിയ്ക്കും പർവ്വതം തല്ലി-
പ്പൊടിയ്ക്കും പാദപങ്ങളാക്കിട്ടിടിയ്ക്കും വല്ലതും ചൊല്ലി-
ച്ചൊടിയ്ക്കുന്നെന്തിനു ഭീമ!
നടപ്പാൻ ശക്തിയില്ലാഞ്ഞു കിടപ്പായി നമുക്കിപ്പോൾ
ചടപ്പാം വാലിതങ്ങോട്ടെടുത്തു വയ്പാൻ സാദ്ധ്യമല്ലേതും
പൊട്ടക്കെന്നു ഭവാൻ ചാടിക്കടന്നാലും നടന്നാലും
മടിയ്ക്കുന്നെന്തിനു ഭീമാ! മുടക്കുന്നില്ല ഞാൻ മാർഗ്ഗം
പറഞ്ഞു ഭീമനും:—"നീയിപ്പറഞ്ഞ വാക്കുകളെല്ലാം
കുറഞ്ഞൊരു കരുത്തുള്ളോർ പറഞ്ഞെങ്കിലറിയിയ്ക്കാം
മൂത്തക്കന്മാർ പലവട്ടമധിക്ഷേപങ്ങൾ ചെയ്താലും
വധിപ്പാനും ചിതംപോരാ, വധിച്ചാലും ചിതംപോരാ.
കരുത്തൻ മറ്റൊരുത്തൻവന്നരത്തെങ്കിൽ കരത്തെക്കൊ-
ണ്ടടിച്ചു കൈപിടിച്ചു കാട്ടിലേയ്ക്കാക്കിഗ്ഗമിയ്ക്കും ഞാൻ;
അതുമെല്ലാമിരിയ്ക്കട്ടെ, ഫലമില്ലാതിരിയ്ക്കാറായ്ക്കിട
ക്കുന്ന മരഞ്ചാടിക്കിഴവനെ

മരുത്തിന്റെ മകൻ വന്നു മരിപ്പിച്ചെന്നതു കേട്ടാൽ
ചിരിയ്ക്കും സജ്ജനമെന്നു ധരിയ്ക്കു മർക്കടത്താനെ!
കടന്നുപോകയോ പിന്നെ കട്ടപ്പമായ് വരുമെന്റെ
ഗുരുവാമഞ്ജനാപുത്രൻ കരുത്തേറും കപിശ്രേഷ്ഠൻ
ജനിച്ചോരു കുലംതന്നിൽ ജനിച്ചോരു കുരങ്ങച്ചാ!
നിനച്ചാൽ നിന്നെ ലംഘിച്ചാലെനിയ്ക്കു പാപമുണ്ടാകും"
അതുകേട്ടു ഹനൂമാനുമുരചെയ്തു കനിവോടെ;
"മതിയിൽ ശങ്കയുണ്ടെങ്കിലതുചെയ്യണമെന്നില്ല.
വഴിതന്നിൽ കിടക്കുന്ന വാലുമെടുത്തു മാററിവെച്ചു
വഴിപോലെ കടന്നാശു ഗമിയ്ക്ക ഭീമസേന! ധരി
കരംകൊണ്ടു വാനരത്തെത്തൊടുക നിന്ദിതമെങ്കിൽ
കരംതന്നിലിരിയ്ക്കുന്ന ഗദകൊണ്ടുമടിയാതെ
നെടുക്കംവാലെടുത്താശു പൊട്ടക്കെന്നു ദൂരെ നീക്കി
നടക്ക നീ മിടുക്ക, വേർപെടുക്ക ദുർഘടമെല്ലാം."

Digitized By Kerala Sahitya Akademi

പറഞ്ഞു പാണ്ഡവനപ്പോൾ കുറഞ്ഞൊന്നു നിരൂപിച്ചു
"മുറിച്ചു നീക്കുമന്നേരം മുറിഞ്ഞുപോകയില്ലല്ലീ?"
"മുറിയുന്നെന്തെടോ നിന്റെ ഗദയോ നമ്മുടെ വാലോ?
അറിയാഞ്ഞിട്ടു ചോദിച്ചേനരിശമുണ്ടാകവേണ്ട"
"കടുത്ത പർവ്വതം തല്ലിപ്പൊളിച്ചു ഭസ്മമാക്കുന്ന
കടുത്ത മൽഗദാദണ്ഡം തട്ടത്ത വൈരികളില്ല
കൊഴിഞ്ഞു രോമവുമൊട്ടുപൊഴിഞ്ഞു ഭൂമിയിൽ വീണു
ഇഴഞ്ഞു മേവിനാ നിന്റെ കിഴിഞ്ഞ വാലിനു ഭംഗം
ഭവിക്കുമെന്നതുകൊണ്ടു മടിക്കുന്നു മഹാഭോഷാ?
ചെവിക്കു പുത്തരിയായിട്ടുരയ്ക്കാതെ ചില വസ്തു
ശ്രവിക്കുമ്പോളെനിക്കുള്ളിൽ ജ്വലിക്കും കോപമാം വഹ്നി
ദഹിക്കും നിന്നുടെ ദേഹം സഹിക്കാമോ നിനക്കപ്പോൾ"
ഇത്ഥം പറഞ്ഞതിക്രുദ്ധനാം പാണ്ഡവൻ
നക്തഞ്ചരാരാതിദാസന്റെ പുച്ഛാഗ്രം
ഉത്തുംഗമാകും ഗദകൊണ്ടു പൊക്കുവാൻ—
നത്യന്തവേഗേന ചെന്നടുത്തീടിനാൻ
ദീർഘം പെരുത്തൊരു പുച്ഛം ഗദകൊണ്ടു
പൊക്കുവാനായി പ്രയത്നം തുടങ്ങിനാൻ;
രണ്ടുകരങ്ങളെക്കൊണ്ടുപിടിച്ചുടൻ
രണ്ടുമൂന്നുട്ടഹാസം മുഴക്കി ഗദ—
കൊണ്ടുടൻ തിക്കിക്കുലുക്കിപ്പലവിധം
കൊണ്ടുമിളക്കം തരിമ്പില്ല വാലിനു
നീണ്ടു തടിച്ചോരു പുച്ഛാഗ്രഭാഗത്തു
രണ്ടു രോമം പോലുമെങ്ങുമിളകീല
വേണ്ടും പ്രയോഗങ്ങളെല്ലാം പ്രയോഗിച്ചു
വേണ്ടുവോളം നാണവുംകെട്ടു മാറിനാൻ
"ഇക്കുരങ്ങച്ചന്റെ പുച്ഛം ഗദകൊണ്ടു
പൊക്കുവാൻമേലാ നമുക്കെന്നു വന്നല്ലോ.

Digitized By Kerala Sahitya Akademi

ദിക്കുകളെല്ലാം ജയിച്ചുള്ള ഭീമന്റെ
വിക്രമമിപ്പോഠം ഫലിയ്ക്കാത്തതെന്തഹോ!
തെററന്നൊരുത്തന്റെ മായാപ്രയോഗമോ
മററം ഫലിയ്ക്കാത്തതെന്തുവാൻ മദ്ബലം?
കാററിന്മകനൊരു മക്കടത്താനോട്
തോററുപോയെന്നു കേഠംക്കുന്നനേരത്തു
ന്നാരവർ നമ്മെ പരിഹസിച്ചീടുമേ
ക്കൂററുകാർ പിന്നെ പരിഹസിയ്ക്കും ദൃഢം
മാററമിനിയ്ക്കിനി ജീവിച്ചിരിപ്പതി-
നൊട്ടും കൊതിയില്ല വല്ലതെന്നാകിലും
മുഷ്ടികഠംകൊണ്ടു മുതുക്കൻ കുരങ്ങന്റെ
നഷ്ടിവരുത്തും കരുത്തുള്ള പാണ്ഡവൻ
പെട്ടെന്നു ജീവൻ കളവാൻ മടിയില്ല
കഷ്ടമിബ്ഭ മനിളപ്പെട്ടിരിയ്ക്കുമോ?"
ഇത്തരം ചിന്തിച്ചു കോപിച്ചുറച്ചുടൻ
സത്വരം പാഞ്ഞതടുത്തു വൃകോദരൻ
"നോക്കെടാ! മക്കടാ! മായാപ്രയോഗങ്ങ-
ളുൽക്കടാടോപം തുടങ്ങുന്ന നിന്നുടെ
മുഷ്കുകളെല്ലാം ശമിയ്ക്കും ഭ്രമിയ്ക്കാതെ,
മുഷ്കരെ! ദ്വന്ദയുദ്ധം തുടങ്ങീടിനാൻ
ഇക്കണ്ട നമ്മെ തട്ടുത്തുനിത്താമെന്നു
ധിക്കാരമല്ലയോ വാടാ ബലിമുഖ!
വക്കാണമെത്തുന്ന നേരം ധൃതിപ്പെട്ടു
വെക്കം മരക്കൊമ്പു പററുമാറായ നിൻ
ഗൂഢപ്രയോഗങ്ങഠം നമ്മോടു കൂടുമോ?
മൂഢതമങ്ങു നീ വെച്ചേയ്ക്കു വാനര!
കൂടെ പ്രയോഗം തുടങ്ങുംവിധൗ നിന്റെ
കൂടെ പ്രയോഗം ഫലിയ്ക്കാതെയായ് വരും
കണ്ടുപഠിച്ചതും കേട്ടുപഠിച്ചതും

Digitized By Kerala Sahitya Akademi

കൊണ്ടു ഫലിപ്പിപ്പനെന്നു ചിന്തിച്ചു നീ
തണ്ടുതപ്പിക്കൊണ്ടു നേത്തുവന്നാലിങ്ങു
കണ്ടുകൊള്ളാമിന്നു വൈദഗ്ദ്ധ്യമൊക്കവേ
പണ്ടൊരുനാളും പ്രയോഗങ്ങളിങ്ങനെ
കണ്ടറിവില്ലെന്നു തോന്നിപ്പനിന്നു ഞാൻ
കണ്ടാലറിവാൻ സമർത്ഥനല്ലെങ്കിൽ നീ
കൊണ്ടാലറിയുമതിനില്ല സംശയം
വേണ്ടാസനം നീ തുടങ്ങുക കാരണം
വേണ്ടിവന്നു ചില ദുർഭാഷണങ്ങളും
മന്ത്രസേവാബലംകൊണ്ടോ നിനക്കെന്റെ
മാർഗ്ഗംതടുക്കവാൻ ശക്തിയുണ്ടായതും
മന്ത്രവും തന്ത്രവും മററുള്ള വിദ്യയും
മാരുതപുത്രനോടേതും ഫലാ ചരാ
ക്കുന്നൻ മരിച്ചെന്നാൽ ഗോപുരം കത്തുമോ?
വാനരന്മാരെന്തു കാട്ടുന്നു നമ്മോട്ട്?
വാനര! നീയെന്നടക്കുന്ന നേരത്തു
വാല്യയത്തിപ്പുറകും കരങ്ങളും"
ഇത്തരം ഭീമന്റെ ദുർഭാഷണം കേട്ടു
വൃദ്ധൻ ചിരിച്ചു പറഞ്ഞു പതുക്കവേ:—
"മർക്കടനെന്നു നീ ധിക്കരിയ്ക്കേണ്ടെടോ!
മർക്കടന്മാരിലും ദുഷ്കരന്മാരുണ്ട്
പണ്ടൊരു മർക്കടത്താനല്ലയോ പംക്തി
കണ്ഠനെന്നുണ്ടായ നക്തഞ്ചരേന്ദ്രനെ
വാലുകൊണ്ടാശു വരിഞ്ഞുകെട്ടിക്കൊണ്ടു
നാലു സമുദ്രങ്ങളും ചാടിക്കടന്നതും
മററൊരു ദേഹം മഹാ വാരി രാശിയെ
സത്വരം ചാടിക്കടന്നു ചെന്നങ്ങസാ
ശങ്കകൂടാതെ നിശാചരവീരന്റെ
ലങ്കയിൽപ്പുക്കു ഭയങ്കരന്മാരായ

Digitized By Kerala Sahitya Akademi

കിങ്കരന്മാരെപ്പലരെ വധിച്ചതും
പൻകേളികാനനം തല്ലിത്തകർത്തതും
ഹുങ്കാരമോടു രണത്തിന്നടുത്തോരു
ലങ്കേശപുത്രൻെറ കണ്ഠംമുറിച്ചതും
പങ്കേരുഹാക്ഷിയാം വൈദേഹിതന്നുടെ
സംക്ലേശമെല്ലാം പറഞ്ഞുകളഞ്ഞതും
യുദ്ധത്തിനെത്തിയ നക്തഞ്ചരേന്ദ്രൻെറ
തേർത്തട്ടിലാമ്മാറു ചാടിക്കരേറീട്ടു
ചണ്ഡമായുള്ളോരു പാണിതലംകൊണ്ടു
ഗണ്ഡസ്ഥലങ്ങളിൽ താഡനം ചെയ്തതും;
മാനമുള്ളാളുകൾ നമ്മുടെ ജാതിയിൽ
ഞാനറിയുന്നോർ പലരുണ്ടുപാണ്ഡവ!
"മർക്കടൻ മർക്കടൻ" എന്നനീയിങ്ങനെ
ധിക്കരിയ്ക്കാതെ ഗമിയ്ക്കനല്ലൂ സഖേ!"
എന്നതു കേട്ടു പറഞ്ഞു വൃകോദരൻ:—
"എന്നുടെ സ്വാമി ഗുരുനാഥനഗ്രജൻ
ശ്രീരാമദാസൻ പവനാത്മജനത്രെ
ശ്രീഹനൂമാൻ മഹാവീര്യപരാക്രമൻ
അദ്ദേഹമെങ്ങു? ഭവാനെങ്ങു? അഹഹന്ത!
ദുർദ്ദേഹ! വൃദ്ധപ്ലവംഗ! മതിമതി!
പക്ഷീന്ദ്രനുണ്ടു ഗരുഡനെന്നോർത്തിട്ടു
മക്ഷികക്കൂട്ടം മദിയ്ക്കും കണക്കിനെ
ശ്രീരാമദാസൻെറ വംശേ ജനിയ്ക്കയാൽ
പാരം നിനക്കു മഹാഭാവമിങ്ങനെ"

## ഹനൂമാൻ തൻെറ യഥാർത്ഥരൂപം പ്രദർശിപ്പിയ്ക്കുന്നു.

ഉദ്ധതമതി നരപതിതന്നുടെ വാക്കുകൾകേട്ടു
ബുദ്ധിയിലതി കനിവുകലർന്നു കൗതുകമിയന്നു



Digitized By Kerala Sahitya Akademi

വർദ്ധിതതരധവള ഹിമാചലസന്നിഭതുംഗശരീരൻ
നെട്ടതാകിന കൊടിമരമെന്നകണക്കെ
[തടിച്ചൊരുവാലും
ഇട്ടുടെ നയനങ്ങളുമമ്പൊടു ചെമ്പുകിടാരംപോലെ
കുടിലാകൃതി ശശികലപോലെ വിളങ്ങിന
[ദന്തകദംബം
ചട്ടല സ്ഫുടസടകളുമിടകലരുന്ന ഭയങ്കരമുഖവും
പരിഘത്തൊടു പടപൊരുതീടിന പൃഥുതരകര
[ദണ്ഡയുഗം
ഖരതരകരനഖരനികായവുമുല്ലുടകണ്ഠമകുണ്ഠം
ഗിരിവരസമമാകിന മാർവ്വിടമുരുതരമുദരമുദാരം
ഉരുതരകടിതടമഥ തുടകളുമുടമയിലതി ഗംഭീരം
ലങ്കാപുരഗോപുരമതിലുതകത്തൊരു ജംഘായുഗളം
കിങ്കരകുലമിടിചൊടിയാക്കിന പട്ടതരമടി
[മലർ വടിവും
ശങ്കര! ശിവ! ഭുവനഭയങ്കരമാകിന വിപുലശരീരം
ശശധരനിഭധവളമതിങ്ങനെ വിരവൊടു കാട്ടി
[ഹനൂമാൻ
ഉൽക്കടകടുദീർഘനിനാദവുമത്ഭുതകിലുകിലരവവും
മർക്കടകുലമകുടമഹാമണിതന്നുടെ തടിയുടെവടിവും
കർക്കശതരകരചരണാദികളും ഭീഷണവേഷവിശേഷം
മുഷ്കരമതു മൂന്നുജഗത്തിലുമുത്തമമെത്രവിചിത്രം!
അംബരതലമൊക്കെ നിറഞ്ഞു കവിഞ്ഞു
[വിളങ്ങിനരൂപം
അംബുധിയുടെ ലംഘനസമയ സമുദ്ധൃത
[മെന്നതുപോലെ
വെണ്മയിലൊരു വിന്ധ്യമഹാചലശിഖരമടന്ന്
[കണക്കെ
കണ്മിഴികളിലമ്പൊടുകണ്ടു വിരണ്ടു വൃകോദരവീരൻ

Digitized By Kerala Sahitya Akademi

എന്തൊരുമറിമായമിതിങ്ങനെ സംഗതി
[വന്നതിദാനീം
എന്തിനിഞാനിഹ ചെയ്യേണ്ടതുമിദമെന്തൊരു
വിസ്മയമേവം
ചിന്തയിലുടനിങ്ങനെ തിങ്ങിനതീവ്രതരംഭയമോടെ
കുന്തികുമാരൻ വിരവൊടു പരവശഭാവമിയന്നു
[തദാനീം
ലക്ഷണമതുകേട്ടുധരിച്ചതുതെളിവൊടുകണ്ടശോയാം
തൽക്ഷണമുള്ളവായിതുചേതസി മൽഗുരു
[ഹനൂമാൻതന്നെ
ലക്ഷ്മണപൂർവ്വജനുടെ ഭക്തശിരോമണിമാരുതിവീരൻ
രാക്ഷസകുലശലഭഹുതാശനനെന്നതറിഞ്ഞുടൻ ഭീമൻ,
"ജയ! ജയ! ജയ! ജനകസുതാപതിഭക്തമഹാ
[ഗുണരാശേ
ജയ! ജയ! ജയ! ജാനകിമാനസസരസിജ
[സവിതൃമഹാത്മൻ,
ജയ! ജയ! ജലരാശിവിലംഘന! ജയ! ജയ!
[ജഗതീബന്ധോ,
ജയ! ജയ! ഹനൂമന്നി"തിനുതിയൊടെ
[വീണുവണങ്ങി പദാന്തേ
"വാനരകുലവീര! വരമരുളുകധീര! വാരിധിഗംഭീര!
വരഗുണഗണസാര! നിശിചരകുലകാല!
നിസ്സൃതമരണവിലോല! നിരുപമകലശീല!
താഡിതദശവദന! തരുനികരകൃതസദന!
പാടലസുമവദന! പരിഹൃതരിപുമദന!
നിന്തിരുവടിയുടെ പദയുഗള-
ച്ചെന്തളിരതികരുണം ഇഹശരണം
ചിന്തയിലിദമിനി വിളയാടുക
ചിതമൊടുതവചരണം ശരണം"

Digitized By Kerala Sahitya Akademi

ഇത്ഥം വണങ്ങി സ്തുതിക്കുന്ന ഭീമന്റെ
ഹസ്തങ്ങൾ രണ്ടും പിടിച്ചു കപീശ്വരൻ
നക്തഞ്ചരാസ്ത്രങ്ങളേറ്റു വടുകെട്ടി
വിസ്താരമായുള്ള തന്നുടെ മാറത്തു
ചേർത്തു പുണർന്നുകൊണ്ടാപാദമസ്തകം
പേർത്തുപേർത്താശു തലോടീ കരംകൊണ്ടു
മൂർദ്ധാവുതൊട്ടനുഗ്രഹിച്ചീടിനാൻ
മാർത്താണ്ഡശിഷ്യനാം മർക്കടാധീശ്വരൻ.

## രാമായണകഥാഖ്യാനം

"ഭീമസേന! മഹാവീര! ധരിക്കനീ
രാമഭദ്രസ്വാമിതന്നെയും സേവിച്ചു
താമസംകൂടാതെപോയാലുടൻനിന്റെ
കാമസംപ്രാപ്തിക്കു ബാധയില്ലുത്തമ;
രാമായണം കഥ കേട്ടുകൊൾക ഭവാൻ
ആമോദമോടെ ചുരുക്കിപ്പറഞ്ഞിടാം
സാമോദമായതു കേട്ടുകൊണ്ടീടുക
ക്ഷേമദമായ രാമനാഥലീലാമൃതം

മാർത്താണ്ഡവംശ ദശരഥൻതന്നുടെ
പുത്രനായ്വന്നുപിറന്നു നാരായണൻ
ഉത്തരകോസലത്തിങ്കലയോദ്ധ്യയെ-
ന്നുത്തമശ്രീരാജധാനിയിൽ മേവിനാൻ.
കൗസല്യതന്നുടെ പുത്രൻ രഘൂത്തമൻ
കൈകേയിതന്നുടെ പുത്രൻ ഭരതനും
തത്രപിന്നെസ്സുമിത്രാത്മജൻ ലക്ഷ്മണൻ
ശത്രുഘ്നനും നാല്വരിങ്ങനെ ജാതരായ്
അത്രാന്തരേ വിരവോടു വിശ്വാമിത്ര-
സത്രംമുടക്കുന്ന ദുഷ്ടരെക്കൊല്ലുവാൻ
വില്ലും ശരവുമെടുത്തു പുറപ്പെട്ടു

Digitized By Kerala Sahitya Akademi

തെല്ലുംമടിയാതെ താനുമനുജനും
കാടകംപുക്കൊരുനേരത്തുവന്നൊരു
താടകയെക്കൊലചെയ്തു രഘൂത്തമൻ
സിദ്ധാശ്രമംപുക്കു നിശ്ശങ്കമായ് തത്ര
ബദ്ധാവലേപം മഖംമടക്കീടുവാൻ
വന്നസുബാഹുപ്രമുഖവൃന്ദങ്ങളെ–
ക്കൊന്നുടൻ യാഗവും രക്ഷിച്ചുരാഘവൻ
ചെന്നങ്ങഹല്യയ്ക്കു മോക്ഷം കൊടുത്തുടൻ
പിന്നെജ്ജനകന്റെ മന്ദിരംപ്രാപിച്ചു.
ത്രൈയംബകം പള്ളിവില്ലുതന്നുടെ
കൈയിലെടുത്തു കുലച്ചു മുറിച്ചുടൻ
സീതാവിവാഹവും ചെയ്തു മുദാതന്റെ
സോദരന്മാരും വിവാഹം കഴിച്ചിതു.
മാർഗ്ഗത്തെവന്നു കടുത്തു തടുത്തോരു
ഭാർഗ്ഗവരാമനെ ക്ഷിപ്രം ജയിച്ചുടൻ
സാകേതമന്ദിരം പുക്കുടൻ സീതയാ
സാകംവസിച്ചു സുഖിച്ചു രഘൂത്തമൻ.
ഭവ്യനായുള്ള ദശരഥപുത്രനു
യൌവനരാജ്യാഭിഷേകവും ഭാവിച്ചു
ദൈവബലേന മുടക്കിനാൾ കൈകേയി
കൈവല്യശീലൻ പുറപ്പെട്ടുകാനനം
പ്രാപിച്ചു സൌമിത്രി സീതാസമേതനായ്
ഭൂപാലനന്ദനൻ ഭൂപൻ മഹാരഥൻ.
ധരിച്ചു വല്ക്കലംപിന്നെപ്പിരിച്ചു ചെഞ്ചിടഭാരം
തിരിച്ചു മൂവരും ഗംഗതരിച്ചു ചിത്രകൂടത്തിൽ
വസിച്ചുകാന്തികളാൽകൊണ്ടുല്ലസിച്ചു മൂവരുമപ്പോൾ
ഗ്രഹിച്ചു ദേവലോകത്തെഗ്ഗമിച്ചു താതനെന്നിത്ഥം
വചിച്ചു തല്പദാംഭോജേ പതിച്ചോരു ഭരതനെ
തനിച്ചു പാദുകംനല്കിയയച്ചിട്ടത്രിയെച്ചെന്നു

നമിച്ചു, ദണ്ഡകാരണ്യേ വസിച്ചു രാഘവൻ തത്ര
മദിച്ചോരു വിരാധനെ വധിച്ചു മാമുനിമാരെ
സ്തുതിച്ചു, തീർത്ഥവുമാടിനടന്നു ഘോരകാന്താരേ
കടന്നു ചെന്നഗസ്ത്യന്റെ ഗൃഹത്തിലങ്ങകംപുക്കു,
ഉടനെ വന്ദനം ചെയ്തു, പരിചോടെ മുദാ ഗോദാ-
വരിതീരെ വസിക്കുമ്പോൾ വരിപ്പാനാഗ്രഹത്തോടെ
വരുന്ന ശൂർപ്പണഖേടെ മുലയും മൂക്കുമൂക്കോടെ
കരവാൾകൊണ്ടടനാശു ഛേദനം ചെയ്തു സൗമിത്രി.
കരഞ്ഞു ശൂർപ്പണഖപോയ് ഖരൻതന്നോടറിയിച്ചു;
ഖരനും ദൂഷണൻതാനും കരുത്തുള്ള ത്രിശിരാവും
പരന്ന വൻപടയുമായ് വരുന്നനേരമേ രാമൻ
കടുത്തസായകം ചാപേ തൊടുത്തു രാഘവൻവേഗാൽ
അടുത്തു രാക്ഷസന്മാരെ കെടുത്തു കാലനൂണാക്കി
അതുകേട്ടു ദശഗ്രീവനതിഘോരം കയർത്താശു
ചതിപ്പാനായ് പുറപ്പെട്ടു മുനിവേഷമവൻപൂണ്ടു.
അമ്മാമനാകുന്ന മാരീചനെച്ചെന്നു
പൊൻമാൻവടിവാക്കി വിട്ടു ദശാനനൻ,
സമ്മോഹമുണ്ടാക്കി രാമന്റെ പത്നിക്കു
തന്മായകൊണ്ടാശു വേറാക്കിവേഗേന
മട്ടോൽമൊഴിയായ സീതയെത്തൽക്ഷണം
കട്ടുരഥത്തിൽക്കരേറിഗ്ഗമിക്കുന്ന
ദുഷ്ടനെച്ചെന്നു തടുത്ത ജടായുവെ
വെട്ടി വധിച്ചു കളഞ്ഞു ദശാനനൻ
ചട്ടറ്റലങ്കാപുരത്തെ പ്രവേശിച്ചു
കഷ്ടമദ്ദേവിയെ തത്ര വെച്ചീടിനാൻ
മാരീചമാനിനെക്കൊന്നോരു രാഘവൻ
തൻപ്രാണദേവിയെക്കാണാഞ്ഞു ഖിന്നനായ്
തമ്പിയോടൊന്നിച്ചു തേടി നടകൊണ്ടു
വമ്പിച്ച കാനനേ വന്നു മരിച്ചോരു

Digitized By Kerala Sahitya Akademi

വമ്പനാം ഗൃദ്ധ്രനെ സംസ്കരിച്ചീടിനാൻ
കമ്പംവെടിഞ്ഞു കബന്ധനേയുംകൊന്നു
സമ്പന്നമോദം ശബരിക്കു മോക്ഷം
സംഭാവനംചെയ്തു താനുമനുജനും
പമ്പകടന്നു നടന്നുവരുംവിധൌ
വ്യഗ്രത കൂടാതെ ഞാൻചെന്നുവന്ദിച്ച-
നുഗ്രഹംവാങ്ങി മഹാഗിരിതന്നുടെ
അഗ്രേവളരെബ്ഭയപ്പെട്ടിരിക്കുന്ന
സുഗ്രീവനോടൊത്തു സഖ്യവുംചെയ്യിച്ചു
ഉഗ്രങ്ങളായുള്ള സാലങ്ങളുംമുറി-
ച്ചുഗ്രനാം ബാലിയെ ബാണേന രാഘവൻ
നിഗ്രഹിച്ചമ്പോടു രാജ്യപ്രഭുത്വവും
സുഗ്രീവനാക്കിക്കൊടുത്തുവാഴിച്ചിതു
ദിക്കുകൾ നാലിലും ജാനകീദേവിയെ
ചിക്കെന്നുതേടുവാനായിപ്പുറപ്പെട്ട
മർക്കടന്മാരുടെ കൂട്ടമങ്ങായതിൽ
തെക്കോട്ടുതേടുവാൻ ഞാനും പുറപ്പെട്ടു
അക്കടൽചാടിക്കടന്നു തെരിക്കന്ന-
രക്കന്റെ ലങ്കാപുരത്തെയും പ്രാപിച്ചു
മൈക്കണ്ണിമാർമണിയാളെയും കണ്ടു ഞാൻ
തൃക്കാഴ്ചവെച്ചിതു രാമാംഗുലീയകം
ചൊൽക്കൊണ്ട രാമദേവന്റെ കൃപകൊണ്ടി-
തൊക്കെയുംസാധിച്ചു ഞാനും വൃകോദര!
മേടിച്ചു ചൂഡാമണി, ഒടിച്ചു കല്പകവൃക്ഷം,
മുടിച്ചു കാനനമെല്ലാം പൊടിച്ചു, രാക്ഷസന്മാക്കി-
ട്ടടിച്ചു, മേഘനാദൻതാൻ പിടിച്ചുമൽക്കരം കെട്ടി-
പ്പിടിച്ചു രാവണൻമുമ്പിൽ ഗമിച്ചു രാക്ഷസൻകണ്ടു
ചിരിച്ചു, നമ്മുടെ വാലും കരിച്ചു, വൈരികളും ഹ-
ന്നടുത്തു, ഞാനമപ്പോഴം വാലെടുത്തു മാളികക്കു തീ-

Digitized By Kerala Sahitya Akademi

കൊട്ടത്തു, ലങ്കയും ചുട്ടുകരിച്ചുഭസ്മമാക്കിക്കൊ-
ണ്ടെത്തുവന്നവക്കുള്ളം കടത്തു തുഷ്ടരെന്നാണം 1025
കെട്ടത്തു, ലങ്കയും ചുട്ടുകരിച്ചു ഭസ്മമാക്കിക്കൊ-
ണ്ടമത്തുവൈരിവൃന്ദത്തെയമത്തിവെച്ചുഞാൻപോന്നു
സമസ്തമങ്ങറിയിച്ചു പോരിനായിപ്പുറപ്പെട്ടു
പാരാതെ കവിശ്രേഷ്ഠന്മാരോട്ടൊരുമിച്ചു
വീരപുംഗവൻ രാമൻ വാരിധിതടേ ചെന്നു
ഭൂരിസൈന്യത്തോടും പാരാതെ പടവീടുമാദരാലുറപ്പിച്ചു
അന്നേരം വിഭീഷണൻ ചെന്നു രാമനെക്കണ്ടു
വന്ദിച്ചു കപികളോടൊന്നിച്ചു വസിപ്പിച്ചു
ഏറ്റമേ മടിയാതെ സേതുബന്ധനം ചെയ്തു
യാത്രക്കാക്കൊരുധൂമകേതുവായതും പിന്നെ
സാധുക്കാക്കൊരുമുക്തി ഹേതുവായതും രാമ-
സേതുവെന്നതിനിപ്പോഴുള്ളതും സംശയമില്ല.
ലംഘിച്ചു സമുദ്രത്തെ ലങ്കയിലകംപുക്കു
ശങ്കിച്ചുവരുന്നോരു ലങ്കാവാസികളെല്ലാം
രൂക്ഷതപെരുകുന്ന രാക്ഷസഭടന്മാരും
തെല്ലും താമസിയാതെ വില്ലും കുന്തവും വാളും
കല്ലും വൃക്ഷവും കൂർത്ത പല്ലുമെന്നിവകൊണ്ടു്
തല്ലും തങ്ങളിലോരോ മല്ലും തള്ളലും വെട്ടും
കൊല്ലുന്നതെന്തൊന്നു ചൊല്ലും ശണ്ഠയുമേററം
കുത്തുകൊണ്ടോരോരുത്തർ ചത്തുഘോരമായുള്ള
യുദ്ധമിങ്ങനെയുള്ള മുഖ്യന്മാരതിൽ ചിലർ
ഉത്തരമതിൽ ചിലർ ശുദ്ധമായതുനേരം
ധൂമ്രാക്ഷൻ മകരാക്ഷൻ യൂപാക്ഷൻ പൃഥുകായൻ
താമ്രാക്ഷൻ വിരൂപാക്ഷൻ ശോണിതാക്ഷനും പിന്നെ
കുംഭൻ നികുംഭനകമ്പനെന്നുള്ളോരു 1030
വമ്പടമ്പോടിലിന്ദ്രാരിവൃന്ദവും
കുംഭനാദൻ മേഘനാദനുമെന്നുള്ള
കുംഭീന്ദ്രവിക്രമന്മാരായ വൈരികൾ

Digitized By Kerala Sahitya Akademi

സംപ്രഹാരാന്തേ മരിച്ചു ദിവംപുക്ക
സംഭ്രമത്തോടെ പുറപ്പെട്ടു രാവണൻ
രാവണൻ കണ്ണുകളും പത്തും കണ്ടുകൊണ്ടു
രാഘവൻ കണ്ടിച്ചു കണ്ടിച്ചു പിന്നെയും
കണ്ണതയെന്നിയെ വന്നുടക്കും ശേഷ-
കണ്ണനെ ബ്രഹ്മാസ്ത്രമാകുന്ന സായകം
കൊണ്ടു വധിച്ചു പതിപ്പിച്ചു ഭൂമിയിൽ
കണ്ടു സ്തുതിച്ചു വണങ്ങി സുരന്മാരും
അന്തർഃകാന്താരും സുരസ്ത്രീകളും വന്നു
വേണ്ടുംവിധം പ്രശസ്തം പ്രശംസിച്ചിതു
ഇങ്ങനെ സാധിച്ചു സാദ്ധ്യങ്ങളൊക്കെയും
തിങ്ങിനമോദേന രാമഭദ്രസ്വാമി
ലങ്കാധിരാജൻ വിഭീഷണൻതാനെന്നു
പങ്കേരുഹാക്ഷനും കല്പിച്ചു, സീതയെ
വഹ്നിപ്രവേശന ശുദ്ധയാക്കിക്കൊണ്ടു
ധന്യമാം പുഷ്പകമേറിപ്പുറപ്പെട്ടു
തന്നുടെ സാകേതമന്ദിരം പ്രാപിച്ചു
പട്ടാഭിഷേകവും സാധിച്ചുമന്നിടം
ഇഷ്ടിയിൽ രക്ഷിച്ചു വാഴുന്നകാലത്തു്
ലോകാപവാദേന സീതയെക്കാനനേ
ശോകനസാത്യജ്യലോകാധിനായകൻ
ദശമെല്ലാം വെളുപ്പിച്ചു കീർത്ത്യാപരം
വിശ്വവീരൻ മമ സ്വാമി രഘൂത്തമൻ
അശ്വമേധമഖംചെയ്യും ശേഷാന്തരേ,
വൈദേഹിപെററുതേ രണ്ടു ശിശുക്കളെ
സാദരമന്നു തദ്ബാലരോടൊന്നിച്ചു
വാല്മീകി മാമുനിശ്രേഷ്ഠനും വന്നുടൻ
രാമായണകഥ കേൾപ്പിച്ചുമാമുനി
ഗീരിനാൽ രാമനെ വന്ദിച്ചനന്തരം

Digitized By Kerala Sahitya Akademi

വണ്ടാർകുഴൽമണി വൈദേഹി വഹ്നിയിൽ
രണ്ടാമതും പ്രവേശിപ്പാൻ നിയോഗിച്ചു
കൊണ്ടാടിയീലവൾ ഭൂമി പിളർന്നാശു
തണ്ടാരിൻമാതുതാൻ പാലാഴിപുക്കിതു.
അന്തകൻതാനതുനേരമയോദ്ധ്യയിൽ
അന്തണവേഷം ധരിച്ചുവന്നാദരാൽ
മന്ത്രിച്ചുപായതുനേരത്തു സൗമിത്രി
യന്ത്രിച്ചുമണ്ടി വൈകുണ്ഠം പ്രവേശിച്ചു.
വെക്കം ഭരതനും ശത്രുഘ്നനും ശംഖ–
ചക്രങ്ങളായിച്ചമഞ്ഞോരനന്തരം
നമ്മോടു യാത്രയും ചൊല്ലി രഘൂത്തമൻ
നിർമ്മായവിഷ്ണുസ്വരൂപം ധരിച്ചുടൻ
പാലാഴിപുക്കു ഫണീന്ദ്രതല്പമുള്ളാ
ത്രൈലോക്യനാഥൻ വസിപ്പു സഹോദര!
ഞാനും വിഭീഷണൻ ജാംബവാൻ താനുമീ–
മൂന്നുപേരിങ്ങനെ ശേഷിച്ചു ഭൂമിയിൽ,
മററുള്ള വാനരന്മാരുമയോദ്ധ്യയിൽ
പെററവളുന്നോരു നാനാജനങ്ങളും
തെററന്നു ദേഹം വെടിഞ്ഞു ദേവാലയം
പററിസ്സുഖിച്ചു വസിക്കുന്നു സാദരം.
ഇക്കഥാകർണ്ണനം ചെയ്യും ജനങ്ങൾക്കു
ദുഃഖങ്ങളെല്ലാമകന്നുപോമത്രയ–
ല്ലുൾക്കാമ്പിലും ജ്ഞാനമുണ്ടാം സഹോദര,
നീക്കമില്ലേതുമേ മാതൃഗർഭത്തിൽ ചെന്നു
പുക്കും പിറന്നും വളർന്നും മരിക്കുമീ–
ദുഷ്കർമ്മഭോഗവും വേർപെടും സംസാര–
മാർഗ്ഗങ്ങളും വിട്ടമാനന്ദസുന്ദര–
സ്വർഗ്ഗം ഗമിക്കും, രഘുപ്രവീരൻ തന്റെ
സൽക്കഥാ സംവാദമുള്ളവണ്ണം തന്നെ

Digitized By Kerala Sahitya Akademi

കേടാകുന്നവക്കും ധരിയ്ക്ക വൃകോദര
　പൊയ്ക്കൊൾക നീയിനി ഭീമസേന ഭവാൻ
മൈക്കണ്ണിയാളുടെ മോഹം വരുത്തുക
ചൊൽക്കൊണ്ട കല്യാണസൌഗന്ധികങ്ങളെ
കൈക്കലാക്കിക്കൊണ്ടുപോകെടോ! പാണ്ഡവ!
അക്കുസുമങ്ങളും വിത്തേശരാജന്റെ
പുഷ്കരണിതന്നിൽ നില്ക്കുന്നു നീ ചെന്നു
തക്കത്തിലൊക്കെ ഹരിയ്ക്കുന്നനേരത്തു
വക്കാണമേല്പാൻ വന്നാകിലും ചില
മൂർഖരായുള്ള കാവൽക്കാരരക്കരെ-
ക്കർക്കശൻ ക്രോധവശൻ മഹാകണ്ടകൻ
വെക്കമെടുത്തു തടുക്കുന്നനേരത്തു
മുഷ്കരമായ ഗദകൊണ്ടു താഡിച്ചു
ശീഘ്രമങ്ങോടിച്ചുകൊൾക വൃകോദര!
വ്യാഘ്രം വരുമ്പോൾ കുറുനരിക്കൂട്ടങ്ങ-
ളൊക്കവേ പേടിച്ചു മണ്ടുന്നതുപോലെ
വിക്രമമുള്ള നീ കാര്യം ലഭിയ്ക്കെടോ;”
　ഇത്ഥം പറഞ്ഞു മറഞ്ഞു ഹനുമാനു-
മെത്രയും മോദിച്ചു കുന്തീകുമാരനും,
തത്രനിന്നാശു ഗമിച്ചു ദിവസ്ഥലേ
വിത്തേശവാപിയിൽ ചെന്നിറങ്ങീടിനാൻ.

**സൌഗന്ധികപ്പൊയ്ക**

　കല്ലോലജാലം കളിയ്ക്കുന്നകണ്ടു,
കമലമണി നിറമുടയ കമലമതുകണ്ടു,
കല്യാണിമാരും കളിയ്ക്കുന്ന കണ്ടു,
പൊലിമയൊടു ചടുലജല വടിവുമതുകണ്ടു,
അന്നങ്ങളങ്ങു പറക്കുന്ന കണ്ടു.
അനവരതമവരുടയ നടനമതുകണ്ടു,
ചക്രവാകങ്ങടെ വിക്രമം കണ്ടു

Digitized By Kerala Sahitya Akademi

ചടുലമലർ മിഴികളുടെ കളിവിരുതു കണ്ടു,
മത്സ്യങ്ങളോടിനടക്കുന്ന കണ്ടു,
മണമിയലുമണികുസുമനിരകളതു കണ്ടു,
മത്തഭൃംഗോദ്യൽപ്രയാണങ്ങൾ കണ്ടു,
മലർമധുര തരുനിരകളഥ സപദി കണ്ടു
സംസംഗ ശൃംഗാരഭാവങ്ങൾ കണ്ടു,
സരസതര സരസിരുഹനികരമതു കണ്ടു,
ചക്രവാകങ്ങടെ ചാപലം കണ്ടു,
ചടുലതരുണികളുടയ സരസരതി കണ്ടു,
നക്രങ്ങൾ കേറിക്കിടക്കുന്ന കണ്ടു,
നടുവിലതി ചടുലമതി വടിവുമഥ കണ്ടു,
വക്രങ്ങളായുള്ള തീരങ്ങൾ കണ്ടു,
വലിയ ജലതിര നിരകൾ വിരവിനൊടു കണ്ടു,
ഗന്ധദ്വിപം വന്നിറങ്ങുന്ന കണ്ടു,
ഗളഗളിത വരരണിത കളപൊലിമ കണ്ടു,
ഗന്ധർവ്വിമാർ വന്നു നീന്തുന്ന കണ്ടു,
ഗഗനചരകുലമഖില മുപരിബത കണ്ടു,
കല്ഹാരപുഷ്പം നിരന്നതു കണ്ടു,
പുളിനഭുവി നളിനികടെ തെളിവുമഥ കണ്ടു,
ഐരാവതം വന്നിറങ്ങുന്ന കണ്ടു,
അവനുടയവിഹരണവു മിഹ സപദി കണ്ടു,
മാരാരിക്കുറ്റൻ മദിക്കുന്ന കണ്ടു,
മദനനുടെ കൊടിയുടയ മകരമതു കണ്ടു,
ആദിദേവന്റെ തുരഗങ്ങൾ കണ്ടു
അരികിലുടനവരുടയ നടനമതു കണ്ടു,
ഇങ്ങനെ സൌഗന്ധികപ്പൊയ്ക കണ്ടു,
ഇരുപുറവുമഥ രജനിചര വസതി കണ്ടു,
ഇംഗിതം ചേരുന്ന പുഷ്പങ്ങൾ കണ്ടു,
ഇതു സകലമിഹ സുലഭമിതി മനസി കണ്ടു.

Digitized By Kerala Sahitya Akademi

## സൗഗന്ധിക പുഷ്പഹരണം:

ചാടിമെല്ലവേ പുഷ്പവാടിയിൽ ഭീമസേനൻ
മോടിയിൽ മുടിതന്നിൽ ചൂടി നല്ലൊരുപുഷ്പം
പേടിപൂണ്ടു നക്രങ്ങളോടി ദൂരവേ മാറി,
താടിമീശയും മേനിമൂടി രോമവും കണ്ട്,
പാടി വാരിജംതന്നിലാടീടുമരയന്നം
വാടിടാത്ത പുഷ്പങ്ങളും തേടീടും ചക്രവാകം
കോടിസാരസങ്ങളിൽകൂടിയെത്രയുമുള്ളിൽ
പേടി കാരണം തദാ സാരസങ്ങളിൽനിന്നു
സാരസങ്ങളുമെല്ലാം ദൂരത്തു പറന്നങ്ങു
തീരത്തു വസിക്കുന്നു;
സാരസ്യമുടയോരു വീരൻ ഭീമസേനൻ താൻ
ചാരുതരമിയലും കൽഹാരത്തെ കരംകൊണ്ടു
കണ്ടിച്ചു, മുതലയെ മണ്ടിച്ചു വരുന്നതും
കണ്ടപ്പോളരക്കരും ശണ്ഠിച്ചു പുറപ്പെട്ടു
ശണ്ഠയ്ക്കായൊരുമ്പെട്ടു കണ്ടവർ പലർകൂടി—
ച്ചെണ്ടക്കാർക്കഭിമാനം കൊണ്ടാ ചത്തിടക്കൂടി.

## കാവൽക്കാരുമായുണ്ടായ യുദ്ധവും സൗഗന്ധിക സമർപ്പണവും:

"കല്‌ഹാരപുഷ്പങ്ങളും കട്ടുപറിക്കുന്ന
കള്ളാ! നിനക്കടികൊള്ളുമെന്നിങ്ങനെ
കൊള്ളാമഹംഭാവമെന്തെടാ! കശ്മലാ!
വെള്ളത്തിൽനിന്നങ്ങു കേറിനിന്നീടുക.
കല്യാണസൗഗന്ധികം വന്നു മോഷ്ടിച്ചു
മെല്ലെത്തിരിച്ചങ്ങു കൊണ്ടുപോവാൻ നിന—
ക്കില്ലെടാ! സാമർത്ഥ്യമല്ലോ മഹാജള!
നില്ലെടാ! നിന്റെ വിനാശം വരുംദൃഢം
ഞങ്ങടെ തമ്പുരാനായ ധനേശ്വരൻ
ഞങ്ങളെ കാവൽക്കു കല്പിച്ചിരിക്കുന്നു
എങ്ങാനുമീവക പുഷ്പം ലഭിക്കുമോ?

ചങ്ങാതി മോഹിച്ചതെല്ലാം വൃഥാഫലം.
കല്പവൃക്ഷങ്ങടെ പുഷ്പങ്ങളെക്കാളു–
മത്ഭുതമാകുന്ന കല്ഹാരപുഷ്പങ്ങൾ
കെല്പോടുകൊണ്ടുവന്നുണ്ടാക്കി തമ്പുരാൻ
എപ്പൊഴുമങ്ങിതല്ലാതില്ലചിന്തിതം
ഒമ്പതുകൂട്ടം നിധിവെച്ചിരിക്കുന്ന
തമ്പുരാനിപ്പോളതിലും വിശേഷിച്ചു
പൊൻപൂവിലേറെയുണ്ടെന്നു ധരിക്കു നീ
വമ്പു തുടന്നാൽ കണക്കല്ല പൂരുഷ!
തമ്പുരാനിപ്പോളുടുപ്പാൻകൊടുക്കുന്ന
പെമ്പിറന്നോർ പത്തുനൂറിൽ കുറയില്ല.
പൊൻപൂവുചൂടാനവൾക്കു കൊടുക്കണ–
മമ്പതുമമ്പതും നിത്യംചെലവുണ്ടു്.
അമ്മമാർക്കൊക്കെയും വെവ്വേറെ വെവ്വേറെ
ചെമ്മേ പകുത്തു കൊടുക്കുന്ന ഞങ്ങൾക്കു്
തീന്മാൻ പുകയില വെററില പാക്കെന്ന–
തമ്മമാർ തന്നെ പുലത്തുന്നതെന്നറി
കുററംവരുത്തിപ്പുറത്തിറക്കീടുവാൻ,
മററുള്ള മന്ത്രിമാർ നോക്കുന്നതുകൊണ്ടു
ചെററും ഫലിക്കയില്ലമ്മമാർ ഞങ്ങൾക്കു
കൊററിനും തേപ്പാനുമെല്ലാം തരുമല്ലോ.
മോഷണം തെല്ലുണ്ടിവൾക്കെന്നു ഞങ്ങടെ
ദൂഷണക്കാർചെന്നു മുപ്പിലെ കേൾപ്പിച്ചാൽ
ഏഷണിക്കാരും പലരുണ്ടവരുടെ
ഭീഷണികൊണ്ടു ഭയമില്ല ഞങ്ങൾക്കു
പെൺപിറന്നോർചെന്നുണർത്തിച്ചതൊന്നുമി–
ത്തമ്പുരാൻ കേൾക്കാതിരിക്കില്ല നിശ്ചയം
പൊൻപൂവു കാക്കുന്ന ഞങ്ങളെ വെച്ചേച്ചു
പെൺപിറന്നോർക്കു സംസാരമില്ലെടോ!

Digitized By Kerala Sahitya Akademi

കാരിയക്കാരുണ്ടു മേനോക്കിയച്ചനു–
ണ്ടാരിയപ്പട്ടരച്ചന്മാർ പലരുണ്ട്
കോയിമ്മമാരുണ്ടടുക്കളക്കാരുണ്ട്
നായന്മാരായുള്ള കമ്പടിക്കാരുണ്ട്
ലന്തക്കുഴൽക്കാർ പതിനെട്ടുപുള്ളിയു–
ണ്ടന്തമില്ലിപ്പോളളകാപുരി തന്നി–
ലന്തണന്മാരും പ്രഭുക്കളും ഭൃത്യരും
ചന്തമേറീടും പണിയ്ക്കരച്ചന്മാരും
എന്തിന്നനേകം പറഞ്ഞിട്ടു കാരിയം
ചിന്തിച്ചുകണ്ടാലതിനൊത്ത രാജ്യമി–
ന്നന്തികം തന്നിലും ദൂരത്തുമില്ലെന്നു
സന്തതം ചൊല്ലുന്നു സർവ്വജനങ്ങളും
ഇഴവണ്ണമുള്ള കുബേരന്റെ നാട്ടിനു
നീ വന്നുകേറി ചരിയ്ക്കാൻ തുടങ്ങിയാൽ
ഈവന്ന ഞങ്ങളീകേനുള്ളനാനീ
ഭാവിച്ചതൊന്നും നടക്കയില്ലേതുമേ.
ഇക്കണ്ടഞങ്ങൾക്കെജമാനനേകനു–
ണ്ടാൾക്കാമ്പിലയാൾക്കതെല്ലും ഭയമില്ല
ചൊൽക്കൊണ്ടരാക്ഷസൻ ക്രോധവശനെന്നു
ദിക്കുകളൊക്കെജ്ജയിച്ചോരു പൂരുഷൻ
ക്രോധവശനെന്നു പേരുകേട്ടാൽതന്നെ
ബോധം വരും നിനക്കായയാടെ വിക്രമം
വമ്പനാമങ്ങോർ കയർത്തുവരുന്നതിൻ
മുമ്പെ തെരിക്കനെപ്പൊയ്ക്കൊൾക നീ ശഠ!
പൊൻപൂ പറിയ്ക്കുന്ന നിന്നെപ്പിടിപെട്ടു–
ചെമ്പുകിടാരത്തിലിട്ടു വറക്കാതെ
തമ്പുരാൻ തൃക്കാലിണയാണെ ഭോഷ്കല്ല
ഡംഭുകാട്ടാതെ നടക്കനീ മൂർഖതേ!
ശംഭുസഖന്റെ സരസ്സിലെ പുഷ്പം ത–

Digitized By Kerala Sahitya Akademi

രിമ്പുപോലും കൊണ്ടുപോവാൻ കഴിവരാ.”
ഇത്തരം ഘോഷിച്ചു ചെന്നുടനത്തീടുന്ന
നക്തഞ്ചരന്മാരെയൊക്കെ ഗദകൊണ്ടു
താഡിച്ചു താഡിച്ചു മണ്ടിച്ചു മണ്ടിച്ചു
താമസിയാതെ കയത്തു വൃകോദരൻ.
തല്ലുകൊണ്ടീടിന കിങ്കരന്മാരുടെ
കണ്ണുപോയി ചിലർ കാലുംപോയി ചിലർ,
എല്ലൊടിഞ്ഞു ചിലർ പല്ലുപോയെന്നല്ല
വല്ലാതെ ദേഹം വളഞ്ഞുപോയി ചിലർ
ഒക്കവേ ചെന്നു ക്രോധവശൻതന്റെ
കാല്ക്കൽ പതിച്ചു പറഞ്ഞുതുടങ്ങിനാർ:—
“വക്കാണമേറുന്ന പൊണ്ണത്തടിയനാം
ധിക്കാരി മാനുഷൻ പോന്നുവന്നിങ്ങനെ
ചൊല്ലേറുണ്ട കല്യാണസൌഗന്ധികങ്ങളു-
മൊക്കെപ്പറിച്ചു കരസ്ഥമാക്കിക്കൊണ്ടു
നില്ക്കുന്നനേരത്തു ഞങ്ങൾ നിരോധിച്ചു
മുഷ്കുള്ളവനിഹ തെല്ലും ഭയമില്ല.
എന്നല്ല ഞങ്ങളെത്തല്ലിയോടിച്ചവൻ
പിന്നെയും പുഷ്പം പറിക്കുന്നു കശ്മലൻ.
ബന്ധുമെടുത്തങ്ങുയർത്തിപ്പിടിച്ചുടൻ
കണ്ണുംചുവത്തിക്കയർത്തു വരുന്നൊരു
കാലനെപ്പോലെ കരുത്തുള്ളവൻ തന്നെ
കാലനുംകൂടെത്തടുപ്പാൻ വശമല്ല
കാവല്ക്കു കല്പിച്ച കിങ്കരന്മാർ ഞങ്ങൾ
ധാവനംചെയ്തുപോയെന്നതേതന്നല്ല
മൂക്കുമുറിഞ്ഞിതു മുഞ്ഞി ചതഞ്ഞിതു
കാൽകൾ മുടക്കം ചിലൎക്കുവന്നു പിന്നെ
നാക്കു മുറിഞ്ഞുപോയ് വാക്കുപുറപ്പെടാ
ചക്കുമാത്രം പുനരാൎക്കും ലഭിച്ചീല.

Digitized By Kerala Sahitya Akademi

നോക്കുന്നദിക്കിലാപ്പൊണ്ണൻ ഗദയുമായ്
പാക്കുന്നു കൊൽവാൻ വരുന്നെന്നുതോന്നുന്നു
രാക്ഷസാധീശ്വരാ! രാജരാജൻ തന്റെ
രൂക്ഷനായുള്ളൊരു ഭൃത്യൻ മഹാബലൻ
കാൽക്ഷണം വൈകാതെചെന്നപ്പുരുഷനെ
കാലനുക്കാക്കുവാനെന്തേ മടിയ്ക്കുന്നു?”
എന്നുള്ള കിങ്കരന്മാരുടെ വാക്കുകേ-
ട്ടൊന്നു കയർത്തു പുറപ്പെട്ടു തൽക്ഷണം
വാളും പരിചയും കൈയിലാക്കിക്കൊണ്ടു
ചീളെന്നു ചെന്നു തടുത്തു നിശാചരൻ:—
“നില്ലെടാ! മൂഢാ! നിനക്കിന്നു നമ്മുടെ
കല്ഹാരപുഷ്പം കവർന്നു കാരണം
വല്ലാത്തഹംഭാവമെല്ലാം ശമിപ്പതി-
ന്നുള്ളൊരു സംഗതി വന്നുകൂടി ജള!
വിക്രമിയാകുന്ന ക്രോധവശൻ പണ്ടു
ശക്രനെച്ചെന്നു ജയിച്ചു പലകുറി
ദിക്കുംഭികുംഭങ്ങളും തല്ലിത്തകർത്തൊരു
ദിക്കുകൾ പത്തും ജയിച്ചു വിളങ്ങുന്ന
നക്തഞ്ചരേന്ദ്രനെപ്പേടിക്കൂടാതെ നീ
മത്തനായ് വന്നിങ്ങധിക സൌഗന്ധികം
കട്ടുകൊണ്ടോടുവാൻ ഭാവിയ്ക്കയാലിന്നു
വെട്ടുകൊണ്ടന്തകൻവീടുപുക്കീടുക.
അഷ്ടലോകാധിപന്മാരിൽ വെച്ചെത്രയും
ശ്രേഷ്ഠനാം വിത്തേശനാഥന്റെ പുഷ്പങ്ങൾ
കിട്ടുമോ മൂഢാ! നിനക്കെടാ, ഭ്രാന്തോ!
കിട്ടും തലയ്ക്കിട്ടു വെട്ടുമെന്നോർക്ക നീ
മറ്റുള്ള ദിക്കിൽ നടന്നു ഫലിപ്പിച്ചു.
മറ്റുള്ള വിദ്യകളെല്ലാം പ്രയോഗിച്ചു
തെറ്റെന്നു കിട്ടും വിരുതു കെട്ടിക്കൊണ്ടു

Digitized By Kerala Sahitya Akademi

മുററും നടക്കുന്ന കുട്ടങ്ങളൊക്കെയും
ഇട്ടീയ്ക്കിൽവന്നു മടങ്ങാതെയാമമി–
ല്ലിത്രനാളും കണ്ടുപോകുന്നതിങ്ങനെ
ഇന്നു വിരുതഴിപ്പിയ്ക്കുന്നുണ്ടുഞാൻ
എന്നോടെതിർപ്പാൻ മതിയാകയില്ല നീ
പെട്ടെന്നുനിന്നെ ജയിച്ചീല ഞാനെങ്കി–
ലിട്ടതല്ലെൻെറപേരച്ഛനാണ നിൻെറ
മസ്തകം വെട്ടിപ്പിളക്കുന്നുണ്ടു ഞാൻ
ഹന്ത! സന്നാഹപ്രതിജ്ഞ ചെയ്യുന്നു ഞാൻ
  മൺകുടം മങ്ങലി ചട്ടി കലങ്ങളും
മൺകൊണ്ടുവെട്ടീയുണ്ടാക്കും കുശവൻതാൻ
പങ്കജസംഭവ ബ്രഹ്മാവുതാനെന്നു
സങ്കല്പമുള്ളോർ മുഴക്കുന്നു സാമ്പ്രതം
സൃഷ്ടിയ്ക്കുചേൎന്നുള്ളതിന്നു വിരിഞ്ചനു
പുഷ്ടിയ്ക്കുചേരും പ്രവൃത്തിയെന്നിങ്ങനെ
അഷ്ടിയ്ക്കുവേണ്ടിക്കലംകൊട്ടി വില്ക്കുന്ന
ചേട്ടയ്ക്കുഹംഭാവമഃയ്യോ ശിവ! ശിവ!
എന്നതുപോലെ ജനങ്ങളെല്ലാം സമ–
മെന്നു നിനക്കുള്ളിലുണ്ടാമഹംഭാവം
ഇക്കാലമേയത്ര പൊക്കം പിടിപ്പിപ്പ–
നീക്കണ്ട രാത്രിഞ്ചരേന്ദ്രൻ മഹാബലൻ
അർക്കനെക്കണ്ടൊരു മിന്നാമിനുങ്ങുപോ–
ലക്കണക്കായ്‌വരും നിൻെറ പരാക്രമം.
  അളകാമന്ദിരംതന്നിലിളകാതെയിരിയ്ക്കുന്ന
ഇളിബിലാസുതൻ തൻെറ കളികളി കുളംതന്നിൽ
കിളുത്തുണ്ടായൊരുപുഷ്പമൊളിച്ചുകൊണ്ടു
[പോവാനായ്

Digitized By Kerala Sahitya Akademi

പുളച്ചുവരുന്നൊരു നിന്റെ തിളപ്പു പൊങ്ങി വീഴുന്നു.
വെളിച്ചെണ്ണക്കിടാരത്തിൽ വലിച്ചിട്ടു വറുക്കാതെ
നിലച്ചീടില്ലനിയ്ക്കുള്ളിൽ ജ്വലിച്ചീടുന്നൊരു കോപം
കുലച്ചു വില്ലുള്ള ഞാനായ്ത്തൊടുത്തമ്പാണ [എയ്യുമ്പോൾ

മലച്ചുവീണുനീയങ്ങു മരിച്ചുപോമതല്ലെങ്കിൽ
പിടിപ്പിൻ മുഷ്ടികൾകൊണ്ടു കൊടുപ്പിൻ [നിങ്ങളങ്ങോട്ടു
നടപ്പിൻ മന്ദനെക്കെട്ടിയെടുപ്പിൻ മന്ദിരേചെന്നു
കടപ്പിൻ ചോരനെക്കൊന്നു മുടിപ്പിൻമന്നനോടിത്ഥം
വചിച്ചു കാര്യമായ്‌വെച്ചു വണങ്ങിപ്പോരുവിൻ [നിങ്ങൾ"

ഇത്തരം ഉൾപ്പൊക്കരയ്ക്കുന്ന ദുഷ്ടനോ-
ടുത്തരം സത്വരം ചൊന്നാൻ വൃകോദരൻ
"മത്തരാം നിങ്ങടെ വംശം മുടിച്ചുഞാ-
നുത്തരാശാവരനായ കുബേരന്റെ
പത്തനം കുത്തിക്കഴിച്ചങ്ങതിലുള്ള
വിത്തങ്ങളെല്ലാം കരസ്ഥമാക്കീടുവൻ
പത്തിലൊന്നു കുറവുള്ള നിക്ഷേപങ്ങ-
ളൊത്തവണ്ണം ചെന്നു വേഗേന ഭൂതലം
കുത്തിക്കഴിച്ചങ്ങെടുത്തുകൊണ്ടാശുപോ-
യെത്തുന്നതുണ്ടുമൽ പത്തനേ സത്വരം.
പോടാ, കരാളാ, നിശാചര, നീ, ശഠാ
മൂഢാ, രണത്തിന്നു വാടാ, തൃണസമ,
കൂടപ്രയോഗം തുടങ്ങുന്ന നേരത്തു
നാട്ടും തകർത്തുടനോട്ടും ജള! നിന്റെ
നീട്ടം വെടിഞ്ഞങ്ങു പാട്പെട്ടും കാല-

Digitized By Kerala Sahitya Akademi

നോട്ടുള്ള സംഗമം കൂടാതെ പോകയില്ലാ–
[ടായ്കിലിന്നുനീ
തന്നെത്താനറിയാതെ തന്നെക്കാൾ ബലമുള്ള
ധന്യന്മാരോടുചെന്നു സന്നാഹം തുടർന്നെന്നാൽ
പിന്നെത്താനറിയാറാമെന്നു നീ ധരിച്ചാലും
മന്നിലും സുരലോകം തന്നിലും പുകഴ്‌ന്നൊരു
മന്നവൻ വൃകോദരൻ ഞാനെന്നു ധരിച്ചാലും
ഇന്നുള്ള വീരന്മാരൊന്നും നമ്മുടെ നേരെ
നിന്നു സംഗരം ചെയ്കയില്ല ശങ്കയില്ലേതും
അയ്യോ! രാക്ഷസാധമ! നീയോ നമ്മോടുയുദ്ധം
ചെയ്യാമെന്നൊരു ബാണമെയ്യാനായ് പുറപ്പെട്ടു
അയ്യോ! ഭോഷരേ, നിങ്ങളയ്യായിരവും കോടി
ലക്ഷവും സ്വരൂപിച്ചിട്ടെക്ഷന്മാക്കെചന്റെ
പക്ഷമായ് പുറപ്പെട്ടു തൽക്ഷണം വരുന്നാകി–
ലിക്ഷണമടിച്ചുഞാൻ തൽക്ഷണം മുടിച്ചീടും
പക്ഷികൾക്കൊരുപോലെ ഭക്ഷിപ്പാൻ വകയാക്കും.”

ഇത്ഥം പറഞ്ഞു ഗദകൊണ്ടു വേഗേന
യുദ്ധം തുടങ്ങി മടങ്ങാതെ പാണ്ഡവൻ
നക്തഞ്ചരന്മാരുമത്യന്തകോപേന
യുക്തമായ് ഘോരപ്രയോഗം തുടങ്ങിനാർ.
രൂക്ഷമാംവണ്ണം കയർത്തുവരുന്നൊരു
യക്ഷലക്ഷത്തെയും തൽക്ഷണം മാരുതി
ക്ഷിപ്രം ഗദകൊണ്ടു താഡിച്ചു മണ്ടിച്ചു
പുഷ്പങ്ങളെല്ലാമറുത്തു സ്വരൂപിച്ചു
കെട്ടിത്തലയിലെടുത്തു പുറപ്പെട്ടു
പെട്ടെന്നു ചെന്നു കപീന്ദ്രനെ വന്ദിച്ചു
ഗന്ധവാഹാത്മജൻ മോദേന സാദരം

Digitized By Kerala Sahitya Akademi

ഗന്ധമാദമരണ്യേനപോയ് ചെന്നുടൻ
തത്രവടിവൊടു വായുസുതൻ ധർമ്മ-
പുത്രരെയും ഭാര്യതന്നെയും കണ്ടുടൻ
സന്തുഷ്ടനായ്നിന്നു വന്ദിച്ചു ജ്യേഷ്ഠനെ
ചന്തമേറും നല്ല പുഷ്പങ്ങളൊക്കവേ
ദ്രൗപതി തന്നുടെ കയ്യിൽ കൊടുത്തിതു
ഭൂപതിനന്ദനൻ ഭൂപൻ മഹാരഥൻ.
ഇങ്ങനെ കല്യാണസൗഗന്ധികാർപ്പണം
മംഗളം ചാരുകല്യാണം ശുഭം ശുഭം. 1396

Digitized By Kerala Sahitya Akademi

## പദാർത്ഥസൂചി; ചോദ്യങ്ങൾ

1–50 കാവ്യത്തിന്റെ നിർവിഘ്നപരിസമാപ്തിക്കായി കവി ഇഷ്ടദേവതകളേയും ആശ്രയദാതാവിനേയും വന്ദിക്കുന്നു.

ഗണപതി വന്ദനം:— കുലഗിരിസമം=കുലപർവ്വതത്തിനു തുല്യം. (മഹേന്ദ്രം, മലയം, സഹ്യൻ, ശുക്തിമാൻ, ഋക്ഷം, വിന്ധ്യൻ എന്ന ഏഴെണ്ണമാണ് കുലപർവ്വതങ്ങൾ) കുലയാനത്തലവൻ=ഗജശ്രേഷ്ഠൻ. ഒരുമ്പാടെ=ഒരുക്കത്തോടെ (മുഴുവൻ) ഉമാകാന്തൻ=ശിവൻ (ശിവൻ ഗജാസുരനെ വധിച്ച കഥ സൂചിപ്പിക്കുന്നു) മലമകൾ=പാർവ്വതി. മലർബാണം=പുഷ്പബാണം. (കാമന്റെ അമ്പുകൾ പുഷ്പങ്ങളാണ്) മലനീര=പാർവ്വതി. ഗണനാഥൻ=ഗണപതി. ശുഭകർമ്മഫലം=സൽക്കർമ്മങ്ങളുടെ ഫലം. ആശുബലൻ=വേഗത്തിൽ ബലവാനായിത്തീർന്നവൻ (ആശുബാലനായിട്ടിരിക്കുമ്പോൾ എന്നൊരു പാഠവുമുണ്ട്. പരദൈവം=ധർമ്മദൈവം. കലവി=ലീല. കലുഷം=പാപം.

(ശിവൻ കൊമ്പനാനയായും പാർവ്വതി പിടിയാനയായും കാടുകളിൽ കളിച്ചു നടക്കുമ്പോൾ ലോകനന്മക്കായി അവതരിച്ച ഗണപതി എന്നെ രക്ഷിക്കണം)

സരസ്വതി വന്ദനം:— അഹം നമസ്കാരം കലയേ=ഞാൻ നമസ്കരിക്കുന്നു. കളവാണി= മനോഹരമായ വാക്കോടു കൂടിയവൾ. മനക്കാമ്പിൽ=മനസ്സിൽ. കളികൾക്കുള്ളൊരു വിഘ്നം=തുള്ളൽ അവതരിപ്പിക്കുമ്പോൾ വരാനിടയുള്ള തടസ്സം.

അയ്യപ്പവന്ദനം=ഹരിഹരസുതൻ, അയ്യൻ=അയ്യപ്പൻ. അമ്പലപ്പുഴ കൃഷ്ണനെ വന്ദിക്കുന്നു. വാനോർനദീപുരേ=അമ്പലപ്പുഴയിൽ (അംബരപ്പുഴ, അമ്പലപ്പുഴയായി എന്ന ആഗമമനുസരിച്ചാണ് ഈ പ്രയോഗം.) ദീനാനുകമ്പി=ദുഃഖിതന്മാരോട് അനുകമ്പയുള്ളവൻ. ദീനം=ദുഃഖം, പാരവശ്യം.

ചെമ്പകശ്ശേരി രാജാവിനെ സ്മരിക്കുന്നു (നമ്പ്യാർ ചെമ്പ

Digitized By Kerala Sahitya Akademi

കശ്ശേരി രാജാവിൻെറ ആശ്രിതനായിരുന്നു.) അലങ്കാരഭൃതൻ= തൊടുകുറി. കമ്പം=ഇളക്കം (ഭയം) തമ്പുരാംഭോരുഹം=അദ്ദേഹത്തിൻെറ കാൽത്താരുകാം (ആദ്യത്തെ തുള്ളൽ കൃതിയാണു് കല്യാണസൗഗന്ധികം അതു് അവതരിപ്പിക്കുമ്പോരം ഉണ്ടാകാനിടയുള്ള എതിർപ്പുകളിൽനിന്നു് തമ്പുരാൻ തന്നെ രക്ഷിക്കേണം എന്നായിരിക്കണം കവി ഉദ്ദേശിച്ചിരിക്കുക.)

ഗുരുവന്ദനം—നന്ദികാരുണ്യം=നന്തിക്കാടു്. മന്ദാരദാരു=കല്പകവൃക്ഷം. ബാലരവി=ഉണ്ണിരവി. കണ്ടങ്കരിങ്കറവു്=കണ്ടങ്കരി എന്ന സ്ഥലം. ഇന്ദുചൂഡപ്രിയ=പാൎവ്വതി വന്ദേ=വന്ദിക്കുന്നു. മന്ദേതരം=വേഗത്തിൽ. വന്നിസ്സഭ തന്നിൽ തുള്ളൽ അവതരിപ്പിക്കുന്ന സഭയിൽ ഗുരുവിൻെറ സാന്നിധ്യം ഉണ്ടാവേണമെന്നു് പ്രാൎത്ഥിക്കുന്നു. നമ്പ്യാരുടെ രണ്ടു ഗുരുഭൂതന്മാരാണു് ദ്രോണമ്പള്ളിനായ്ക്കനും കണ്ടങ്കരിയിൽ നന്തിക്കാട്ടു് ഉണ്ണിരവിക്കുറുപ്പും. ഇവർ രണ്ടുപേരും അമ്പലപ്പുഴക്കാരായിരുന്നു.)

കിള്ളിക്കുറിശ്ശി മഹാദേവനെ വന്ദിക്കുന്നു. വെള്ളസ്സരസ്വതി=ശുഭ്രസ്വരൂപിണിയായ സരസ്വതി. (നിൎമ്മലമായ വാക്കു് എന്നും പറയാം) കള്ളംവരാതെ=തെററുപററാതെ

(നമ്പ്യാരുടെ ജന്മദേശമാണു് കിള്ളിക്കുറിശ്ശി. അവിടത്തെ ക്ഷേത്രത്തിലെ ശിവനെയാണു് കവി വന്ദിക്കുന്നതു്. വെള്ളത്തിലെ തിരകരംപോലെ കാവ്യരചനാവേളയിൽ പദങ്ങരം സ്വാധീനമാവാനും, തുള്ളൽക്കളങ്ങളിൽ മഹേശസാന്നിധ്യമുണ്ടാവാനും കവി പ്രാൎത്ഥിക്കുന്നു.

> "വാരിധി തന്നിൽ തിരമാലകളെന്നപോലെ
> ഭാരതീപദാവലി തോന്നേണം കാലേ കാലേ"—എഴുത്തച്ഛൻ.
> "വെള്ളത്തിര...ഭവിക്കണം—അലങ്കാരം—ഉപമ—
> "ഒന്നിനൊന്നോടു സാദൃശ്യം
> ചൊന്നാലുപമയാമതു്."

Digitized By Kerala Sahitya Akademi

ഭാഷ=മലയാളം. ദൂഷണം=ദോഷം. ഭോഷൻ=വിഡ്ഢി. ഭൂഷണം=അലങ്കാരം.

മലയാളത്തിൽ കാവ്യം നിർമ്മിക്കുമ്പോഴം കുററമററതാവാൻ പ്രയാസമുണ്ട്. അതു് മനസ്സിലാക്കാതെ വല്ലവരും എന്നെ കുററം പറഞ്ഞാൽ എനിക്കു് അതൊരു ഭൂഷണമാണ്. "ഇന്ദു ഭാഷയിതപൂർണ്ണമിന്നഹോ വന്നുപോം പിഴയുമർത്ഥശങ്കയാൽ" എന്നു് ആശാൻ പറഞ്ഞ കാര്യം തന്നെ നമ്പ്യാർ തൻെറ കാവ്യത്തെ വിമർശിക്കുന്നവരോട് പറയുന്നു.

വാറ്=ഭംഗി. കൂറുള്ളവർ=സ്നേഹമുള്ളവർ. പോററത്തം=വിഡ്ഢിത്തം.

"കൂറുള്ളവക്കും......... വരുമിന്നിനിണ്ണയം!

അലങ്കാരം=ദൃഷ്ടാന്തം–

"ദൃഷ്ടാന്തമതിനൊബിംബ

പ്രതിബിംബങ്ങളാകുകിൽ."

ഏറെ പോററത്തം പറഞ്ഞുതുടങ്ങിയാൽ കൂറുള്ളവക്കും മുഷിച്ചിൽ തുടങ്ങും എന്ന ഉപമേയത്തിനും ആരേറവോട്ടുകൂടിയാണെങ്കിലും കോരി വിളമ്പിയാൽ സ്വാദില്ലാതെ വരും എന്ന ഉപമാനത്തിനും ബിംബപ്രതിബിംബഭാവം.

51–100 "പഞ്ചസാരപ്പൊടി......കുറഞ്ഞുപോം"

അലങ്കാരം അപ്രസ്തുതപ്രശംസ–

"അപ്രസ്തുതപ്രശംസാഖ്യ–

മപ്രസ്തുത മുരക്കുമാൻ–"

പഞ്ചസാരകണക്കാറ് അകത്താക്കിയാൽ രുചിക്കുറവും രോഗവും പിടിപെട്ടുമെന്നാണ് പ്രസ്തുതാർത്ഥം.

"ചൊല്ലുന്ന കേറക്കുമിപാമെന്നുറച്ചിട്ടു–

..................................................

Digitized By Kerala Sahitya Akademi

............കല്ലിലും പുല്ലിലും തൂകിത്തുടങ്ങൊലാ!

ഈ വരികളിലും അലങ്കാരം അപ്രസ്തുതപ്രശംസ.

ഇണങ്ങിയ പാമ്പ് പാമ്പാട്ടിയുടെ ഗാനത്തിനനുസരിച്ച് പടം വിടർത്തി ആടും. എന്നാൽ അതിന്റെ വാ പൊളിച്ച് പല്ലെണ്ണാൻ തുടങ്ങിയാൽ ചിലപ്പോൾ കൊത്തിയെന്നുവരും. നെല്ലും പണവും ധാരാളം ഉണ്ടെന്നുവെച്ച് അവ കല്ലിലും പുല്ലിലും വാരിത്തൂകിയാലോ? സമ്പത്തിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്നു മാത്രമല്ല അവ അസ്ഥാനത്തായി പോകുന്നതുകൊണ്ട് ആർക്കും ഉപയോഗപ്പെടാതെ പോകയും ചെയ്യുന്നു.

ഈ അപ്രസ്തുതങ്ങളിലൂടെ നമ്പ്യാർ ലക്ഷ്യം വെച്ചിട്ടുള്ളതു് ചാക്യാർ കൂത്തിനെയാണെന്നു് കരുതുന്നതിൽ തെററില്ല. ചാക്യാരോടു് പകരം വീട്ടാനാണല്ലോ ഒരൊററ രാത്രികൊണ്ടു് കല്യാണസൗഗന്ധികം നിർമ്മിച്ചു് അടുത്ത ദിവസം അവതരിപ്പിച്ചതു്.

കൂത്തു് ഹൃദ്യമായ ഒരു കലാരൂപംതന്നെ. ഫലിതപരിഹാസങ്ങളിലൂടെ വ്യക്തികളേയും സമൂഹത്തെയും വിമർശിക്കുന്ന അതിന്റെ സമ്പ്രദായം അതിരുകവിഞ്ഞു് രൂക്ഷവും ആക്ഷേപപൂർണ്ണവുമായിത്തീർന്നപ്പോൾ ജനങ്ങൾ കൂത്തിന്റെ അരങ്ങത്തുനിന്നു് മാറിയിരുന്നു. കല മധുരവും മനോഹരവും ശക്തവുമാണു്. അതിന്റെ പ്രയോഗക്രമം തെററുമ്പോഴും ധർമ്മം മറക്കുമ്പോഴും അതു് കലാബാഹ്യമായ മറെറന്തിനെങ്കിലും ഉപയോഗിക്കുമ്പോഴും ജനങ്ങളിൽ അതു് പ്രതികൂലഫലമുണ്ടാക്കുന്നു എന്നർത്ഥം.

ഇതിനു് വിമർശനവുമായി ബന്ധപ്പെട്ടൊരു ഒരർത്ഥവും പറയാം. കവിതയുടെ ആരോഗ്യകരമായ വളർച്ചക്കു് വിമർശനം ആവശ്യമാണു്. എന്നാൽ ദോഷൈകദൃക്കുകളുടെ വിമർശനം സഹൃദയൻ ഒരിക്കലും ഇഷ്ടപ്പെടുകയില്ല. മാത്രമല്ല വെറുക്കുകയും ചെയ്യും. അത്തരം നിരൂപകന്മാർ തങ്ങളുടെ കഴിവുകൾ ദുരുപയോഗപ്പെടുത്തുകയുമാണു് ചെയ്യുന്നതു്.

Digitized By Kerala Sahitya Akademi

"നമ്മെക്കൊണ്ടു്

ദൂഷണംകെട്ടിച്ചമക്കാനടുക്കയാൽ

"ഭോഷനായുള്ളൊരെന്നിക്കെനക്കവെ

ഭൂഷണമെന്നു മനസ്സിലുറക്കുന്നു" എന്നു് നമ്പ്യാർ ആദ്യമേ പറഞ്ഞതു് ഈ വരികളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കാം:–

കല്യാണം = മംഗളം. അംഭോജനാളം = താമരത്തണ്ടു്. ഉന്മീലിതം = തുറന്നതു് (ഉന്മീയതിൻ എന്നൊരു പാഠം = മുകളിലേക്കു് പ്രവഹിച്ചുകൊണ്ടിരിക്കുന്നതു്.) ("അംഭോ...ചൊരുമ = സുഷുമ്ന എന്ന നാഡിയിൽ നിന്നു് തെളിഞ്ഞുയരുന്ന പ്രാണശക്തി), അമ്പതു പത്തുരണ്ടിൽ പെരുക്കീട്ടു് = ആയിരം ആക്കിയിട്ടു്. അറ (അറം) = പരിണമിപ്പിച്ചു്. പഞ്ചാക്ഷരം = നമശ്ശിവായ. സന്താനം = കല്പകവൃക്ഷം "അംഭോജ...വെച്ചിട്ടു് = ഹൃദയമാകുന്ന താമരയുടെ തണ്ടായ സുഷുമ്നയിൽ നിന്നു് മേലോട്ടു് ജ്വലിച്ചുകൊണ്ടിരിക്കുന്ന ആത്മചൈതന്യത്തെ ആയിരമായി പരിണമിപ്പിച്ചു് നമശ്ശിവായ എന്ന പഞ്ചാക്ഷരവൃക്ഷത്തിന്റെ തടിയിലും ശാഖയിലും പൂക്കളിലും ലതകളിലും മറഞ്ഞും നികന്നും പ്രത്യക്ഷപ്പെടുന്ന കല്പകവൃക്ഷമാകുന്ന ആ വേദാന്തസാരത്തെ ധ്യാനിച്ചിട്ടു്.––

താമരസാക്ഷന്റെ മെത്ത = അനന്തൻ. താഴത്തു് താങ്ങി കിടക്കുന്നവൻ = ആദികൂർമ്മം. ചുരക്കുന്ന വമ്പൻ = പാലാഴി. ആ കൊമ്പൻ = പാലാഴിയിൽ നിന്നുയർന്ന ഐരാവതം. അതിന്റെ കൊമ്പൊന്നൊടിച്ചോൻ = കുംഭകർണ്ണൻ. ജ്യേഷ്ഠൻ = രാവണൻ. അയാളെ പേടിച്ചു് നാട്ടിന്നു പോയോൻ = വൈശ്രവണൻ. ചാട്ടിന്റെ കൂട്ടിന്റെ കോട്ടം തീർപ്പവൻ = പുഷ്പകവിമാനത്തിന്റെ ചട്ടക്കൂട്ടിനു് കോട്ടം വരുത്തിയവൻ = രാവണൻ. അവന്റെ ഉണ്ണിക്കഴുത്തറുത്തവൻ = രാവണനെ വധിച്ചവൻ = ശ്രീരാമൻ. (ചിലർ മററു പല തരത്തിലും ഈ വരികൾക്കു് അർത്ഥം പറയുന്നുണ്ടു്.) രാവണന്റെ ഉണ്ണിയുടെ (അക്ഷകുമാരൻ) കഴുത്തറു

Digitized By Kerala Sahitya Akademi

ത്തവൻ = ഹനുമാൻ എന്നൊരർത്ഥവും. ശ്രീകൃഷ്ണൻ എന്നു് മറെറാരർത്ഥവും വ്യാഖ്യാനിച്ചു കാണുന്നു.

ശ്രീരാമൻ എന്ന അർത്ഥമാണു് സ്വീകാര്യം. തിരുവില്വാമല ശ്രീരാമനെയാണു് നമ്പ്യാരിവിടെ അനുസ്മരിക്കുന്നതു്. ആദ്യകൃതിയായ കല്യാണസൗഗന്ധികത്തിൽ നമ്പ്യാർ തിരുവില്വാമല ദേവനെ വിസ്മരിക്കാൻ വഴിയില്ല. പുരാണേതിഹാസങ്ങളിലും വേദാന്തത്തിലും നമ്പ്യാർക്കുള്ള അവഗാഹത്തിനു് ഈ ഭാഗം തെളിവാണു്

കാർമുകിൽവർണ്ണൻ = ശ്രീകൃഷ്ണൻ. കല്യാത്മഭാവേന= ശുദ്ധമായ മനോഭാവത്തോടുകൂടി. ഭാരതസത്തമം = ഭാരതത്തിൽ വെച്ചു് ശ്രേഷ്ഠം. ദേശികൻ = ഗുരുനാഥൻ. കൽഹാരപുഷ്പം= സൗഗന്ധികപുഷ്പം. കിഞ്ചിൽ = കുറച്ചു്. കഥിക്കുക = പറയുക. കില്ലു് = സംശയം. ഭോഷച്ചാർ = വിഡ്ഢി.

(പല വിദ്വാന്മാരും കല്യാണസൗഗന്ധികം കഥയെ ആധാരമാക്കി വിശിഷ്ട കൃതികൾ രചിച്ചു് പേരും പെരുമയും നേടിയിരിക്കുന്നു. യാതൊരു സംശയവും കൂടാതെ അതേ കഥ കൈകാര്യം ചെയ്‌വാൻ ശ്രമിക്കുന്നവൻ വിഡ്ഢിയാണെന്നു പലരും പരിഹസിക്കാം. അതിനു മറുപടി പറയുന്നു.) മന്ദാകിനീജലം = ഗംഗാജലം. തർപ്പിക്കുക = ബലിനൽകുക. മജ്ജനം ചെയ്യുക = മുങ്ങുക.

(കപിലശാപത്താൽ വെണ്ണീറായ പ്രപിതാമഹന്മാരുടെ മുക്തിക്കു വേണ്ടി ഭഗീരഥൻ ആകാശഗംഗയെ പാതാളത്തിലേക്കു് കൊണ്ടുവന്നു. ഇന്നു് ജനങ്ങൾ ആ ഗംഗയിൽ കുളിച്ചു തർപ്പണം ചെയ്തു് പിതൃക്കൾക്കു് സൽഗതി വരുത്തുന്നു.

അർജ്ജുനാഗ്രദേവൻ = ഭീമൻ. വർജ്ജിച്ചു് = ഉപേക്ഷിച്ചു്

ചോദ്യങ്ങൾ:— ഉള്ളിൽ സദാ തിരുവുള്ളം ഭവിക്കണം.”
ആരുടെ? എങ്ങിനെ?

Digitized By Kerala Sahitya Akademi

2. "ഭൂഷണമെന്നു മനസ്സിലുറക്കുന്നു." എന്തിനെയാണു് ഭൂഷണമെന്നു കരുതുന്നതു്?

3. "ഒന്നു ബോധിക്കണമിന്നുമാലോകരേ!"

എന്തിനെക്കുറിച്ചാണിവിടെ പറയുന്നതു്.

4) തന്നെ പരിഹസിക്കുന്നവക്കു് നമ്പ്യാർ കൊടുക്കുന്ന മറുപടിയെന്തു്?

ചോദ്യം II 1) സന്ദർഭമെഴുതി ആശയം വിശദമാക്കുക.

1) ആദരാലെങ്കിലും......നിർണ്ണയം.

2) പഞ്ചസാര......കുറഞ്ഞുപോം.

3) ചൊല്ലുന്ന......ളുടങ്ങൊലാ.

4) നെല്ലും......ളുകിളുടങ്ങൊലാ.

5) അജ്ജലം......ചെയ്യുന്നു.

ചോദ്യം:—തൻെറ കവിതയിൽ ദോഷം കാണുന്നവക്കു് നമ്പ്യാർ നൽകുന്ന ഒരു മറുപടി ഖണ്ഡികയിൽ വിവരിക്കുക.

101—200 യുധിഷ്ഠിരൻ = ധർമ്മപുത്രൻ. മങ്കമാർമൗലി = സ്ത്രീരത്നം. മാദ്രീസുതന്മാർ = നകുലസഹദേവന്മാർ. അദ്രിവനാന്തേ = പർവ്വതത്തിലുള്ള കാട്ടിൽ. ഗന്ധവാഹൻ = വായു. സമാഹൃതം = കൊണ്ടുവരപ്പെട്ട. പാർഷതി = പാഞ്ചാലി. ഗന്ധവാഹാത്മജൻ = ഭീമൻ. ഗന്ധദ്വീപപ്രൗഢമന്ദസഞ്ചാരിണി = മദിച്ച ഗജവീരനെപ്പോലെ മന്ദം മന്ദം സഞ്ചരിക്കുന്നവൾ.

ആശ്ചര്യപുഷ്പം = ആശ്ചര്യകരമായ പുഷ്പം. വല്ലഭൻ = ഭർത്താവു്. കാഞ്ചനാഭം = സ്വർണ്ണവർണ്ണത്തോടുകൂടിയ. തണ്ടാർ മധുരസം = താമരത്തേൻ. (താമരത്തേൻ തേടിയോടുന്ന വണ്ടുകൾ പതിവു പുഷ്പങ്ങൾ ഉപേക്ഷിച്ചു് കൂട്ടം കൂട്ടമായി ഈ പൂവിലേക്കു് പറന്നുവരുന്നു.)

വൃന്ദം = കൂട്ടം. കണ്ടിവാർകേശി = കരിഞ്ചുണ്ടിയൊത്ത മുടിയോടുകൂടിയവൾ. കണ്ടകം = മുള്ളു്. കണ്ടതമെന്യേ = മടികൂടാതെ.

Digitized By Kerala Sahitya Akademi

(ഭീമൻെറ വീരപരാക്രമങ്ങൾ വർണ്ണിച്ചു്, ഈ പുതുപുഷ്പം കൊണ്ടുവന്നു തരാനുള്ള കരുത്തു് അദ്ദേഹത്തിനുണ്ടെന്നു പാഞ്ചാലി തുറന്നു പറയുന്നു. ഹിഡിംബൻ, കിമ്മീരൻ, ബകൻ എന്നിവരെ വധിച്ചതു് ഭീമൻെറ കൈയൂക്കിനും, നെഞ്ഞൂക്കിനും തെളിവാണല്ലോ.)

ഉത്തരാശാമുഖം = വടക്കുദിക്കു്. സത്വവാൻ = ബലവാൻ. സമീരസൂനു = വായുപുത്രൻ (ഭീമൻ) ചിത്തരംഗം = മനസ്സു്. തത്രചെന്നു് = അവിടെ ചെന്നു്. അത്രനിന്നു് = ഇവിടെ നിന്നു് ഖണ്ഡിച്ചുരക്കുക = മറുത്തുപറയുക. (എതിർക്കുക) ദണ്ഡിക്കുക = കഷ്ടപ്പെടുക. വാഢാഫലം = നിഷ്ഫലം ഇത്യാദി = ഇപ്രകാരം. പഥ്യം = ഇഷ്ടം. ധർമ്മാടവീവാസി = ധർമ്മാരണ്യത്തിൽ വസിക്കുന്നവൻ. തന്മാനിനി = തൻെറ ഭാര്യ. വൈദേഹി = സീത. വൈദേശിക വ്യാജസന്യാസി = വിദേശീയനായ കള്ളസന്യാസി. വാമാക്ഷീവാക്യം = സുന്ദരിയുടെ വാക്യം (പെൺചൊൽ) പ്രമാണിക്കുക = പ്രമാണമായി സ്വീകരിക്കുക.

(നല്ല ചതുരവടിവിൽ സംസാരിച്ചു് പുരുഷന്മാരെക്കൊണ്ടു് കാര്യം നേടിയെടുക്കാൻ പെണ്ണുങ്ങൾക്കുള്ള ആ "സിദ്ധി"യാണു് പാഞ്ചാലിയുടെ സംസാരത്തിൽ നിറഞ്ഞു നില്ക്കുന്നതു്. പെണ്ണിനോടു മറുത്തു പറവാൻ വയ്യാതെ ചാടിപ്പുറപ്പെട്ട ഈ വിഡ്ഢി ഒടുവിൽ കഷ്ടപ്പെടാറായി എന്നു് ജനങ്ങൾ പരിഹസിക്കുമെമെന്നോർത്തു് ശങ്കിച്ചു നില്ക്കുക—ഇഷ്ടമില്ലെങ്കിൽ ഞാൻ പറഞ്ഞിട്ടുമില്ല സീതയുടെ വാക്കു കേട്ടു. പൊന്മാനിനെ പിന്തുടന്ന രാമനു് എന്തെല്ലാം ക്ലേശമനുഭവിക്കേണ്ടി വന്നു? അതിനാൽ എൻെറ വാക്കു കേട്ടു് അബദ്ധമൊന്നും പററരുതു്. ആലോചിച്ചു നോക്കുക. നന്നെങ്കിൽ അങ്ങനെ ചെയ്താൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടു്.)

ഭീമൻെറ മറുപടി— ദ്രുപദനന്ദിനി = പാഞ്ചാലി. മാരുതി = വായുപുത്രൻ. ചപലസ്ത്രീകൾ = ചഞ്ചലചിത്തകളായ സ്ത്രീകൾ.

Digitized By Kerala Sahitya Akademi

ശുകവാണീമണി = സുന്ദരീ രത്നം. (ശുകവാണി = കിളിമൊഴി) സുകരം = എളുപ്പം. ധരണി = ഭൂമി. വിരഞ്ഞു് = അന്വേഷിച്ചു്. ദാനവൻ = അസുരൻ. സുരൻ = ദേവൻ. പന്നഗം = സർപ്പം. (പാതാളവാസികൾ) ചരന്മാർ = ചാരന്മാർ. ചാരണൻ = ദേവവർഗ്ഗത്തിൽ പെട്ടവർ. പരന്മാർ = ശത്രുക്കൾ. പാർത്ഥിവൻ = രാജാവു്. കടുക്കെ = കഠിനമായ. സംഗരേ = യുദ്ധത്തിൽ. കശ്മലൻ = ദുഷ്ടൻ. എപ്പേരും = മുഴുവൻ. മടവാർമൗലീക = സുന്ദരീരത്നം. കാലഗേഹം = യമലോകം. കുംഭീപാകം = 28 നരകങ്ങളിൽ ഒന്നു്. പൊട്ടക്കെന്നു് = വേഗത്തിൽ.

ഇത്ഥം = ഇപ്രകാരം. ഉത്ഥാനം ചെയ്യുക = എഴുന്നേല്ക്കുക. സത്വരാഹങ്കാരഗംഭീരപൂരുഷൻ = പെട്ടെന്നുണ്ടായ അഹങ്കാരത്താൽ ഗംഭീരനായ പുരുഷൻ. അഗ്രഭാഗേ = മുമ്പിൽ. അഗ്രഹാരം = ബ്രാഹ്മണർ താമസിക്കുന്ന ഗ്രാമം. നിഗ്രഹാനുഗ്രഹാധികൃത പ്രൗഢർ = നിഗ്രഹാനുഗ്രഹ ശക്തിയുള്ളവർ. വിപ്രലോകം = ബ്രാഹ്മണർ. വിഗ്രഹശക്തൻ = ശരീരശക്തിയുള്ളവൻ. വൃകോദരൻ = ഭീമൻ. വ്യഗ്രതാഹീനം = ദുഃഖം കൂടാതെ.

ചോദ്യങ്ങൾ: —

1) സന്ദർഭം എഴുതി ആശയം വിശദമാക്കുക.
"ചിത്തേ വിഷാദിച്ചു നില്ക്കേണ്ട വല്ലഭ!
പഥ്യമില്ലെങ്കിൽ പറഞ്ഞതുമില്ല ഞാൻ.

2) വാമാക്ഷിവാക്യം പ്രമാണിക്ക കാരണം
രാമാദികൾക്കുമബദ്ധം പിണഞ്ഞുപോൽ.

3) സഫലം നിന്നുടെ കാര്യം സപദി സംഭവിച്ചീടും.

ചോദ്യം II "മണ്ടിവരുന്നതു കണ്ടീലയോ ഭവാൻ"
ആര്? എങ്ങിനെ?

2) "വേണ്ടും ബലം നിണക്കുണ്ടെന്നു നിർണ്ണയം!"
എന്തിനു വേണ്ട ബലം?

Digitized By Kerala Sahitya Akademi

3) "കണ്ടുകേട്ടുള്ളിലുറപ്പുണ്ടെനിക്കെടോ!"
എന്തു് കണ്ടു കേട്ടു? എന്തിനെക്കുറിച്ചുള്ള ഉറപ്പു്?

4) "ഇത്യാദി നമ്മെ ദുഷിക്കും മഹാലോക—
രത്യാഗ്രഹം മൂലം"—ലോകർ എങ്ങിനെ ദുഷിക്കുമെന്നാണു് പറയുന്നതു്?

ചോദ്യം: III പാഞ്ചാലി തന്റെ ആഗ്രഹം ഭീമനെ അറിയിക്കുന്നതും, അദ്ദേഹം അതിനു നൽകുന്ന മറുപടിയും ഒരു ഖണ്ഡികയിൽ എഴുതുക.

201—250. ദുർഗ്രഹക്രൂരധീരാകാരപൂരുഷൻ = ദുർഗ്രഹവും ക്രൂരവും ധീരവുമായ ആകാരത്തോടു കൂടിയ പൂരുഷൻ ദുർഗ്രഹം = മനസ്സിലാക്കാൻ പ്രയാസമായ.

സൗഗന്ധികം തേടി പുറപ്പെട്ട ഭീമൻ ഘോരവനത്തിലെത്തി. അവിടെയുള്ള വിവിധ വൃക്ഷലതാദികളുടെ പേരുകളിവിടെ പറയുന്നു.

നക്ഷത്രമാൎഗ്ഗം = ആകാശം. ലക്ഷകോട്യർബ്ബുദം ധൂളിപരാഗവും = ലക്ഷം, കോടി, പത്തുകോടി, ധൂളി, പരാൎദ്ധം ഇവ രണ്ടു വലിയ സംഖ്യകളാണു്. കാട്ടിലുള്ള വൃക്ഷങ്ങൾ അസംഖ്യങ്ങളാണെന്നൎത്ഥം.

താലം = കരിമ്പന. തമാലം = പച്ചിലമരം. നക്തമാലം = ഉങ്ങു്. സാലം = മരുതു് (പന) രസാലം തേന്മാവു്. ഹിന്താലം= ഈന്തപ്പന. അർജ്ജുനം = നീർമരുതു്. കേസരം = ചായില്യം. നീലം = പേരാൽ. പലാശം = പ്ലാശു്. സർജ്ജകം = വേങ്ങ. ഖർജ്ജൂരം = ഈന്തപ്പന. കാരസ്കരം = കാഞ്ഞിരം. ചൂതം = മാവു്. പനസം = പിലാവു്. ചിഞ്ചികാ ചെമ്പകം = ചെറിയ ചെമ്പകം. മാതുലംഗം = മാതളം. മാകന്ദം = തേന്മാവു്. പുന്നാഗം = പുന്നമരം. നാഗം = നാഗവൃക്ഷം. പ്രിയാളം = മുരൾ. ബകുളം = ഇലഞ്ഞി. അശ്വത്ഥം = അരയാൽ. കപിത്ഥം = വിളാർ. ശാഖകളുള്ള = സ്ഥിരം തണലുള്ള. തിലകദ്രുമം = മഞ്ചാടിവൃക്ഷം.

Digitized By Kerala Sahitya Akademi

കൃതമാലം = കൊന്നമരം. കുന്ദം = കുരുകത്തിമുല്ല. കുരണ്ഡം =ചെ ങ്കുറിഞ്ഞി. ഷണ്ഡം = കൂട്ടം. കന്ദരാളം പൂവരശ്ശ്. തിന്ത്രിണി = പുളി. വംശദ്രുമം = മുള. ജംബു = ഞാവൽ. കദംബം = കടമ്പ്. ജംബീരം = ചെറുനാരകം. ശിഗ്രുദ്രുമം = മുരിങ്ങ. തുംബീലത = ചുരവള്ളി. താംബലി = വെററിലക്കൊടി. ഗുഞ്ജാ = കുന്നിക്കുരുവള്ളി. നികുഞ്ജം = വള്ളിക്കുടിൽ. മഞ്ജികാവള്ളി = മുല്ലവള്ളി. മാലതി = പിച്ചകം. പുഷ്പവല്ലീതൃണങ്ങൾ = പൂക്കളും വള്ളികളും പുല്ലും.

തൽപ്രദേശം = ആ പ്രദേശം. ക്ഷിപ്രം = വേഗത്തിൽ. മുദാ = സന്തോഷത്തോടെ. ദിഗന്തങ്ങൾ = ദിക്കുകളുടെ അററങ്ങൾ. അട്ടഹാസോൽഭടം = അട്ടഹാസംകൊണ്ട് ഭയങ്കരമാംവിധം. ഗദാഘട്ടനം = ഗദകൊണ്ടുള്ള അടി. ചട്ടററ = ഉറപ്പുള്ള. ദ്രുമശ്രേണി = വൃക്ഷക്കൂട്ടം. ഗദാഘാതം = ഗദാപ്രഹരം. പലായനം ചെയ്യുക = ഓടുക, ഓടിരക്ഷപ്പെടുക.

251—354. ഗന്ധമാദന പർവ്വതത്തിന്റെ വർണ്ണന:—. ഉത്തുംഗശൃംഗം = ഉയൎന്ന കൊടുമുടി. തീക്കനൽ ജ്വാലാകലാപം = തീജ്ജ്വാലകളുടെ കൂട്ടം. നക്രം = മുതല. പാതാളരന്ധ്രം = പാതാള ഗുഹ. ചേതസി = മനസ്സിൽ. വേതാളപാളി = പിശാചുക്കളുടെ കൂട്ടം. ഭൂതാളി = ഭൂതക്കൂട്ടം. പൂതനാജാലം = പിശാചസമൂഹം. പ്രേതാശര ബ്രഹ്മരക്ഷോഗണങ്ങൾ = പ്രേതങ്ങളുടേയും രാക്ഷസന്മാരുടേയും, ബ്രഹ്മരക്ഷസ്സുകളുടേയും കൂട്ടം. വാനവേഗങ്ങൾ = വായുവിനെപ്പോലെ വേഗതയുള്ള. കല = കലമാൻ. മാതംഗയൂഥം = ആനക്കൂട്ടം. തോയം = തഞ്ചം. കണ = അമ്പ്. പാടനം ചെയ്യുക = പിളക്കുക. എട്ടടിമാൻ = സിംഹത്തെപ്പോലും കൊല്ലാൻ കരുത്തുള്ള ഒരു മൃഗം.

കേശം = മുടി. അഞ്ജനപർവ്വതം = നീലമല. ഗുഞ്ജാഫലം = കുന്നിക്കുരു. കുഞ്ജരം = ആന. കുംഭതടം = മസ്തകം. ഭഞ്ജനം ചെയ്യുക = തകക്കുക. അഞ്ജസാ = പെട്ടെന്നു്. സഞ്ജാതം =

Digitized By Kerala Sahitya Akademi

ഉണ്ടായ. മാലാകലാപം = മാലക്കൂട്ടം. മായൂരപിഞ്ഛം = മയിൽപ്പീലി.

"ചെമ്പിച്ച......വേഷം ഭയങ്കരം—" കാട്ടാളരാജാവിൻെറ ആകൃതിയെ വർണ്ണിക്കുന്നതിനാൽ—സ്വഭാവോക്തി.

'സൂക്ഷ്മസ്വഭാവം വർണ്ണിച്ചാൽ
സ്വഭാവോക്തീയലംകൃതി—'

"ചെമ്പരത്തിപ്പൂക്കണക്കെ നേത്രം"— ഉപമ.

കണ്ഠേ = കഴുത്തിൽ. കണ്ഠനാദം = ശബ്ദം. ഘണാഘണ സംഘോഷ ശൃംഖല = ഘണഘണശബ്ദം മുഴക്കുന്ന ചങ്ങല. കുക്കുടം = കോഴി. മുഷ്ക്കരൻ = ശക്തൻ. ഭീമപരാക്രമി = വലിയപരാക്രമത്തോടു കൂടിയവൻ.

ചോദ്യം:— 1. ഗന്ധമാദന പർവ്വതത്തിൻെറ ഔന്നത്യവും ഗാംഭീര്യവും ഒരു ഖണ്ഡികയിൽ വിവരിക്കുക—

2. കാട്ടാളരാജാവിൻെറ വേഷവും, നായാട്ടുകാരുടെ കോലാഹലങ്ങളും ഒരു ഖണ്ഡികയിൽ എഴുതുക—

326—400. നായാട്ടുകാരുടെ സംഭാഷണം—

പർവ്വതം, കാട്, കാട്ടിലെ വൃക്ഷലതാദികൾ, മൃഗങ്ങൾ, നായാട്ടുകാർ, അവരുടെ കോലാഹലം എന്നിവയെല്ലാം നമ്പ്യാർ ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. നായാട്ടുകാരുടെ സംഭാഷണത്തിൽനിന്ന് അന്നത്തെ കേരളത്തിലെ സാമൂഹ്യസ്ഥിതിഗതികൾ ഏറെക്കുറെ മനസ്സിലാക്കാം—

വക്കാണം = വഴക്ക്. ഊഴ്ച്ചമായ് = ഇല്ലാതായി. ഇണങ്ങർ = ചങ്ങാതിമാർ (ബന്ധുക്കൾ). ഉള്ളതെല്ലാം വകയാക്കുക = ഉള്ളതെല്ലാം ചെലവാക്കുക. ഭള്ള് പറയുക = മേനിപറയുക. കൊററ് = ഭക്ഷണം. കോപ്പ് = ആഭരണം കൊള്ളിവാക്ക് = മുള്ളവാക്ക്. വേട്ടാളരുടെ = വേട്ട + ആളുടെ (വിവാഹം ചെയ്ത ആൾ) കലമ്പുക = ലഹളകൂട്ടുക. വേട്ടാളൻ എന്ന ജന്തുപുഴുക്കളെ കൂട്ടിൽ കൊണ്ടുവന്ന് വെച്ച് ഊതുന്നു. കുറെ ദിവസം കഴി

Digitized By Kerala Sahitya Akademi

ഞ്ഞാൽ പുഴ വേട്ടാളനായി മാറുമത്രെ. (ഇതു് തെററായ ധാരണയാണു്.) ഭ്രമരകീടന്യായം എന്നു് ഇതിനെ പറയുന്നു. പാവപ്പെട്ട കാട്ടാളരാജാവിനെ ധൃഷ്ടയായ രാജ്ഞി തൻെറ ഹിതാനുവർത്തിയാക്കിത്തീർക്കുന്നു എന്നർത്ഥം.

കള്ളിനും കറുപ്പിനും വേണ്ടി ആയുധം പണയംവെക്കുന്ന നായർഭടന്മാരെയാണു് നമ്പ്യാരിവിടെ കണക്കിനു് കളിയാക്കിയിട്ടുള്ളതു്. കീഴ്ജീവനക്കാരോടു് കണ്ണിൽ ചോരയില്ലാതെ പെരുമാറുന്ന പെൺകോന്തനായ കാട്ടാളമന്നവനെ ആക്ഷേപിക്കുമ്പോൾ നമ്പ്യാരുടെ മനസ്സിൽ മറേറതോ ഒരു രാജാവു് ഉണ്ടായിരിക്കണം.

ചോദ്യങ്ങൾ:— സന്ദർഭമെഴുതി ആശയം വിശദമാക്കുക:—

1) ആകാത്ത നാളിൽ പിറന്നനാം കാശിക്കു
പോകാത്തതല്ലയോ കഷ്ടമെൻ വേടരേ.

2) കൊററിനില്ലാത്തവൻ കോപ്പുമോഹിക്കുമോ
വററിനില്ലാത്തവൻ പാൽകുടിച്ചീടുമോ.

3) വീട്ടിലുണ്ടെങ്കിൽ.........ദരിദ്രനെന്നാകിലോ.

ചോദ്യം:— നായാട്ടുകാരുടെ സംഭാഷണം ഒരു ഖണ്ഡികയിൽ എഴുതുക:—

401_475 അച്ചി = ഭാര്യ (സ്ത്രീ) തൊപ്പിയിടുക = മതംമാറുക. ഗുളം = ശർക്കര. മാസം = ശ്രാദ്ധം. ഭൂസുരൻ = ബ്രാഹ്മണൻ കിംഫലം = ഫലമെന്തു്? പാരാധീനം = ക്ലേശം. ചെണ്ടംകെട്ടുക = അബദ്ധത്തിലാവുക. കണ = അമ്പു്.

നായാട്ടു്:— കുംഭി = ആന. ജൃംഭിതമദവനചരർ = വർദ്ധിച്ച അഹങ്കാരത്തോടുകൂടിയ കാട്ടാളന്മാർ. ഭീമസമക്ഷം = ഭീമൻെറ മുമ്പിൽ വെച്ചു. മാരി = മഴ. മഹിഷം പോത്തു്. പടലം = കൂട്ടം. കടുവ = പുലി. വിടുവായൻ = ഔചിത്യമില്ലാതെ സംസാരിക്കുന്നവൻ. കടുതാകിന = കഠിനമായ. ഇടയുംപടി = തോററുപോകുംവിധം. കിടുകിടനട = പേടിച്ചുകൊണ്ടുള്ള നടത്തം. തടവു

Digitized By Kerala Sahitya Akademi

കരം വടിവു് = തടുക്കുന്നതിന്റെ ഭംഗി. പടഹം = പെരുമ്പറ. തോഷം സന്തോഷം. ഉദ്ധനമതി = അഹങ്കാരി. ഉത്തമഗിരി = ശ്രേഷ്ഠമായ പൎവ്വതം.

ചോദ്യം:— ഗന്ധമാദനപൎവ്വതത്തിൽ ഭീമൻ ദർശിച്ച നായാട്ടു് ഒരു ഖണ്ഡികയിൽ വിവരിക്കുക:—

476—525— ശ്രീകൃഷ്ണസ്തുതി—നമ്പ്യാരുടെ ഏററവും സുന്ദരവും ഭക്തിഭരിതവുമായ സ്തുതിയാണിതു്.

കായാമ്പൂ.........കായം = കായാമ്പൂവിന്റെ മനസ്സിൽ വിഷമമുണ്ടാക്കുന്ന ശരീരത്തോടുകൂടിയവനെ (കായാമ്പൂവിനെ അതിശയിക്കുന്ന കായകാന്തിയോടുകൂടിയവൻ). തപംഅനിശം പായാ = നീ എപ്പോഴും രക്ഷിച്ചാലും. ജായാപുത്രമിത്രങ്ങൾ = ഭാൎയ്യ, മക്കൾ, സുഹൃത്തുക്കൾ എന്നിവർ. സാഗരം = സമുദ്രം. ഗംഗാതോയം = ഗംഗാജലം. കായാദികൾ = ശരീരം മുതലായവ. ആയാസം = വിഷമം. തോയജനയനൻ = താമരക്കണ്ണൻ. ആമെങ്കിൽ = ആവുമെങ്കിൽ. നാമെന്നുള്ള ഭാവം = ഞാനെന്ന ഭാവം. കാമിനിമണിമാർ = സുന്ദരികൾ. സാമോദം = സന്തോഷത്തോടുകൂടി. ധീമാന്മാർ = ബുദ്ധിമാന്മാർ.

"ജായാ........ നോക്കി—" രൂപകം.

"ഒരുവൎണ്ണത്തോടുവൎണ്ണത്തി—
ന്നഭേദം ചൊല്ലൂ രൂപകം:—

പാൽപ്പായസപ്രിയനായ അമ്പലപ്പുഴ കൃഷ്ണനെക്കുറിച്ചാണു് ഈ സ്തുതി. മായയിൽനിന്നു് മോചിപ്പിച്ചു് തന്നെ രക്ഷിക്കേണമെന്നു് കൃഷ്ണനോടദ്ദേഹം പ്രാൎത്ഥിക്കുന്ന സുന്ദരിമാരുടെ ലീലാവിലാസങ്ങൾ:—

വല്ലീഗൃഹങ്ങൾ = വള്ളിക്കുടിലുകൾ. മല്ലാക്ഷി = സുന്ദരി. സല്ലാപസാരസുഹല്ലോഹലം = സരസസംഭാഷണം കൊണ്ടുള്ള ആനന്ദം. കല്ലോലവിഭ്രമം = തിരമാലകളുടെ വിലാസം. ചില്ലീവില്ലാട്ടം = പുരികക്കൊടികളുടെ ഇളക്കം. മല്ലായുധൻ = കാമദേ

Digitized By Kerala Sahitya Akademi

വൻ. അല്ലൽ = ദുഃഖം. ധമ്മില്ലം = തലമുടി. മുഖാംബുജം = താമരയൊത്ത മുഖം. കാമന്റെ തഴയെ ജയിപ്പിക്കുന്ന മനോഹരമായ മുട്ടിക്കെട്ട്. മല്ലിക = മുല്ല. ജംഭാരി = തന്നുടെ. കുംഭിപ്രവരൻ = ഇന്ദ്രന്റെ ഗജശ്രേഷ്ഠൻ (ഐരാവതം) കുംഭത്തടം = മസ്തകം. ഡംഭം = അഹങ്കാരം. കുചം = സ്തനം. സംഭാവനം = ബഹുമാനം (വന്ദനം) ജംഭാരി പുത്രന്റെ മുമ്പിൽ പിറന്നവൻ = അർജ്ജുനന്റെ ജ്യേഷ്ഠൻ (ഭീമൻ). പന്തണിക്കൊങ്കമാർ = പന്തുപോലെ മനോഹരമായ കൊങ്കകളോടു കൂടിയവർ. ചിന്ത് = പാട്ട്. കുത്രചിൽ = ചില ദിക്കിൽ. അന്യത്രകുത്രചിൽ = മറ്റൊരിടത്ത്. വേണു = ഓടക്കുഴൽ. ചേണാന്ന = മനോഹരമായ. വിലോകനം ചെയ്യുക = നോക്കുക. അധിത്യകാഭൂമി = മുകളിലുള്ള പീഠഭൂമി. ശ്യാമളം = കറുത്ത. കദളീവനം = വാഴത്തോട്ടം. ശ്രീപൂർണ്ണം = ഐശ്വര്യപൂർണ്ണം. ശ്രീ മഹാദേവന്റെ ബീജേനജാതൻ = ശിവവിൽനിന്നു ജനിച്ചവൻ. ശിവനും പാർവ്വതിയും വാനരവേഷം ധരിച്ച് കളിച്ചു നടക്കുന്ന കാലത്ത് പാർവ്വതി ഗർഭിണിയായി. ശിവൻ വാനരരൂപത്തിലുള്ള ആ ബീജത്തെ വായുവിന് കൊടുത്തു. വായു അതിനെ അഞ്ജനയുടെ ഗർഭത്തിലാക്കി. ഇങ്ങിനെയാണ് ഹനൂമാന്റെ ജനനം.

ചോദ്യം:_ സുന്ദരിമാരുടെ ലീലാവിലാസങ്ങളെ നമ്പ്യാർ എങ്ങിനെ വർണ്ണിച്ചിരിക്കുന്നു?

"ജംഭാരിതന്നുടെ............കുചകുംഭങ്ങൾ_" അലങ്കാരം ഉപമ.

(ഐരാവതത്തിന്റെ മസ്തകത്തെ ജയിക്കുന്ന കുചകുംഭങ്ങൾ.)

"വല്ലീഗൃഹങ്ങളിൽ.........കുചകുംഭങ്ങളെക്കൊണ്ടു്"_സ്വഭാവോക്തി അലങ്കാരം.

"കല്ലോലവിഭ്രമം വെല്ലുന്ന കൺമുനത്തെല്ല്_"

"മുല്ലായുധൻ..................ധമ്മില്ലം

"മല്ലികമൊട്ടിനെ ......പല്ലിൻെറ ശോഭയും—എന്നീ വരികളിലും ഉപമ.

526—575. ബാലാനിലർ = ഇളങ്കാററ്. ദലം = ഇല. മഹീതലം = ഭൂമി. പാഴററ = മനോഹരമായ. കാലാത്മജാനുജൻ = യുധിഷ്ഠിരൻെറ അനുജൻ.

(പച്ചവാഴക്കലകൾക്കിടയിൽ പഴുത്ത പഴങ്ങൾ നില്ക്കുന്നതു കണ്ടാൽ പവിഴവും മരതകവും ഇടകലൎത്തി കോൎത്ത മാലകൾകൊണ്ടു് അലങ്കരിച്ച സ്ഥലമാണോ എന്നു് ജനങ്ങൾ സംശയിക്കുമാറു് കാറേററു് ഇളകിക്കൊണ്ടിരുന്ന വാഴകളോടുകൂടിയ കദളീവനം ശോഭിച്ചു. അലങ്കാരം ഉപമ. പവിഴവും മരതകവും ഇടകലൎത്തികോൎത്ത മാലപോലെ പച്ചക്കലകൾക്കിടയിൽ പഴുത്ത പഴങ്ങൾ ശോഭിച്ചു.)

"താഴത്തു...പ്രകാശമുണ്ടപ്പൊഴും"— ഉപമ.

മനോഹരമായ പട്ടു വിരിച്ചതുപോലെ, തമുഴെ വീണുകിടക്കുന്ന വാഴപ്പൂഴം കൊണ്ടു് ആ കദളീവനം പ്രകാശിച്ചു.

"പച്ചക്കദളി ......വൃകോദരൻ" സ്വഭാവോക്തി. (കദളീവനത്തിൻെറ തേജസ്സും ചൈതന്യവും മനോഹരിതയും നിറഞ്ഞുനില്ക്കുന്ന ഒരു ചിത്രമാണു് ഈ വരികളിൽ നമ്പ്യാർ വരച്ചുവെച്ചിട്ടുള്ളതു്.

ഹനുമാൻെറ വിചാരം:— അളലം = വഷിച്ചു. മതിമാൻ = ബുദ്ധിമാൻ. നിരൂപിച്ചു് =ചിന്തിച്ചു്. മതിമുഖിമണി = ചന്ദ്രമുഖികളിൽ രത്നം. (സുന്ദരീരത്നം). മനുജൻ = മനുഷ്യൻ ദനുജൻ = അസുരൻ. മരുത്തു് = വായു. കരുത്തു് = ശക്തി. പടുത്വം = സാമർത്ഥ്യം.

"മനംകൊണ്ടിങ്ങിനെ......മഹാവീരൻ"— സ്വഭാവോക്തി— മൂപ്പാരും ജയിച്ച മഹാവീരനായ ഹനുമാൻ അനുജനായ ഭീമൻെറ കരുത്തൊന്നു് പരീക്ഷിപ്പാൻ വൃദ്ധവാനരൻെറ വേഷം ധരിച്ചു് മാർഗ്ഗമദ്ധ്യത്തിൽ കിടന്നു.

Digitized By Kerala Sahitya Akademi

ചോദ്യങ്ങൾ:— 1) ഭീമൻ കണ്ട കദളീവനത്തിൻെറ മനോഹാരിത ഒരു ഖണ്ഡികയിൽ എഴുതുക—

2) തൻെറ അനുജനായ ഭീമനെ കണ്ടപ്പോൾ ഹനുമാൻ ചിന്തിച്ചതെന്തു്? അദ്ദേഹം സ്വീകരിച്ച തന്ത്രമെന്തു്? (ഒരു ഖണ്ഡിക—)

ചോദ്യ:— II. 1) "അതിവീരനിവൻ ഭീമനതിവേഗം ഗമിക്കുന്നു. എന്തിന്നു്?

2) "അടുത്താശു ഗമിക്കാതെ തടുത്തു നിർത്തുവാൻ എന്തുദ്ദേശത്തോടുകൂടിയാണു് ഇങ്ങിനെ ചെയ്യാൻ തീരുമാനിച്ചതു്?

3) "വഴിയിൽച്ചെന്നുറച്ചു നേത്രവും ചിമ്മിശ്ശയിച്ചു"—"
ആർ? ഏതു് വേഷം ധരിച്ചു?

ഹനുമൻഭീമസംവാദം:— കളിമ്പം = വിനോദം. കണ്ഠീരവം = സിംഹം. പദ്ധതി = വഴി. ബലീമുഖൻ = കുരങ്ങൻ. അഞ്ജസാ = പെട്ടെന്നു്. "തുമ്പിക്കരം.......നടന്നു തുടങ്ങിനാൻ" സ്വഭാവോക്തി.

(തുമ്പിക്കൈ കൊണ്ടു് വന്മരക്കൊമ്പുകൾ ഒടിച്ചോടിയടുക്കുന്ന കൊലയാനക്കൊമ്പൻെറ കൊമ്പുകൾ പിടിച്ചു് കളിയായി അമ്പതുവട്ടം ചുററിയും, കാട്ടുകത്തോടുന്ന മൃഗങ്ങളെ ചാടിക്കടിച്ചു് തൂക്കിയോടുന്ന സിംഹങ്ങളുടെ കഴുത്തിൽ അമ്പുകളേല്പിച്ചു് പായിച്ചും ഭീമൻ കദളിവനത്തിൽ പ്രവേശിച്ചു.)

576—625. ശാൻ = ധൃഷ്ടൻ. ദുർഘടസ്ഥാനം. അപകടം പിടിച്ച സ്ഥലം. ദുർഭാഷണം = ചീത്തവാക്കു്. ഏററമാറുക = എഴുന്നേററു് മാറുക. മാരുതിവൃദ്ധൻ = ഹനുമാൻ. യയാതിയുടെ പുത്രനാണു് പൂരു. ആ വംശത്തിലാണു് (ചന്ദ്രവംശം) പാണ്ഡവരുടെ ജനനം. ഗദാഗ്രം = ഗദയുടെ അററം. മർക്കടപ്രാകൃൻ = സംസ്കാരശൂന്യനായ കുരങ്ങൻ. സജ്ജനാചാരം = സജ്ജനങ്ങളുടെ ആചാരം. ധർമ്മപ്രകാരം = ധർമ്മത്തിൻെറ രീതികൾ.

Digitized By Kerala Sahitya Akademi

ചോദ്യം:— I "മുമ്പിൽ കളിപ്പിച്ച വമ്പൻ വൃകോദരൻ."

ആരെ എങ്ങിനെ കളിപ്പിച്ചു?

2. "കുരങ്ങുതരം കോർത്തുമണ്ടിച്ചമങ്ങനെ."

ആരെ എങ്ങിനെ മണ്ടിച്ചു.

ചോദ്യം:— II "ക്രുദ്ധനായിപ്പറഞ്ഞീടിനാനഞ്ജസാ"

1) "മാരുതി വൃദ്ധന്റെ വാക്കുകൾ കേട്ടടൻ."

ഇവിടെ ഭീമൻ പറഞ്ഞതും ഹനുമാൻ അതിന്നു് നല്കിയ മറുപടിയും ഒരു ഖണ്ഡികയിൽ എഴുതുക:—

2) മാരുതി ഭീമൻ കയർത്തു ചൊല്ലീടിനാൻ."

എന്തെല്ലാമാണു് ഭീമൻ പറഞ്ഞതു് (1 ഖണ്ഡിക)

ചോദ്യം:— III. 1) "ധീരനാമദ്ദേഹമിദ്ദേഹമോർക്കനീ"

"അദ്ദേഹം" എന്ന പദംകൊണ്ടു് ഉദ്ദേശിക്കുന്ന യോഗ്യതയെന്താണു്? (1 വാക്യം)

2) 'മാറിൽപ്പതിക്കും ഗദാഗ്രമെന്നോർക്കണം'.

ആരുടെ മാറിൽ?

3) "അർജ്ജുനാജ്യേഷ്ഠൻ സഹിക്കയില്ലേതുമേ"

എന്തു് സഹിക്കയില്ലെന്നാണു് പറയുന്നതു്?

4) "ചെയ്കയില്ലെന്നു് ബോധിക്കണം." എന്തു് ചെയ്കയില്ലെന്നാണു് പറയുന്നതു്?

5) "അർജ്ജുനാജ്യേഷ്ഠൻ" "ധർമ്മപുത്രാനുജൻ" എന്നു് ഭീമൻ സ്വയം വിശേഷിപ്പിക്കുന്നതുകൊണ്ടു ലഭിക്കുന്ന പ്രത്യേകാർത്ഥമെന്തു്?

(വില്ലാളിവീരനാണു് അർജ്ജുനൻ. ഒരിടത്തും അദ്ദേഹം പരാജയപ്പെട്ടിട്ടുമില്ല. അജയ്യനും അഭിമാനിയുമായ ആ അർജ്ജുനന്റെ സഹോദരനായ തന്നെ ആർക്കും ചീത്തപ്പെടുത്തുവാൻ സാധ്യമല്ലെന്നാണു് ഭീമൻ "അർജ്ജുനാജ്യേഷ്ഠൻ" എന്നു് പറയു

Digitized By Kerala Sahitya Akademi

ന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ധർമ്മരാജാവിൻെറ പുത്രനും, ധർമ്മാനുസൃതമായ ജീവിതം നയിക്കുന്നവനുമാണ് ധർമ്മപുത്രർ. അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ വളന്ന താൻ ആരോടും ധർമ്മത്തിനെതിരായി യാതൊരു കർമ്മവും ചെയ്യുന്നതല്ല; മനുഷ്യനായാലും മൃഗമായാലും എന്നാണ് "ധർമ്മപുത്രാനുജൻ" എന്ന വിശേഷണംകൊണ്ട് ലഭിക്കുന്ന വിശേഷാർത്ഥം.

"ലജ്ജകൂടാതെ......... സഹിക്കയില്ലേതുമേ"
"ധർമ്മപുത്രാനുജൻ.........ബോധിക്കണം."
ഈ രണ്ടിടത്തും പരികരം—അലങ്കാരം.
"വരും പരികരം ചൊന്നാൽ
സാഭിപ്രായം വിശേഷണം."

ചോദ്യം IV സന്ദർഭമെഴുതി ആശയം വിശദമാക്കുക:—

1) "നാട്ടിൽ പ്രഭുക്കളെ.........മൂളിക്കുരങ്ങുനീ."
2) പാരം വലഞ്ഞു.........കലമ്പുമാറില്ലെടോ!"
3) ധീരനാമദ്ദേഹമിദ്ദേഹമാക്കനീ.
4) "നേരായ മാർഗ്ഗം.........തോല്ക്കയുമില്ലെടോ!"
5) "സജ്ജനാചാരം.........സഹിക്കയില്ലേതുമേ"
6) "ധർമ്മപ്രകാരം.........ബോധിക്കണം".

626—700 നയജ്ഞൻ = നയങ്ങൾ അറിയുന്നവൻ. പഞ്ചബാണാർത്തി = കാമപാരവശ്യം. ചാഞ്ചല്യം = ഇളക്കം. കൺമുനത്തല്ല് = കടാക്ഷമാകുന്ന പ്രഹരം. ചിതം = ഉചിതം. കളത്രം = ഭാര്യ. കൂറുകാർ = ബന്ധുക്കൾ. സുയോധനൻ = ദുര്യോധനൻ. ഉള്ള് = അഹങ്കാരം. കാംക്ഷ ആഗ്രഹം. ഭഞ്ജനം ചെയ്യുക = തകർക്കുക. പരാക്രമമുണ്ടായ് = പരാക്രമത്തെക്കുറിച്ച് അറിയാൻ കഴിഞ്ഞു. അരക്കൻ = രാക്ഷസൻ. ധൂമകേതു = വാൽനക്ഷത്രം. (ഇതു പ്രത്യക്ഷപ്പെടുന്നത് ആപൽസൂചകമാണെന്ന് വിശ്വസിക്കപ്പെടുന്നു.) ഡംഭിച്ചു = അഹങ്കരിച്ചു. സാലം = പന. ജൃംഭിച്ച വിഗ്രഹം = തടിച്ച ശരീരം. നിർമ്മൂലനം ചെയ്യുക = വേരോടെ പി

Digitized By Kerala Sahitya Akademi

ഴതെറിയുക. സിദ്ധൻ = ദിവ്യൻ. പ്ലവംഗമൻ = വാനരൻ. ദുർമ്മതി = ദുർബ്ബുദ്ധി.

(ഭീമൻ തന്റെ കേമത്തങ്ങൾ അല്പം അഹംഭാവത്തോടെ പറയുകയാണു്. ഹിഡിംബൻ, ബകൻ, ജരാസന്ധൻ, കിർമ്മീരൻ എന്നിവരെ വധിച്ച സംഭവമാണു് പരാമർശിക്കുന്നതു്.

(മക്കളില്ലാത്ത ദുഃഖിച്ച മഗധരാജാവു് ഭൃഗുമുനിയെ സേവിച്ചു. അദ്ദേഹം ഒരു മാമ്പഴം രാജാവിന്റെ രണ്ടു പത്നിമാൎക്കായി കൊടുത്തു. അവർ പകുതി ശരീരമുള്ള ഓരോ ശിശുക്കളെ പ്രസവിച്ചു. ജര എന്ന രാക്ഷസി ആ രണ്ടു ശരീരഭാഗങ്ങളെ ചേൎത്തു് ഒന്നാക്കി. അവനാണു ജരാസന്ധൻ (ജരയാൽ സന്ധിപ്പിക്കപ്പെട്ടവൻ) ഭീമൻ ജരാസന്ധനുമായി ദ്വന്ദയുദ്ധം ചെയ്തു. ഭീമൻ തോല്ക്കുമെന്ന ഘട്ടം വന്നപ്പോൾ കൃഷ്ണന്റെ നിർദ്ദേശമനുസരിച്ചു് അർജ്ജുനൻ ഒരു പച്ചില കീറി മുറിച്ചിട്ടു. അങ്ങിനെ ഭീമൻ ജരാസന്ധന്റെ ഒരു കാൽ ചവിട്ടി മറേറക്കാൽ പിടിച്ചു രണ്ടായി പിളന്നു കൊന്നു.)

"കൊമ്പൻ കൊലയാന ..........പിളൎന്നതും"–ഉപമ.

(ഭീമൻ ജരാസന്ധന്റെ ശരീരം പിളൎന്നതിനെ കൊലയാന സാലവൃക്ഷം പിളൎക്കുന്നതിനോടു് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.)

ചോദ്യങ്ങൾ:– 1) "വഞ്ചിപ്പതിന്നവൾ പോരും വൃകോദരാ!"

ആർ ആരെ എങ്ങിനെ വഞ്ചിക്കുമെന്നാണു് പറയുന്നതു്?

2) "വാലുള്ള വാനരന്മാൎക്കും ചിതംവരാ!"

എന്താണു് ചിതമല്ലെന്നു് പറയുന്നതു്?

3) "കാററിന്മകൻ നീ പറഞ്ഞതും വിസ്മയം!"

എന്താണിവിടെ വിസ്മയമെന്നു് ഹനൂമാൻ പറയുന്നതു്?

Digitized By Kerala Sahitya Akademi

4) "മണ്ടിത്തുടങ്ങും മടങ്ങാതെ നിങ്ങളും?"
എന്തിനു്? ആരെക്കുറിച്ചാണു് പറയുന്നതു്?

5) "ഭഞ്ജനം ചെയ്‌വാൻ മടിക്കുന്നു ഞാൻ"
ആരെ? എന്തുകൊണ്ടു്?

6) "ജൃംഭിച്ച വിഗ്രഹം രണ്ടായ് പിളന്നതും"
ആരുടെ വിഗ്രഹം? ഇതിനെ ഏതിനോടുപമിച്ചിരിക്കുന്നു?

7) "ധർമ്മസംരക്ഷണം ചെയ്ത വൃകോദരൻ!"
ആരുടെ ധർമ്മസംരക്ഷണം? എങ്ങിനെ?

ചോദ്യം II. "മാരുതി ഭീമൻ കയർത്തുചൊല്ലിടിനാൻ"
"ചിരിച്ചുകൊണ്ടൊന്നരുൾ ചെയ്തു
ഹനൂമാനുമിങ്ങനെ!"

ഈ ഉക്തിപ്രത്യുക്തികൾ ഒരു ഖണ്ഡികയിൽ സംഗ്രഹിക്കുക:—

701—776: അഞ്ജനാപുത്രൻ = ഹനൂമാൻ. രൂക്ഷസന്നാഹങ്ങൾ = ശക്തമായ ഒരുക്കങ്ങൾ. ദുര്യോധനോക്തം = ദുര്യോധനന്റെ കല്പനയനുസരിച്ചു്. ദുശ്ശാസനം = ദുഷിച്ച കല്പന. കാശിക്കുപോവുക = നശിച്ചുപോവുക (നഷ്ടപ്പെടുക). നാസ്തിയാം = ഇല്ലാതാവുക. പാദപം = വൃക്ഷം. ചടപ്പാം = ക്ഷീണിച്ചതായ. മൂത്തുകൻ = വൃദ്ധൻ. ഗുരു = ജ്യേഷ്ഠൻ. ലംഘിക്കുക = ചാടിക്കടക്കുക. നെടുക്കം = നീണ്ട. അരിശം = കോപം. നക്തഞ്ചരാരാതിദാസൻ = ശ്രീരാമന്റെ ദാസൻ. പുച്ഛാഗ്രം = വാലിന്റെ അററം. ഉത്തുംഗം = ഉയന്ന (വലിയ). തരിമ്പു് = അല്പം.
ചോദ്യം: "കാശിക്കു പോയോ കഥിക്ക വൃകോദരാ!"

1) ഇവിടെ ആരെ എന്തു പറഞ്ഞാണു് പരിഹസിക്കുന്നതു്?

2) "ചെന്നങ്ങവനെ പ്രഹരിക്കയോ ഗുണം?"
ഏതു സന്ദർഭത്തെക്കുറിച്ചാണിവിടെ വിവരിക്കുന്നതു്?

Digitized By Kerala Sahitya Akademi

3) "മടിക്കുന്നെന്തിനു് ഭീമ! മുടക്കുന്നില്ല ഞാൻ മാൎഗ്ഗം?" എന്തിനു മടിക്കേണ്ടെന്നാണു് പറയുന്നതു്?

4) "ചിരിക്കും സജ്ജനമെന്നു ധരിക്ക—" എന്നു കേട്ടാൽ ചിരിക്കുമെന്നാണു് പറയുന്നതു്?

5) "നിനച്ചാൽ, നിന്നെ ലംഘിച്ചാലെനിക്കു പാപമുണ്ടാകും?"— എന്തു് നിനച്ചാൽ ലംഘനം പാപമാണെന്നാണു് പറയുന്നതു്?

6) "വേർപെടുക്ക ദുർഘടമെല്ലാം?"—ദുർഘടം എങ്ങിനെ വേർപെടുക്കാനാണു് നിർദ്ദേശിക്കുന്നതു്?

7) "പറഞ്ഞു പാണ്ഡവനപ്പോൾ"—എന്തു പറഞ്ഞു?

8) "മുറിച്ചു..........പോകയില്ലല്ലീ!!" എന്ന ഭീമന്റെ പരിഹാസത്തിനു് ഹനൂമാൻ നൽകിയ മറുപടിയെന്തു്

ചോദ്യം: ഭീമനെ തേജോവധം ചെയ്യുന്ന രീതിയിലുള്ള ഹനൂമാന്റെ പരിഹാസവും അതിനു് ഭീമൻ നൽകുന്ന മറുപടിയും വിവരിക്കുക:—

ചോദ്യം: സന്ദർഭവും ആശയവും വിവരിക്കുക:—

1) "പൊണ്ണത്തടിയനാം..........വാൎദ്ധക്യാരോ.

2) "കന്നമനങ്ങാതെ..........ഗ്രണം?"

3) "മൂത്തുക്കന്മാർ..........ചിതം പോരാ!"

4) "നിനച്ചാൽ..........പാപമുണ്ടാകും!"

5) "മുറിയുന്നൊരെടോ..........അരിശമുണ്ടാകവേണ്ട."

6) "ശ്രവിക്കുമ്പോളെനിക്കുള്ളിൽ ..................നിനക്കപ്പോൾ."

776—850: നഷ്ടി = നാശം. ഇളപ്പെട്ടിരിക്കുക = തോററിരിക്കുക. ഉൽക്കടാടോപം = വർദ്ധിച്ച അഹങ്കാരത്തോടുകൂടി. മുഷ്ക്കു് = കുറുമ്പു്. ശമിക്കുക = അടങ്ങുക. മുഷ്ക്കരൻ = ശക്തൻ

Digitized By Kerala Sahitya Akademi

(ഗശ്ചിഷ്ഠൻ). കൂടപ്രയോഗം = ചതിപ്രയോഗം. ഞെളിഞ്ഞുകൊണ്ട് = തെമ്മാടിത്തം കാണിച്ചുകൊണ്ട്. നേത്തുവരിക = എതിർക്കുക.

"കൂനൻ മദിച്ചാൽ ഗോപുരം കുത്തുമോ?" ഇതൊരു പഴഞ്ചൊല്ലാണ്. "കൂനനായ ഒരുവൻ എത്ര അഹങ്കരിച്ചാലും ഏറവും ഉയരമുള്ള ഗോപുരം തകക്കാൻ കഴിയുകയില്ല എന്നർത്ഥം

"മന്ത്രവും.............. നമ്മോട്"— അലങ്കാരം ദൃഷ്ടാന്തം.

ദൃഷ്ടാന്തമതിനെ ബിംബ–
പ്രതിബിംബങ്ങളാക്കുകിൽ"

പംക്തികണ്ഠൻ = രാവണൻ. നക്തഞ്ചരൻ = രാക്ഷസൻ. മഹാവാരിരാശി = മഹാസമുദ്രം. കിങ്കരൻ = ദാസൻ. കേളികാനനം = ക്രീഡോദ്യാനം, ഹുങ്കാരം = അഹങ്കാരം. രണം = യുദ്ധം. ലങ്കേശപുത്രൻ = രാവണപുത്രൻ (അക്ഷകുമാരൻ). പങ്കേരുഹാക്ഷി = താമരക്കണ്ണി. ചണ്ഡം = കഠിനം, ഉഗ്രം. ഗണ്ഡസ്ഥലം = കവിൾത്തടം.

ചോദ്യം:— I "വേണ്ടുവോളം നാണവുംകെട്ടു മാറിനാൻ."

ആർ? എങ്ങിനെയാണ് നാണംകെട്ടത്?

"ഇത്തരം ചിന്തിച്ചു കോപിച്ചുറച്ചുടൻ"

2. "ആർ? എന്തെല്ലാമാണ് ചിന്തിച്ചത് (1 ഖണ്ഡിക.)

3. കൂനൻ മദിച്ചെന്നാൽ ഗോപുരം കുത്തുമോ?"

ഈ വരിയിലൂടെ വ്യക്തമാക്കുന്ന ആശയമെന്ത്?

(കൂനൻ എത്രതന്നെ കരുത്തുള്ളവനായാലും ഗോപുരം തകക്കാൻ കഴിയുന്നതല്ലല്ലോ. അതുപോലെ ഒരു മരഞ്ചാടി എത്രതന്നെ ശക്തനായാലും, മന്ത്രതന്ത്രവിദ്യകൾ പഠിച്ചവനായാലും തന്നെ പരാജയപ്പെടുത്താൻ ശക്തനല്ലെന്ന് ഭീമൻ ഈ വാക്കുകളിലൂടെ വ്യക്തമാക്കുന്നു.)

Digitized By Kerala Sahitya Akademi

ചോദ്യം:— II സന്ദർഭവും ആശയവും വ്യക്തമാക്കുക.

1. "തെററന്നൊരുത്തൻെറ......... മദ്ബലം".
2. കഷ്ടമിബ്ഭീമനിളപ്പെട്ടിരിക്കുമോ;
3. കണ്ടാലറിവാൻ...........സംശയം
4. മന്ത്രവും.........നമ്മോട്.

851—900:— അഗ്രജൻ=ജ്യേഷ്ഠൻ. പവനാത്മജൻ=വായുപുത്രൻ (ഹനുമാൻ. "അദ്ദേഹ........മതിമതി"— വിഷമാലങ്കാരം.

"വിഷമം ചേർച്ചയില്ലാത്ത
രണ്ടിനെച്ചേർത്തു ചൊല്ലുകിൽ."

(രാമദാസനും, വായുപുത്രനും മഹാവീരപരാക്രമിയും ആയ എൻെറ ജ്യേഷ്ഠൻ ഹനുമാനെവിടെ, വികൃതശരീരിയും ദുർബ്ബലനും വൃദ്ധനുമായ നീയെവിടെ, നിങ്ങൾ രണ്ടുപേരും ഒരു തരത്തിലും യോജിപ്പില്ല.) പക്ഷീന്ദ്രൻ=ഗരുഡൻ. മക്ഷികക്കൂട്ടം=ഈച്ചക്കൂട്ടം.

"പക്ഷീന്ദ്രനുണ്ട്........മിങ്ങനെ"— അലങ്കാരം—ഉപമ.
ഹനുമാൻ യഥാർത്ഥരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു.

വദ്ധിത......ശരീരൻ=ഏററവും ഉയരംകൂടിയതും, വെളുത്തതുമായ ഹിമാലയത്തിനു് തുല്യമായ ശരീരത്തോടു കൂടിയവൻ. നെട്ടതാകിന=നീണ്ട. കുടിലാകൃതി=വളഞ്ഞ. ശശികല=ചന്ദ്രക്കല. ദന്തകദംബം=പല്ലുകൾ. ചടുലസ്ഫുടസടകൾ=ഇളകുന്നതും വ്യക്തവുമായ കഞ്ചിരോമങ്ങൾ. പരിഘം=ഇരുമ്പുലക്ക. പടപൊരുതുന്ന=തുല്യമായ. പൃഥുതരകരദണ്ഡയുഗം=ഏററവും തടിച്ച ഇരുകൈകൾ. ഖരതരകരനഖരനികായം=കഠിനങ്ങളായ നഖക്കൂട്ടം (മൂർച്ചയുള്ള) ഗിരിവരസമം=ശ്രേഷ്ഠമായ പർവ്വതത്തിനു തുല്യം. ഉദരം=വയർ. കടിതടം=അരക്കെട്ട് ഉരുതരം=വലിയ. ജംഘായുഗളം=രണ്ടു കണങ്കാലുകൾ. കിങ്കരകുലം=ഭൃത്യസമൂഹം. അടിമലർവടിവു്=കാലുകളുടെ ആകൃതി. ശശിധരനിഭധവളം=ചന്ദ്രനെപ്പോലെ വെളുത്ത. ഉൽക്കട

Digitized By Kerala Sahitya Akademi

ടകട്ടദീർഘനിനാദം = അത്യധികം ഉച്ചത്തിലുള്ള ശബ്ദം. മർക്കടകുലമകുടമഹാമണി = വാനരവംശശ്രേഷ്ഠൻ. കർക്കശ......ചരണാദികൾ = പരുപരുത്ത കാലുകൾ. അംബരതലം = ആകാശം. അംബുധി = സമുദ്രം. ലംഘനസമയസമുദ്ധൂതം = ചാടുന്ന സമയത്തു് വലുതായ. വിന്ധ്യമഹാചലശിഖരം = വിന്ധ്യമഹാപർവ്വതത്തിൻെറ കൊടുമുടി. വിരണ്ടു് = പരിഭ്രമിച്ചു്. തദാനീം = അപ്പോൾ. ലക്ഷ്മണപൂർവ്വജൻ = ശ്രീരാമൻ. രാക്ഷസ......ശനൻ = രാക്ഷസവംശമാകുന്ന പാറകൾക്കു് അഗ്നിയായവൻ.(രൂപകം) ജനകസുതാപതിദൂതൻ = രാമദൂതൻ. ജാനകി......മഹാത്മൻ = സീതയുടെ മനസ്സാകുന്ന താമരപ്പൂവിനു് സൂര്യനായ മഹാത്മാവു്. ജലരാശിവിലംഘനൻ = സമുദ്രലംഘനം ചെയ്തവൻ.

"വലിതതര.........വിചിത്രം" സ്വഭാവോക്തി — ഉപമ.

(ഹിമാലയതുല്യമായ ശരീരം, കൊടിമരംപോലെ നീണ്ടു തടിച്ച വാൽ, ചെമ്പുകിടാരംപോലെ ചുവന്ന കണ്ണുകൾ, ചന്ദ്രക്കലപോലെ വളഞ്ഞ ദന്തനിര, ഇളകുന്ന സടകളോടുകൂടിയ ഭീകരമുഖം, ഇരുമ്പുലക്കപോലെ തടിച്ചു നീണ്ട കൈകൾ, മൂർച്ചയുള്ള കൈനഖങ്ങൾ, ഉറച്ച കഴുത്തു്, പർവ്വതതുല്യമായ മാറിടം, വയർ, ലങ്കയിലെ ഗോപുരവും മതിലുകളും തകർത്ത കണങ്കാലുകൾ, രാക്ഷസരെ ചവിട്ടിയരച്ച പാദങ്ങൾ, ചന്ദ്രശുഭ്രമായ ശരീരം. ഇങ്ങനെ ഹനുമാൻ തൻെറ വിശ്വരൂപം പ്രദർശിപ്പിച്ചു. ഈ ഖണ്ഡത്തിലെ ഉപമകൾ ശ്രദ്ധിക്കുക.)

"അംബര..........മെന്നതുപോലെ — ഉപമ.

"വെണ്മയിലൊരു .........കണക്കേ" — ഉൽപ്രേക്ഷ.

ചോദ്യങ്ങൾ: —

1. "മാനമുള്ളാളുകൾ..........പാണ്ഡവ"

ആരെയാണു് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളതു്. അവരുടെ അഭിമാനിക്കത്തക്ക എന്തു് കാര്യമാണു് ചെയ്തതു്?

2. "പാരം നിനക്കമഹംഭാവമിങ്ങനെ". ആർക്കു്? എങ്ങിനെയുള്ള അഹംഭാവം?

Digitized By Kerala Sahitya Akademi

3. കണ്മിഴികളിലമ്പൊടു കണ്ടു വൃകോദരവീരൻ"—
ആരെ? ഏതു രൂപത്തിൽ?

ചോദ്യം:— II സന്ദർഭവും സാരവും എഴുതുക.

1. "പക്ഷീന്ദ്രനുണ്ടു.........മഹാഭാവമിങ്ങനെ.
(ഇവിടെ ഉപമാലങ്കാരം)

2. അംബര.........വൃകോദരവീരൻ"

ചോദ്യം:—III

1. മർക്കടന്മാരിൽ മൂഷ്ക്കരന്മാരുണ്ടെന്നു ഹനൂമാൻ പറഞ്ഞതും ഭീമൻ അതിനു മറുപടി നൽകിയതും ഒരു ഖണ്ഡികയിൽ വിവരിക്കുക.

2. ഹനൂമാന്റെ വിശ്വരൂപം.

901—1000 വാരിധിഗംഭീരൻ = സമുദ്രംപോലെ ഗംഭീരൻ. വരഗുണഗണസാരൻ = ശ്രേഷ്ഠഗുണങ്ങളുടെ സാരമായവൻ. നിസ്സീമമരണവിലോപൻ = മരണഭയമില്ലാത്തവൻ. താഡിതദശവദനൻ = രാവണനെ അടിച്ചവൻ. തരുനികരകൃതസദനൻ = മരങ്ങളിൽ താമസിക്കുന്നവൻ. പാടലസുമവദനൻ = പാച്ചോററിപ്പൂപോലുള്ള മുഖത്തോടു കൂടിയവൻ. പരിഹൃതരിപുദഹനൻ = ഇല്ലാതാക്കപ്പെട്ട ശത്രുക്കളാകുന്ന തീയോടുകൂടിയവൻ. ചരണം = കാലടി. ഹസ്തം = കൈ. ആപാദമസ്തകം = കാലുമുതൽ ശിരസ്സുവരെ. മൂൎദ്ധാവു് = ശിരസ്സ്. മാൎത്താണ്ഡശിഷ്യൻ = സൂര്യന്റെ ശിഷ്യൻ.

രാമായണകഥാഖ്യാനം— കാമസംപ്രാപ്തി = ആഗ്രഹസിദ്ധി ബാധ = തടസ്സം. ക്ഷേമോദയം = ക്ഷേമകരം. സത്രം = യാഗം. ബഹ്വാവലേപം = അഹങ്കാരത്തോടെ. മഖം = യാഗം. ഭാൎഗ്ഗവരാമൻ = പരശുരാമൻ. സാകേതം = അയോദ്ധ്യ. സീതയാസാകം = സീതയോടുകൂടി. ഭവ്യൻ = ശ്രേഷ്ഠൻ. കൈവല്യം = മോക്ഷം. വൽക്കലം = മരവുരി. തരിപ്പു് = കടന്നു്. വചിച്ചു = പറഞ്ഞു. പാദകം = മെതിയടി. ഛേദനംചെയ്യുക = മുറിക്കുക.

Digitized By Kerala Sahitya Akademi

ത്രിശിരാവു് = ത്രിശിരസ്സ്.. സായകം = അമ്പ്. ദശഗ്രീവൻ = രാവണൻ. മട്ടോൽമൊഴി = തേന്മൊഴി. ഗൃദ്ധ്രൻ = കഴുകൻ (ജടായു) വ്യഗ്രത = ദുഃഖം. (ഒരൊററ അമ്പുകൊണ്ടു് സപ്തസാലങ്ങളെ മുറിച്ചു് താൻ ബാലിവധത്തിനു് കഴിവുള്ളവനാണെന്നു് രാമൻ സുഗ്രീവനെ ബോധ്യപ്പെടുത്തി.)

ചോദ്യം:—I

1) "മുഖ്യാവു തൊട്ടങ്ങനുഗ്രഹിച്ചീടിനാൻ"—ആർ, ആരെ? എങ്ങിനെ?

1001 —1100: തെരികെന്നു് = വേഗത്തിൽ. അരക്കൻ = രാക്ഷസൻ. രാമാംഗുലീയകം = രാമൻെറ മോതിരം. കടുത്തു = വർദ്ധിച്ചു. സംപ്രഹാരം = യുദ്ധം. അമർത്ത്യവൈരി = രാക്ഷസൻ. ഭൂരിസേന = വലിയ സൈന്യം. സേതുബന്ധനം = അണക്കെട്ടു്. യാതുക്കാം = രാക്ഷസന്മാർ.

(ഏതുമേ.........സംശയമില്ല.)

രാമൻ നിർമ്മിച്ച (രാമസേതു) രാക്ഷസന്മാക്കു് ധൂമകേതുവും സജ്ജനങ്ങൾക്കു് പുണ്യസ്ഥലവുമായിത്തീർന്നു — അലങ്കാരം

ഉല്ലേഖം — "ഉല്ലേഖമൊന്നിനെത്തന്നെ
പലതായി നിനക്കുകിൽ

ഉർദ്ധ്വമാവുക = മരിക്കുക. നിലിമ്പാരി = രാക്ഷസൻ. കംഭീന്ദ്രവിക്രമൻ = ഗജപരാക്രമി. ദിവംപൂകുക = സ്വർഗ്ഗം പ്രാപിക്കുക. അണ്ടർകോൻ = ഇന്ദ്രൻ. പ്രശസ്തം = പ്രസിദ്ധമായ. സാധ്യം = സാധിക്കേണ്ടവ. പങ്കേരുഹാക്ഷൻ = താമരക്കണ്ണൻ. സന്ത്യജ്യ = ഉപേക്ഷിച്ചു്. ഗിര് = വാക്കു്. വണ്ടാർകുഴൽമണി = വണ്ടിൻചാർത്തുപോലുള്ള മുടിയോടുകൂടിയവരിൽ രത്നം. (സുന്ദരീരത്നം) കൊണ്ടാടിയീല = ആദരിച്ചില്ല. (രണ്ടാമതും അഗ്നിപ്രവേശം വേണമെന്ന രാമാജ്ഞ സീത ആദരിച്ചില്ല.) അന്തണൻ = ബ്രാഹ്മണൻ. യന്ത്രിച്ചു് = നിയന്ത്രിച്ചു് (രാമൻ യമനോടു് ചെ

Digitized By Kerala Sahitya Akademi

ച്ഛ സത്യം പരിപാലിക്കാൻ ലക്ഷ്മണനെ ഉപേക്ഷിച്ചു. സൎവ്വ വും ത്യജിച്ച് സരയൂതീരത്തിലെത്തി ഈശ്വരചിന്തയിൽ മുഴുകി യ ലക്ഷ്മണനെ ഇന്ദ്രൻ സ്വൎഗ്ഗത്തിലേക്ക് കൊണ്ടുപോയി. ത്രൈലോക്യനാഥൻ = മൂപ്പാരിന്നും നാഥൻ. ആകൎണ്ണനംചെയ്ക = കേൾക്കുക. സൽക്കഥാസംവാദം = സൽക്കഥ പറയൽ.

1101—1250: വിത്തേശരാജൻ = കുബേരൻ. പുഷ്കരിണി = താമരപ്പൊയ്ക. വക്കാണമേല്ക്കുക = കലഹിക്കുക. കൃഷ്ണൻ = ദൃഷ്ടൻ. വ്യാഘ്രം = പുലി. വിത്തേശവാപി = കുബേരന്റെ പൊയ്ക.

"പുഷ്കരമായ ...... മണ്ഡനമുമ്പോലെ — ഉപമ

സൗഗന്ധികപ്പൊയ്ക: കല്ലോലജാലം = തിരമാലക്കൂട്ടം. കമലമണിനിറമുടയ = പത്മരാഗത്തിന്റെ നിറമുള്ള. കമലം = താമര. കല്യാണിമാർ = സുന്ദരിമാർ. പൊലിമ = ഭംഗി. ചഞ്ചലജലവടിവ് = ഇളകുന്ന വെള്ളത്തിന്റെ ഭംഗി. അന്നം = അരയന്നം. അനവരതം = ഇടവിടാതെ. നടനം = നൃത്തം. ചഞ്ചലമലർമിഴികൾ = ഇളകുന്ന പുഷ്പത്തിന്റെ ഇതൾപോലുള്ള മിഴികളോടുകൂടിയവർ. മത്തഭൃംഗോദ്യൽപ്രയാണങ്ങൾ = മദിച്ച വണ്ടുകളുടെ ഉയരത്തിലുള്ള പറക്കൽ. മലർമധുരതരുനിരകൾ = പൂക്കളെക്കൊണ്ട് മനോഹരമായ വൃക്ഷങ്ങൾ. സത്സംഗം = നല്ലവരോടുള്ള ചേർച്ച. സരസിരുഹം = താമര. ചഞ്ചലതരുണികൾ = സുന്ദരികളായ യുവതികൾ. സരസരതി = രസകരമായ കാമകേളി. നക്രം = മുതല. ചഞ്ചലമതിവടിവ് = ഇളകുന്ന ചന്ദ്രന്റെ ആകൃതി. വക്രം = വളഞ്ഞ. ഗന്ധദ്വിപം = മദയാന. ഗളഗളിതവരരണിതകളപൊലിമ = കണ്ഠത്തിൽനിന്ന് പുറപ്പെടുന്ന മനോഹരശബ്ദത്തിന്റെ മാധുര്യം. ഗഗനചരകുലം = ദേവസമൂഹം. ഉപരി = മുകളിൽ. കല്ഹാരപുഷ്പം = സൗഗന്ധികപുഷ്പം. പുളിനം = മണൽത്തിട്ട്. നളിനി = താമരപ്പൊയ്ക. വിഹരണം = കളി. മാരാരിക്കൂറ്റൻ = ശിവന്റെ കാള. മദനൻ = കാ

Digitized By Kerala Sahitya Akademi

മൻ. മകരം = മത്സ്യം ആദിദേവൻ = സൂര്യൻ. തുരഗം = കുതിര. രജനീചരവസതി = രാക്ഷസരുടെ വീട്. ഇംഗിതം ചേരുന്ന = ഇഷ്ടത്തിനൊത്ത.

സൗഗന്ധികപുഷ്പാഹരണം:—

പുഷ്പവാടി = ഉദ്യാനം. മോടി = ഭംഗി. വാരിജം = താമര. കോടിസാരസങ്ങൾ = അനവധി താമരകൾ. സാരസം = വണ്ടാരംകോഴി. ചാരുത: = ഭംഗി. (ഭീമൻ പൊയ്കയിൽ ഇറങ്ങിയപ്പോൾ ചക്രവാകം തുടങ്ങിയ പക്ഷികൾ ഭയപ്പെട്ട് പറന്നുപോയി.)

കാവൽക്കാരുമായുള്ള യുദ്ധം: ഭീമനെകണ്ട് കാവൽക്കാർ ചോദിക്കുന്നു. ധനേശ്വരൻ = കുബേരൻ. വ്യാഥാഫലം = നിഷ്ഫലം. കുബേരന് ഒമ്പത് നിധികളുണ്ടത്രെ — പത്മം, മഹാപത്മം, ശംഖം, മകരം, കച്ഛപം, മുകുന്ദം, കുന്ദം, നീലം, ഖർവ്വം — പൊൻപൂവ് = സൗഗന്ധികം. കൊററിന് = ഭക്ഷണത്തിന്. ഭൂഷണക്കാർ = ഏഷണിക്കാർ. വെടിഞ്ഞ് = ഉപേക്ഷിച്ച്.

(കാവൽക്കാരുടെ ഈ സംഭാഷണങ്ങളിൽനിന്ന് അക്കാലത്തെ കൊട്ടാരങ്ങളിലെ നടപ്പിരുപ്പുചട്ടങ്ങൾ മനസ്സിലാക്കാം. കുബേരന് 100 ഭാര്യമാർ. അവർക്ക് സൗഗന്ധികം കൊണ്ടുകൊടുക്കാൻ കാവൽക്കാർ. അവരെക്കുറിച്ച് ഏഷണിക്കാർ രാജാവിനോട് എന്തു പറഞ്ഞാലും കുഴപ്പമില്ല. ഈ പത്നിമാർ കാവൽക്കാർക്കെതിരായി ഒന്നും പറയുന്നതല്ല. രാജാവോ, രാജ്ഞിമാർ പറയുന്നതല്ലാതെ മറെറാന്നും കേൾക്കുകയുമില്ല.)

കൊട്ടാരത്തിലെ സിൽബന്ധികളുടെ കുസൃതികളും മററും തുടർന്ന് വിവരിക്കുന്നു. ലന്തക്കുഴൽക്കാർ = തോക്കുകാർ. അന്തികം = അടുത്ത്. ശംഖസഖൻ = കുബേരൻ.

ചോദ്യം I:

1) "മുഷ്കരമായ ..........വൃകോദരാ!" ഇതിനെ ഏതിനോടുപമിച്ചിരിക്കുന്നു?

Digitized By Kerala Sahitya Akademi

2) "ഭീഷണികൊണ്ടു് ഭയമില്ല ഞങ്ങൾക്കു്"—ആരുടെ ഭീഷണികൊണ്ടു്? എന്താണു് ഭയമില്ലെന്നു പറയുന്നതു്?

ചോദ്യം: സന്ദർഭവും സാരവും എഴുതുക:—

1) വ്യാഘ്രം............ലഭിക്കെടോ?
2) പെൺപിറന്നോർ..........നിശ്ചയം
3) "പൊൻപൂവു............സംസാരമില്ലെടോ?

ചോദ്യം: സൗഗന്ധികപ്പൊയ്കയുടെ മനോഹാരിത ഒരു ഖണ്ഡികയിൽ വിവരിക്കുക:

കാവൽക്കാർ ഭീമനോടു് പറഞ്ഞതെന്തെല്ലാം? (1 ഖണ്ഡിക)

1251—1350: കിങ്കരന്മാർ = ഭൃത്യന്മാർ. ധാവനംചെയ്ക = ഓടുക. മുഞ്ഞി = മുഖം ചാക്കു് = മരണം. രാജരാജൻ = കുബേരൻ. ചിളെന്നു് = വേഗത്തിൽ. ശക്രൻ = ഇന്ദ്രൻ. ദിക്കുംഭികുംഭം = ദിഗ്ഗജങ്ങളുടെ മസ്തകം. വിരുതൊഴിപ്പിക്കുക = വിദ്യ അവസാനിപ്പിക്കുക. സന്നാഹം = ഒരുക്കം. പങ്കജസംഭവൻ = ബ്രഹ്മാവു്. അഷ്ടി = ഭക്ഷണം. മണ്ടലി = മണ്ണുകൊണ്ടുള്ള ജലപാത്രം. വിരിഞ്ചൻ = ബ്രഹ്മാവു്.

(ചട്ടികലങ്ങളുണ്ടാക്കുന്ന കുശവനും, പ്രപഞ്ചം സൃഷ്ടിക്കുന്ന ബ്രഹ്മാവും ഒരുപോലെയാണോ? ശാപ്പാടിനുവേണ്ടി ചട്ടിയുണ്ടാക്കുന്ന കുശവന്റെ അഹംഭാവം ചെറുതല്ല. താൻ ബ്രഹ്മതുല്യനാണെന്നവൻ ഭാവിക്കുന്നു. അതുപോലെ ജനങ്ങളെല്ലാം സമന്മാരാണെന്നു കരുതുന്നതു ശരിയല്ല.)

"അക്കനെ.........നിന്റെ പരാക്രമം—ഉപമ.

ഇളിബിളാസുതൻ = കുബേരൻ ഇളിബിള എന്നതു് കുബേരന്റെ അമ്മയുടെ പേർ. വചിച്ചു = പറഞ്ഞു.

ചോദ്യം:—1. തല്ലുകൊണ്ടീടിന കിങ്കരന്മാരുടെ അവസ്ഥകൾ എന്തെല്ലാം?

Digitized By Kerala Sahitya Akademi

2. ഭീമനു് ആരെപ്പോലെ കരുത്തുണ്ടെന്നാണു് കാവല്ക്കാരുടെ അഭിപ്രായം.

3. സന്ദർഭവും സാരവും വ്യക്തമാക്കുക.

1. കാലനും കൂടെത്തടുപ്പാൻ വശമില്ല.

2. ചാക്കുമാത്രം പുനരാക്കും ലഭിച്ചീല.

3. എന്നതുപോലെ.........മഹാഭാവം.

ചോദ്യം:— ക്രോധവശന്റെ അടുത്തുചെന്നു് കാവൽക്കാർ പറഞ്ഞ ആവലാതിയും, അതു് കേട്ടു പുറപ്പെട്ട രാക്ഷസന്റെ പോരിനു വിളിയും ഒരു ഖണ്ഡികയിൽ വിവരിക്കുക.

1351—1396. മത്തർ = മദിച്ചവർ. ഉത്തരാശാവരൻ = വടക്കുദിക്കിന്റെ നാഥൻ. (കുബേരൻ.) പത്തനം = ഭവനം (പട്ടണം) മൽപത്തനേ = എന്റെ ഭവനത്തിൽ. കരസ്ഥമാക്കുക = കൈക്കലാക്കുക. യക്ഷനാഥൻ = യക്ഷരാജാവു്. പക്ഷം = ഭാഗം. ക്ഷിപ്രം = വേഗം. ഗന്ധമാദമരണ്യം = ഗന്ധമാദപർവ്വതത്തിലെ വനം. മഹാരഥൻ = പതിനായിരം ഭടന്മാരെ തേരിൽനിന്നു് എതിർക്കുന്ന വില്ലാളിയെ മഹാരഥനെന്നു പറയുന്നു. പത്തിലൊന്നു കുറവുള്ള നിധി = ഒമ്പതു നിധി. കല്യാണസൗഗന്ധികാർപ്പണം = മംഗളകരമായ സൗഗന്ധികപുഷ്പത്തിന്റെ സമർപ്പണം. കല്യാണം = ശുഭം, മംഗളം.

ചോദ്യം:—സന്ദർഭം വിവരിച്ചു് ആശയം വ്യക്തമാക്കുക.

1. "തന്നെക്കാറം.........നീ ധരിച്ചാലും"

2. പക്ഷികൾക്കൊരുപോലെ ഭക്ഷിപ്പാൻ വകയാക്കും."

ചോദ്യം: തന്നെ അധിക്ഷേപിച്ച രാക്ഷസനോടു് ഭീമൻ പറഞ്ഞ മറുപടിയെന്തു്? (ഒരു ഖണ്ഡിക)

Digitized By Kerala Sahitya Akademi

**A. B. C.** യുടെ

# പുരാണ കാവ്യ വ്യാഖ്യാനങ്ങൾ

വ്യാഖ്യാതാ :

**വി. കെ. എഴുത്തച്ഛൻ** എം. എ.

**PRE-DEGREE**

1 സുന്ദരകാണ്ഡം (കിളിപ്പാട്ട്) ... 3

2 കല്യാണസൗഗന്ധികം (തുള്ളൽ) ... 3

**B. A. B. Sc.**

3 രുഗ്മിണീ സ്വയംവരം (കൃഷ്ണഗാഥ) ... 2 0

4 കേശവീയം (1-ഉം 2-ഉം സർഗ്ഗങ്ങൾ) ... 2 50

5 നളചരിതം (ആട്ടക്കഥ) Under Printing

Digitized By Kerala Sahitya Akademi